www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 1 | Issue 21 | January 15-31 2007

## ആലുവ തൃക്കുന്നത്ത് സെമിനാരി ജനുവരി 26 ന് ആരാധനയ്ക്കായി തുറന്നുതരണം: ശ്രേഷ്ഠ ബാവ

ആലുവ തൃക്കുന്നത്ത് സെമിനാരിയും പള്ളിയും യാക്കോബായ സഭയ്ക്ക് മാത്രം അവകാശപ്പെട്ടതാണെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പ്രസ്താവിച്ചു. പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മദിവസമായ ജനുവരി 26 ന് പള്ളി ആരാധനയ്ക്കായി തുറന്ന് തരണമെന്ന് ബാവ ആവശ്യപ്പെട്ടു. പള്ളി സ്ഥാപിച്ച അമ്പാട്ട് മോർ കൂറിലോസ്, സെമിനാരി സ്ഥാപിച്ച കടവിൽ പൗലോസ് മോർ അത്തനാസ്യോസ്, പരി. പൗലോസ് മോർ അത്തനാസ്യോസ് തിരുമേനി, വയലിപ്പറമ്പിൽ ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് തുടങ്ങിയ പിതാക്കന്മാർ സെമിനാരി അധിപന്മാരായിരുന്ന അങ്കമാലി ഭദ്രാസനത്തിലെ മുൻമെത്രാപ്പോലീത്തന്മാർ എല്ലാവരും തന്നെ പരി. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടവരും അംഗീകരിക്കപ്പെട്ടിട്ടുള്ളവരുമാണ്. ഇവരുടെയെല്ലാം യഥാർത്ഥ പിൻഗാമി അങ്കമാലി ഭദ്രാസനത്തിലെ ഇപ്പോഴത്തെ മെത്രാപ്പോലീത്ത ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ, പരിശുദ്ധ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. സെമിനാരി സ്ഥാപകനായ കടവിൽ പൗലോസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്ത സെമിനാരി നടത്തിപ്പിനായി ട്രസ്റ്റ് രൂപികരിച്ച് വിൽപത്രമായി വടക്കൻപറവൂർ സബ് രജിസ്ട്രാർ ആഫീസിൽ 1708 വൃശ്ചികം 7 ന് ഒന്നാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരി. പാത്രിയർക്കീസ് ബാവായുടെ കീഴിൽ അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത എന്ന നിലയിലാണ് വിൽപത്രം രജിസ്റ്റർ ചെയ്തിക്കുന്നത്. അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന വയലിപ്പറമ്പിൽ ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് 1123 മിഥുനം ഏഴിന് അങ്കമാലി രജിസ്ട്രാർ ആഫീസിൽ 19-ാം നമ്പരായി വിൽപത്രം രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിൽപത്രപ്രകാരം അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്ത പരി. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യേണ്ടതാണ്.

തൃക്കുന്നത്ത് സെമിനാരി സ്ഥാപിച്ച കടവിൽ പൗലോസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്തയുടെ വിൽപത്രപ്രകാരം സെമിനാരിയുടെ അവകാശം പരി. പാത്രിയർക്കീസ് ബാവായുടെ കീഴിലുള്ള മെത്രാപ്പോലീത്തായ്ക്കും അങ്കമാലി ഭദ്രാസനത്തിലെ ഇടവക പള്ളികൾക്കുമാണ്. പരി. പാത്രിയർക്കീസ് ബാവായുടെ അംഗീകാരമുള്ള ഇപ്പോഴത്തെ മെത്രാപ്പോലീത്ത ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ മാത്രമാണ്. വിൽപത്രപ്രകാരം സെമിനാരിയുടെ അവകാശം അങ്കമാലി ഭദ്രാസനത്തിലെ മെത്രാൻകക്ഷി വിഭാഗത്തിലെ വെറും 17 പള്ളികൾക്കല്ല, മറിച്ച് യാക്കോബായ സഭയിലെ 200-ൽപരം പള്ളികൾക്കാണ്. അതുകൊണ്ട് തൃക്കുന്നത്ത് സെമിനാരി ഇപ്പോഴത്തെ സൂക്ഷിപ്പുകാരിൽനിന്ന് യഥാർത്ഥ അവകാശികളായ യാക്കോബായ സഭയ്ക്ക് ലഭിക്കേണ്ടതാണ്. സെമിനാരി സ്ഥാപിച്ച കടവിൽ പൗലോസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്തയുടെ ചരമശതാബ്ദി വർഷമായ 2007 ൽ ആലുവ പള്ളി തുറന്ന് യാക്കോബായ സഭയ്ക്ക് നൽകുവാൻ ഗവൺമെന്റ് നടപടി എടുക്കണം.

ആലുവ തൃക്കുന്നത്ത് സെമിനാരി സ്ഥാപനകാലം മുതൽ പാത്രിയർക്കീസ് പക്ഷത്തിന്റെ മാത്രം അവകാശത്തിലും കൈവശത്തിലുമാണെന്ന് വെളിപ്പെടുത്തിയ, 35 ൽപരം വർഷം മാനേജരും വികാരിയുമായി പ്രവർത്തിച്ച ഓർത്തഡോക്സ് സഭയിലെ വന്ദ്യ മണ്ണാറപ്രായിൽ ജേക്കബ് അച്ചന്റെ പ്രസ്ഥാവന അർത്ഥവത്താണ്. കോറെപ്പിസ്കോപ്പ അച്ചൻ ഈ സത്യം നേരത്തെ വെളിപ്പെടുത്തിയിരുന്നെങ്കിൽ ആലുവായിൽ നടന്ന വേദാജനകവും ദുഖകരവുമായ പല സംഭവങ്ങളും ഒഴിവാക്കാമായിരുന്നു.

വിശ്വാസസംരക്ഷകൻ



ഞങ്ങളുടെ കാവൽപിതാവ് പരി. പൗലോസ് മോർ അത്തനാസ്യോസ് വലിയ തിരുമേനിയുടെ തൃപ്പാദത്തിങ്കൽ വിശ്വാസസംരക്ഷകൻ പ്രവർത്തകരുടെ ആയിരമായിരം പ്രണാമങ്ങൾ. പരിശുദ്ധ വലിയ തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

## കുര്യാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ്

മലങ്കര യാക്കോബായ സുറിയാനിസഭയിലെ ക്നാനായ ഭദ്രാസന അധിപൻ കുര്യാക്കോസ് മോർ സേവേറിയോസിനെ പരി. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് ക്നാനായ ഭദ്രാസനത്തിന്റെ പ്രഥമ ആർച്ച് ബിഷപ്പായി നിയമിച്ചു. ഇത് സംബന്ധിച്ചുള്ള ക്ലപന ചിങ്ങവനത്തെ ഭദ്രാസന ആസ്ഥാനത്ത് ലഭിച്ചു. ക്നാനായ അതിഭദ്രാസനത്തിന്റെ പ്രധാന മെത്രാപ്പോലീത്ത സ്ഥാനവും മോർ സേവേറിയോസിന് നൽകി. ക്നാനായ ഭദ്രാസനത്തിലെ ആദ്യത്തെ ആർച്ച് ബിഷപ്പാണ് മോർ സേവേറിയോസ്.



വൈദീക പാരമ്പര്യത്താൽ പ്രശസ്തമായ കോട്ടയം ഇടവഴിയ്ക്കൽ കുടുംബത്തിൽ കുഞ്ഞവറാച്ചന്റെയും മറിയാമ്മയുടെയും പുത്രനായി 1959 മെയ് 21 ന് ജനിച്ചു. ഇടവഴിയ്ക്കൽ കുടുംബത്തിലെ രണ്ടാമത്തെ മെത്രാപ്പോലീത്തയാണ് മോർ സേവേറിയോസ്. ക്നാനായ ഭഗ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായ ഗീവറുഗീസ് മോർ സേവേറിയോസ്, പ്രശസ്ത സഭാ ചരിത്രകാരനും മലങ്കര മെത്രാപ്പോലീത്തയായിരുന്ന പുലിക്കോട്ടിൽ മോർ ദിവന്നാസ്യോസിന്റെ സെക്രട്ടറിയായിരുന്ന മൺമറഞ്ഞുപോയ ഇ.എം. ഫിലിപ്പ് എന്നിവർ ഇടവഴിയ്ക്കൽ കുടുംബാംഗങ്ങളാണ്.

ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽനിന്ന് ചരിത്രത്തിൽ ബി.എ.യും കോട്ടയം സി.എം.എസ്. കോളേജിൽ

ശേഷം രണ്ടാം പേജിൽ

## ശ്രേഷ്ഠ ബാവ 'മലങ്കരയുടെ യാക്കോബ് ബർദോനോ'



അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും പരി.പാത്രിയർക്കാ ബാവ തിരുമനസുകൊണ്ട് ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവായ്ക്ക് മലങ്കരയുടെ യാക്കോബ് ബർദോനോ സ്ഥാനം നൽകി അനുഗ്രഹിച്ചിരിക്കുന്നു. പരി.ബാവ തിരുമനസിലെ ശ്ലൈഹീക കൽപന ഫെബ്രു.12 ന് മഞ്ഞനിക്കര ദയറായിൽ വച്ച് വായിക്കുകയും സ്ഥാനചിഹ്നങ്ങൾ അണിയിക്കുകയും ചെയ്യും.

## കാതോലിക്കാപക്ഷം 1934 ഭരണഘടന വ്യാജമായി തിരുത്തി

വിശ്വാസസംരക്ഷകൻ ന്യൂസ് ബ്യൂറോ

വി. വേദപുസ്തകത്തേക്കാൾ കാതോലിക്കാ പക്ഷം പ്രാധാന്യം കൊടുക്കുന്ന 1934 ഭരണഘടന, ദേവലോകം കാതോലിക്കേറ്റ് പ്രസ്സിലെ ജീവനക്കാരുടെ സഹായത്തോടെ തിരുത്തി നടപ്പിൽ വരുത്തിയിരിക്കുന്നു.

കാതോലിക്കാപക്ഷം അവരുടെ ഭരണഘടനയുടെ 98-ാം വകുപ്പ് അനധികൃതമായിയാണ് തിരുത്തിയത്. കാതോലിക്കാ പക്ഷ ഭരണഘടനയുടെ 126 & 127 വകുപ്പുകൾ പ്രകാരം ഭരണഘടനയിലെ ഏതെങ്കിലും വകുപ്പുകൾ കാലാനുസൃതമായി ഭേദപ്പെടുത്തണമെങ്കിൽ റൂൾ കമ്മിറ്റി, ഭേദപ്പെടുത്തേണ്ട വകുപ്പുകൾ, മാനേജിംഗ് കമ്മിറ്റിയിൽ സമർപ്പിച്ച് അനുമതി വാങ്ങിയ ശേഷം അസോസിയേഷൻ യോഗത്തിലും സുന്നഹദോസിലും പാസ്സാക്കിവേണം നടപ്പിൽ വരുത്തുവാൻ. എന്നാൽ ഇപ്പോൾ എല്ലാ മാനദണ്ഡങ്ങളെയും കാറ്റിൽ പരത്തികൊണ്ടാണ് 98-ാം വകുപ്പ് തിരുത്തിയിരിക്കുന്നത്. **ഡി. മലങ്കര മെത്രാപ്പോലീത്ത വകുപ്പ് നമ്പർ 98 'കാതോലിക്ക, മലങ്കര മെത്രപ്പോലീത്താ സ്ഥാനം കൂടി വഹിക്കാവുന്നതാകുന്നു'**




എന്ന ഭാഗം നേരായ മാർഗത്തിലൂടെയല്ലാതെ **കാതോലിക്ക മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കൂടി വഹിക്കുന്നതാകുന്നു** എന്ന് തിരുത്തിയിരിക്കുന്നു.

കോട്ടയം കാതോലിക്കേറ്റ് ഓഫീസിലെ സീലോട് കൂടി ഔദ്യോഗികമായി ഇപ്പോൾ വിതരണം നടത്തുന്ന ഭരണഘടന ഇപ്രകാരം തിരുത്തൽ വരുത്തിയ 'വ്യാജ ഭരണഘടനയാണ്'. തികച്ചും യാഥൃശ്ചികമായ ഒരു 'അച്ചടി പിശക്' എന്ന് നിർവ്വചിക്കാൻ സാധ്യമല്ലാത്ത വിധം കാതോലിക്കാ പക്ഷം കരുതികൂട്ടി നടത്തിയ ഒരു തിരിമറിയാണിത് എന്ന് സാമാന്യ ബോധമുള്ള ആർക്കും മനസ്സിലാകും. ഏത് കുറ്റവാളിയും, കുറ്റകൃത്യം നടത്തിയ സ്ഥലത്ത് ഒറു തെളിവ് ശേഷിപ്പിച്ചിരിക്കും എന്ന് പറയുന്നതുപോലെ ഇവിടെയും കാതോലിക്കാ വിഭാഗം ഒരു തെളിവ് അവശേഷിപ്പിച്ചാണ് തിരിമറി നടത്തിയിരിക്കുന്നത്. 98-ാം വകുപ്പിന്റെ അവസാനഭാഗത്ത് പറയുന്നത് കാതോലിക്കയും മലങ്കര മെത്രാനും

ശേഷം രണ്ടാം പേജിൽ

# വഹിക്കാവുന്നതും : വഹിക്കുന്നതും

'വഹിക്കാവുന്നത്' എന്നതും 'വഹിക്കുന്നതാണ്' എന്നതും രണ്ട് അർത്ഥവ്യാപ്തിയുള്ള പദങ്ങളാണ്. കാതോലിക്കാപക്ഷ ഭരണഘടന (98) പറയുന്നത് 'കാതോലിക്കായ്ക്ക്, മലങ്കര മെത്രാപ്പോലീത്ത സ്ഥാനം കൂടി വഹിക്കാവുന്നതാണ്' എന്നാണ്. കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും രണ്ട് പദവികളാണ്. തിരഞ്ഞെടുക്കപ്പെട്ടാൽ ആ കാതോലിക്കായ്ക്ക് മലങ്കര മെത്രാൻ സ്ഥാനവും വഹിക്കാം. അല്ലാത്തപക്ഷം ഏതെങ്കിലും ഒരു മേൽപട്ടക്കാരന് വേണമെങ്കിലും മലങ്കര മെത്രാൻ സ്ഥാനം വഹിക്കാം. ചുരുക്കത്തിൽ ഏത് മേൽപട്ടക്കാരന് വേണമെങ്കിലും മലങ്കര മെത്രാൻ സ്ഥാനത്തിന് മത്സരിക്കാം. കാതോലിക്കായ്ക്കും ഈ സ്ഥാനത്തിന് മത്സരിക്കാം. ജയിക്കുന്ന ആൾ മലങ്കര മെത്രാപ്പോലീത്തയായിത്തീരും. കാതോലിക്ക ആകുന്ന ആൾക്ക് ലഭിക്കുക ആത്മീയ അധികാരം മാത്രവും മലങ്കര മെത്രാന് ലഭിക്കുന്നത് സഭാ സ്വത്തുക്കളുടെ ഭരണാധികാരവും ആയിരിക്കും. വട്ടശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്ത സ്ഥാനം വഹിച്ചപ്പോൾ വാഴിക്കപ്പെട്ട കാതോലിക്കമാർ വെറും നോക്കുകുത്തികൾ ആയി മാറി. ഗീവറുഗീസ് രണ്ടാമൻ ബാവയുടെ കാലത്ത് വട്ടശേരിൽ തിരുമേനിയുമായി സഭാ ഭരണം സംബന്ധിച്ച് അധികാര വടംവലി നിലനിന്നിരുന്നു എന്ന് 2 M പാറേട്ട് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇനി 'വഹിക്കുന്നതാണ്' എന്ന പദത്തിന്റെ അർത്ഥം നോക്കാം.

'കാതോലിക്ക, മലങ്കര മെത്രാപ്പോലീത്ത സ്ഥാനം കൂടി വഹിക്കുന്നതാണ്' എന്നാക്കിയാണ് കാതോലിക്കാ പക്ഷം ഇപ്പോൾ തിരുത്തിയിരിക്കുന്നത്. ഇതിൻപ്രകാരം കാതോലിക്കായ്ക്ക് മലങ്കര മെത്രാൻ സ്ഥാനം കൂടി വന്നുചേരും. മറ്റ് മേൽപട്ടക്കാർക്ക് മലങ്കര മെത്രാൻ സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ സാധ്യമല്ലാതെ വരും. കാതോലിക്കയും മലങ്കര മെത്രാനും ഒന്നാകുന്ന അവസ്ഥാ വിശേഷമാണിതുമൂലം വന്നിരിക്കുന്നത്.

1995 ലെ സുപ്രിം കോടതി വിധിപ്രകാരം സഭാ സ്ഥാനികളുടെ കാലാവധി 5 വർഷമാണ്. അൽമായ-വൈദീക ട്രസ്റ്റി സ്ഥാനത്തേയ്ക്ക് നടക്കുന്നതുപോലെ മലങ്കര മെത്രാൻ സ്ഥാനത്തിനും തെരഞ്ഞെടുപ്പ് നടക്കേണ്ടതാണ്. അങ്ങനെ തെരഞ്ഞെടുപ്പ് നടന്നാൽ കാതോലിക്ക തോൽക്കുമോ എന്ന ഭയാശങ്ക മൂലമാണ് ഭരണഘടന തിരുത്തി തെരഞ്ഞെടുപ്പിനെ നേരിടാതെ കാതോലിക്ക തന്റെ സ്ഥാനമുറപ്പിക്കാൻ ശ്രമിക്കുന്നത്.

കാതോലിക്കായും പരിവാരങ്ങളും കൂടി സ്വന്തഭരണഘടന ലംഘിച്ച് തങ്ങൾക്ക് ഓശാന പാടുന്ന ജനത്തെ 'വഹിച്ചിരിക്കുക'യാണിപ്പോൾ.

## കാതോലിക്കാ കക്ഷിക്കാർ ഉത്തരം പറയുമോ?

സ്വന്തം കക്ഷിക്കാരെയും, അസോസിയേഷനെയും, മാനേജിംഗ് കമ്മിറ്റിയേയും, വർക്കിംഗ് കമ്മിറ്റിയേയും, സുന്നഹദോസിനെയും നോക്കുകുത്തികളാക്കി കാതോലിക്കായും പാർശ്വവർത്തികളും കൂടി നടത്തിയ "നഗ്നമായ ഭരണഘടനാ ലംഘനം" കണ്ടില്ലായെന്ന് നടിക്കുവാൻ കാതോലിക്കാ പക്ഷത്തെ പ്രമുഖർക്ക് പറ്റുമോ? തങ്ങളുടെ പ്രവർത്തനങ്ങൾ സുതാര്യമാണെന്ന് പറയുന്നവർ ഭരണഘടനാ വിവാദത്തെ എങ്ങനെയാണ് നോക്കി കാണുന്നത്. ഏകപക്ഷീയമായ തീരുമാനങ്ങളുമായി മുന്നേറുകയല്ലേ വട്ടശേരിൽ തിരുമേനി മുതലുള്ള സ്ഥാനികൾ ചെയ്തുവന്നത്. അതിന്റെ പരിണത ഫലമല്ലേ ഇന്നത്തെ സഭാ കേസുകൾ. മാർത്തോമാ സിംഹാസനത്തെ ചോദ്യം ചെയ്ത മാനേജിംഗ് കമ്മിറ്റിയംഗങ്ങളെ പുറത്താക്കി സഭയെ കൈപ്പിടിയിൽ ഒതുക്കുകയല്ലേ അന്നത്തെ നിയുക്തൻ (വട്ടക്കുന്നേൽ ബാവ) ചെയ്തത്. ഭരണഘടനാ ഭേദഗതി അച്ചടിയിലൂടെ നിർവ്വഹിച്ചതിന്റെ യുക്തി കോട്ടയത്തെ കാതോലിക്ക മുതൽ താഴേയ്ക്കുള്ള സ്ഥാനികൾ ആരെങ്കിലും വിശദീകരിക്കുമോ? അത്തനാസ്യോസ്, മിലിത്തിയോസ്, നിക്കോളാവോസ് തുടങ്ങിയ കാലുമാറ്റക്കാർക്ക് എന്തെങ്കിലും പറയാനുണ്ടോ? ഇതാണോ ജനാധിപത്യത്തിലൂന്നിയ എപ്പിസ്കോപ്പസി?

നമുക്കാർക്കെങ്കിലും ഇഷ്ടമില്ലാത്ത നിയമങ്ങൾ ഉണ്ടെങ്കിൽ അത് മാറ്റി പ്രിന്റ് ചെയ്താൽ മതി എന്ന് കാട്ടിതന്ന കാതോലിക്കായ്ക്കും, അച്ചായൻമാർക്കും സ്തുതിയായിരിക്കട്ടെ!

# കാതോലിക്കാപക്ഷത്തിന്റെ കള്ളത്തരങ്ങൾ

കള്ളപ്രമാണങ്ങൾ ഉണ്ടാക്കുകയും ചരിത്രരേഖകളും ആരാധനാക്രമങ്ങളും തിരുത്തി തങ്ങളുടെ നിലപാടുകളെ ന്യായീകരിക്കുകയും മറ്റും ചെയ്യുന്നത് കാതോലിക്കാപക്ഷത്തിന്റെ സ്ഥിരം തൊഴിലാണ്.

ഇതാ ചില ഉദാഹരണങ്ങൾ

1. അമാലോഗ്യയിൽ നിന്ന് അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പേരൊഴിവാക്കി.
2. 1934 ൽ പാസ്സാക്കിയ ആദ്യപതിപ്പിൽ സഭാതലവൻ പാത്രിയർക്കീസാണ് എന്നുമാത്രം ചേർത്തിരുന്നു. സഭാ തലവൻ ഏത് പാത്രിയർക്കീസാണ് എന്ന് ജഡ്ജി ചോദിച്ചതിനാൽ സഭാ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസാണെന്ന് 1954 ൽ തിരുത്തി.
3. 1958 ലെ സഭാ സമാധാന കരാർ കാതോലിക്ക ഒപ്പിടാതെയാണ് കൊടുത്തത്. ഒപ്പിടുവാൻ വാങ്ങിയ സമാധാന കരാറിന്റെ മുകളിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന് തിരുകി കയറ്റിയതിന് ശേഷമാണ് ഒപ്പിട്ട് തിരുകി നൽകിയത്.
4. വട്ടശേരിൽ തിരുമേനി മതോപദേശസാരങ്ങൾ എന്ന കൃതിയിൽ പറഞ്ഞിരുന്നത് പട്ടത്വത്തിന്റെ മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയ്ക്കാണെന്നാണ്. ഇത് തിരുത്തി കാതോലിക്കയെ മേലധികാരിയാക്കി.
5. പരി. പത്രോസ് ശ്ലീഹായെ 'സമന്മാരിൽ മുമ്പൻ' ആക്കാൻ വീടിൻ ഭരണം ശീമോനെ എന്ന വിവാഹ കൂദാശയിലെ ഗീതം പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിന് എതിരായി വീടിൻ കാവൽ ശീമോനെ എന്നാക്കിയാണ് കാതോലിക്കാപക്ഷ വൈദീകർ ചൊല്ലുന്നത്.
6. ഒരേ കൽപന, മാർത്തോമായുടെ സിംഹാസനത്തിൽ എന്ന് ചേർത്തും വിശേഷണമില്ലാതെയും അയച്ചു.
7. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശിഹായെ ക്ഷണിച്ച് കാതോലിക്ക വാഴ്ച നടത്തി. അബ്ദുൾ മ്ശിഹ ഭരണത്തിലുണ്ടായിരുന്നപ്പോൾ നിരാകരിച്ച കാതോലിക്കാ സ്ഥാനം ചിത്തഭ്രമ ബാധിതനായപ്പോൾ നടത്തി. മലങ്കരയിൽ കക്ഷി മത്സരങ്ങൾക്ക് തുടക്കം കുറിച്ചു.
8. അബ്ദുൾ മ്ശിഹ ബാവായുടെ കൽപന Original പൂഴ്ത്തിവച്ച് വ്യാജമായി ഉണ്ടാക്കി.
9. പരി. യാക്കോബ് മൂന്നാമൻ ബാവ മലങ്കരയ്ക്ക് നൽകിയ മാർത്തോമാ ശ്ലീഹായുടെ തിരുശേഷിപ്പ് ദേവലോകം ചാപ്പലിൽ പ്രത്യേകം തയ്യാറാക്കിയ കബറിൽ സൂക്ഷിച്ചിരിക്കുന്നു. എന്നാൽ ഈ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന ഫലകത്തിൽ പാത്രിയർക്കീസ് ബാവായുടെ നാമം രേഖപ്പെടുത്താതെയും മൂസലിലെ സിറിയൻ ഓർത്തഡോക്സ് പള്ളിയുടെ പേര് തെറ്റായും ചേർത്തിരിക്കുന്നു.
10. പരുമല പള്ളിയുടെ പേര് മാറ്റുകയും പാത്രോസ് മൂന്നാമൻ ബാവ പട്ടം നൽകിയ പരുമലതിരുമേനിയെ കാതോലിക്കാ ഗ്രൂപ്പുകാരൻ ആക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.
11. മാത്യൂസ് രണ്ടാമൻ ബാവ മാർത്തോമാ സിംഹാസനം സീലിനുള്ളിലാക്കി അസോസിയേഷൻ കൽപന പത്രത്തിൽ കൊടുത്തു. അതേ കൽപന പള്ളികളിലെത്തിയപ്പോൾ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്നു.
12. കാവിൽ അത്തനാസ്യോസ് (ഒന്നാമൻ) തിരുമേനിയെ കാതോലിക്കാ ഭക്തൻ ആക്കാൻ ശ്രമിക്കുന്നത്.
13. പരി. എൽദോ ബാവായോട് പ്രാർത്ഥിക്കുവാൻ കാതോലിക്കാപക്ഷം രചിച്ച സെദ്രായിൽ പരി. എൽദോ ബാവായെ മാർത്തോമാ സിംഹാസനത്തിൽ ഇരുത്തിയിരിക്കുന്നു. പരി. എൽദോ ബാവ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായിരുന്നു എന്ന കാര്യം സൗകര്യപൂർവ്വം മറന്നിരിക്കുന്നു.
14. ദേവലോകത്തെ പ്രസ് ജീവനക്കാരെ കൂട്ടുപിടിച്ച് 98-ാം നമ്പർ ഭരണഘടനാ വകുപ്പ് തിരുത്തിയത്.

ഇങ്ങനെ അനന്തമായി തുടരുകയാണ് ദേവലോകാധിപന്റെ വികൃതികൾ. ഇത് ഇന്നും ഈ ആയുഷ്കാലത്തും തുടരുമെന്ന് വിശ്വസിക്കാം.

# കാതോലിക്കാപക്ഷം 1934 ഭരണഘടന ... 1-ാം പേജിൽനിന്ന് തുടർച്ച

രണ്ട് പേരാകുമ്പോൾ അധികാര അവകാശം സംബന്ധിച്ച് വ്യവസ്ഥയുണ്ടായിരിക്കണം എന്നാണ്. ആദ്യഭാഗം തിരുത്തിയ തിരക്കിൽ അവസാനഭാഗത്തിന്റെ കാര്യം മറന്നുപോയി.

1967 ൽ ഭേദഗതി ചെയ്ത ഭരണഘടനയുടെ പുനപ്രസിദ്ധീകരണം 1970, 74, 77, 85, 88 & 92 വർഷങ്ങളിൽ നടത്തി എന്നാണ് ഭരണഘടന പുസ്തകം പേജ് 2 ൽ കാണുന്നത്. അതായത് ഏറ്റവും പുതിയ പതിപ്പ് ഇറക്കിയിരിക്കുന്നത് 1992 ലാണ്. എന്നാൽ ഭരണഘടനയുടെ കവർ പേജിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രകാരം 1996&1997 ലെ സുപ്രിം കോടതി ഭേദഗതിയും ഉൾപ്പെടുത്തിയിരിക്കുന്നു. 1992 ൽ ഇറങ്ങിയ പതിപ്പിൽ എങ്ങനെ 1996&1997 വർഷങ്ങളിലെ കോടതി നിർദ്ദേശിച്ച ഭേദഗതികൾ വന്നു? ഇനി പഴയ പതിപ്പിൽ 'ഇത് കൂട്ടിച്ചേർത്തതാണെങ്കിൽ' അക്കാര്യം മൂടി വയ്ക്കുകയും 98-ാം വകുപ്പ് മാത്രം തിരുത്തുകയും ചെയ്തത് എന്തിനാണ്? 98-ാം വകുപ്പിലെ ആദ്യഭാഗം എങ്ങനെ മാറ്റം വന്നു? ഈ ചോദ്യങ്ങൾക്കുള്ള മറുപടിക്കായി അൽപകാലം പിറകോട്ട് സഞ്ചരിക്കണം.

1995 ൽ സുപ്രിംകോടതി സഭാ കോസിൽ വിധി പ്രസ്താവിച്ചു. വിധിയിൽ പറഞ്ഞിരുന്ന പ്രാകാരം മാത്യൂസ് രണ്ടാമൻ ബാവയുടെ കാതോലിക്കാ സ്ഥാന ലബ്ദി ചോദ്യം ചെയ്യപ്പെടരുത് എന്ന് പറഞ്ഞിരുന്നു. കാതോലിക്കാ പക്ഷം, മാത്യൂസ് രണ്ടാമൻ ബാവായെ കൊണ്ട് 'മലങ്കര അസോസിയേഷൻ' വിളിച്ചു കൂട്ടാൻ ശ്രമമാരംഭിച്ചു. പാത്രിയർക്കീസ് പക്ഷം ഇത് ചോദ്യം ചെയ്തു. മാത്യൂസ് രണ്ടാമൻ ബാവായ്ക്ക് കോടതി വിധി പ്രകാരം മലങ്കര മെത്രാൻ സ്ഥാനം ലഭ്യമായില്ല എന്നാണ് പാത്രിയർക്കീസ് പക്ഷം വാദിച്ചത്. അതിന് ഉപോൽബലമായി ചൂണ്ടികാണിച്ചത് ഭരണഘടനയിലെ 98-ാം വകുപ്പാണ്. കാതോലിക്കായ്ക്ക്, മലങ്കര മെത്രാപ്പോലീത്ത സ്ഥാനം വഹിക്കാവുന്നതാണ് (വഹിക്കാതെയുമിരിക്കാം). മലങ്കര മെത്രാനാകണമെങ്കിൽ അസോസിയേഷനാൽ തെരഞ്ഞെടുക്കപ്പെടണം. എന്നാൽ 'കാതോലിക്കാ, മലങ്കര മെത്രാപ്പോലീത്ത സ്ഥാനം കൂടി വഹിക്കുന്നതാകുന്നു' എന്നാണെങ്കിൽ, കാതോലിക്കയാകുന്ന വ്യക്തിക്ക് മാത്രം അവകാശപ്പെട്ട പദവിയാണ് മലങ്കര മെത്രാപ്പോലീത്ത സ്ഥാനം എന്ന് വരുന്നു. ചുരുക്കത്തിൽ കാതോലിക്ക തന്നെയായിരിക്കും മലങ്കര മെത്രാപ്പോലീത്ത. യഥാർത്ഥത്തിൽ കാതോലിക്കയ്ക്കോ, ഏതെങ്കിലുമൊരു മേൽപട്ടക്കാരനോ മലങ്കര മെത്രാൻ സ്ഥാനം ലഭ്യമാകുന്ന അവസ്ഥയാണുള്ളത്. ഏതെങ്കിലും ഒരു മേൽപട്ടക്കാരന് മലങ്കര മെത്രാൻ സ്ഥാനം ലഭ്യമായാൽ വട്ടശേരി തിരുമേനി, കല്ലാശേരി ബാവാമാരുടെ കാലത്തെ അവസ്ഥയുണ്ടാകാതിരിക്കാനും മാത്യൂസ് രണ്ടാമൻ ബാവയ്ക്ക് ഉണ്ടായ പ്രതിസന്ധിയിൽ നിന്നും രക്ഷപെടുവാൻ കാതോലിക്കാപക്ഷം കണ്ട സൂത്രവഴിയാണ് ഈ ഭരണഘടനയുടെ വ്യാജ ഭേദഗതി. രേഖകൾ തിരുത്തുകയും, വ്യാജരേഖകൾ ഉണ്ടാക്കുകയും ചെയ്യുന്നത് കാതോലിക്കാപക്ഷത്തിന്റെ സ്ഥിരം പരിപാടിയാണ്. കേസിൽ 'സത്യം' ജയിക്കാൻ കാതോലിക്കാ കക്ഷിക്കാർ രേഖകൾ തിരുത്തുന്നതിനെക്കുറിച്ച് ഇത് വിശ്വാസത്തിന്റെ കാര്യം എന്ന ബുക്കിൽ തോമസ് മോർ അത്താനാസ്യോസ് (മൂവാറ്റുപുഴ) പ്രതിപാദിച്ചിട്ടുണ്ട്. വ്യാജരേഖകൾ ഉണ്ടാക്കി പാത്രിയർക്കീസ് പക്ഷത്തിനെതിരെ കേസുകൾ കൊടുക്കുകയും കോടതിയെ കബളിപ്പിച്ച് കേസിൽ വിജയം നേടിയ ശേഷം 'സത്യം ഉയർത്തെഴുന്നേറ്റു' എന്ന പ്രസ്താവന നടത്തുന്ന കാതോലിക്കാപക്ഷ മേൽപ്പട്ടക്കാരുടെയും അൽമായ മാന്യൻമാരുടെയും കറുക്കൻ ബുദ്ധിയാണീ തിരിമറിക്ക് പിന്നിൽ എന്ന് വ്യക്തമാണ്.

വട്ടശേരിൽ തിരുമേനി രചിച്ച മതോപദേശസാരങ്ങൾ എന്ന പുസ്തകത്തിൽ പട്ടത്വത്തിനടുന്ന മേലധികാരം അന്ത്യോഖ്യാ പാത്രിയർക്കീസിനാണെന്ന ഭാഗം തിരുത്തി മേലധികാരം കാതോലിക്കക്കിയതും, അബ്ദുൾ മ്ശിഹ ബാവായുടെ കൽപനയിൽ തിരിമറി നടത്തിയതും പരി. ഏലിയാസ് തൃതീയൻ ബാവായുടെ ഫോട്ടോയിൽ അബ്ദുൾ മ്ശിഹാ ബാവായുടെ തല വെട്ടി ഒട്ടിച്ചതും, 70 കളിൽ കാതോലിക്ക ബാവ അയച്ച ഒരു കൽപന തന്നെ മാർതോമാ സിംഹാസനം വച്ചും വയ്ക്കാതെയും പ്രസിദ്ധപ്പെടുത്തിയതും, മാത്യൂസ് രണ്ടാമൻ ബാവ മാർത്തോമാ സിംഹാസനം സീലിൽ ഒളിപ്പിച്ച് വച്ച് കൽപനയിറക്കിയതും തുടങ്ങി ഇപ്പോൾ ഭരണഘടനയിൽ കാണുന്ന ഈ 'തിരിമറി' വരെ സ്വർഗ്ഗത്തിലേയ്ക്ക് തീർത്ഥാടനം ചെയ്യുന്ന പുരാതന (?) സഭയ്ക്കോ, അതിനെ നയിക്കുന്ന ദൈവത്തിന്റെ പ്രതിപുരുഷനായ ദിദിമോസ് ബാവയ്ക്കോ ചേർന്നതാണോ?

പാത്രിയർക്കീസ് പക്ഷത്തെ അടിക്കാൻ പുറത്തെടുക്കുന്ന 1934 ഭരണഘടന ഇപ്പോൾ കാതോലിക്കാ പക്ഷത്തിന് തന്നെ ഊരാക്കുടുക്ക് ആയിരിക്കുന്നു. അതിൽ നിന്ന് പുറത്തുചാടാൻ ഭരണഘടനാ വകുപ്പുകൾ വ്യാജമാർഗ്ഗത്തിലൂടെ തിരുത്തി 'മുൻകാല പ്രാബല്യം' നേടിയെടുക്കുവാൻ കാതോലിക്കയും കൂട്ടരും ശ്രമിക്കുന്നത് കണ്ടില്ലായെന്ന് നടിക്കാൻ കാതോലിക്കാപക്ഷത്തെ ബുദ്ധിജീവികൾക്ക് സാധിക്കുമോ? കാത്തിരുന്നുകാണാം.

## കുര്യാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് 1-ാം പേജിൽനിന്ന് തുടർച്ച

നിന്ന് ആംഗ്ലേയ സാഹിത്യത്തിൽ ബിരുദാനന്തരബിരുദ്ധവും നേടി. അയർലണ്ടിലെ Memooth യൂണിവേഴ്സിറ്റിയിൽനിന്ന് വേദശാസ്ത്രത്തിൽ ബിരുദ്ധവും വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽനിന്ന് എം.റ്റി.എച്ചും നേടി. 1971 ൽ ശെമ്മാശനായി. 1990 ഫെബ്രുവരി 4ന് പുണ്യശ്ലോകനായ മോർ ക്ലിമീസ് മെത്രാപ്പോലീത്തായിൽനിന്ന് കശീശ്ശ സ്ഥാനമേറ്റു. 2004 ജനുവരി 14 ന് പരി. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്ത സ്ഥാനത്തേയ്ക്ക് ഉയർത്തി. തുടർന്ന് ക്നാനായ ഭദ്രാസന മെത്രപ്പോലീത്തയായി പ്രവർത്തിച്ച് വരികയായിരുന്നു.

# എഡിറ്റോറിയൽ

## ചരിത്രത്തോട് കാട്ടുന്ന വഞ്ചന

പരി. സഭയുടെ ചരിത്രത്തോട്, നാടിന്റെ ചരിത്രത്തോട് ചിലർ വഞ്ചന കാട്ടുന്നു. അടുത്ത കാലങ്ങളിലായി ഇത് കൂടിക്കൂടി വരികയാണ്. ബോധപൂർവ്വമായ ഒരു പരിശ്രമത്തിന്റെ ഭാഗമായാണ് ഈ ശ്രമമെന്ന് നിസംശയം പറയാം. ഈ കാര്യങ്ങൾ പലപ്പോഴും ശ്രദ്ധയിൽപ്പെടാതെ പോകുന്നു. പുതിയ ചരിത്രാന്വേഷകർ നിശബ്ദരായിരിക്കുന്നു. അവസരങ്ങൾ വരുമ്പോൾ അവർ പുറത്തെടുക്കും. ചരിത്രത്തോട് കാട്ടുന്ന വഞ്ചന ലോകത്തിനുമുമ്പിൽ തുറന്നുകാട്ടേണ്ടത് വളരെ അത്യാവശ്യമായി വന്നിരിക്കുന്നു. ചരിത്രപാരമ്പര്യം അവകാശപ്പെടാൻ ഇല്ലാത്ത ഒരുവിഭാഗമാണ് ഈ ഹീനശ്രമങ്ങൾക്ക് മുന്നിൽ. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഭരണഘടനാ തിരുത്തൽ. ഓരോ പ്രാവശ്യവും കോടതിയിൽ കേസുകൾ വരുമ്പോൾ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഉതകുന്ന രീതിയിലുള്ള തിരുത്തലുകളുമായി ഇവർ വരുന്നു. വളരെ മുമ്പുതന്നെ ഈ തിരുത്തലുകൾ വരുത്തിയ രേഖകൾ ഇവർ കരുതിയിട്ടുണ്ടാകും. പലപ്പോഴും ഈ കാപട്യങ്ങൾ തുറന്നുകാട്ടുവാൻ സാധിക്കാതെ പോകുന്നു. കഴിഞ്ഞദിവസം മറുവിഭാഗത്തിലെ ഒരു പ്രസദിധീകരണം കാലം ചെയ്ത പുണ്യശ്ലോകനായ കടവിൽ പൗലോസ് മോർ അത്തനാസ്യോസ് മെത്രാപ്പോലീത്ത മെത്രാൻകക്ഷിക്കാരനാണെന്ന് ബോധപൂർവ്വമായ ഒരു പ്രചരണം നടത്തി. ഈ ചരിത്രങ്ങൾ പടച്ച് വിടുന്നവർക്കറിയാം സത്യമെന്താണെന്ന്. എന്നാണ് മെത്രാൻകക്ഷിവിഭാഗമുണ്ടായതെന്നും തങ്ങളുടെ പാരമ്പര്യം എന്താണെന്നുമുള്ള ബോധ്യം മറച്ചുവയ്ക്കാനുള്ള ശ്രമമാണ് ഇതിന് പിന്നിൽ. പരി. അന്ത്യോഖ്യാസിംഹാസനത്തിന്റെ പൗരാണികതയും പാരമ്പര്യവും ആരാധനയും വേഷവുമെല്ലാം ഇവർക്ക് സ്വന്തം. പക്ഷേ ആ പരിശുദ്ധ സിംഹാസനത്തെ ഇവർക്ക് വേണ്ട. സ്വന്തമായി വ്യക്തിത്വമില്ലാത്തവരാണ് ഈ ദുഷ്പ്രചരണങ്ങൾ നടത്തുന്നത്. തങ്ങൾക്ക് അർഹതയില്ലാത്തത് ഉണ്ട് എന്ന് സ്ഥാപിച്ചെടുക്കുവാനുള്ള ബോധപൂർവ്വമായ ശ്രമമാണ് നടക്കുന്നത്.

വട്ടശേരി മെത്രാച്ചൻ രചിച്ച മതോപദേശസാരങ്ങൾ ഇവരുടെ തിരുത്തുകൾക്ക് പാത്രിഭൂതമായിട്ടുള്ള പ്രധാന ഗ്രന്ഥമാണ്. തങ്ങളുടെ സ്ഥാപകന്റെ ഗ്രന്ഥങ്ങളിലെ ആശയങ്ങൾപോലും തിരുത്തുന്നവർ പിതൃശൂന്യരെപ്പോലെയാണ്.

ചരിത്രത്തെ വളച്ചൊടിക്കുന്നതിൽ മലയാള മനോരമയ്ക്ക് ഉള്ള പങ്ക് ചെറുതല്ല. പലപ്പോഴും അവർ ഇറക്കുന്ന വിശേഷാൽ പതിപ്പുകളിൽ പരി.പരുമല തിരുമേനി, വട്ടശേരി മെത്രാച്ചൻ എന്നിവർക്ക് ലഭിച്ച പട്ടത്വങ്ങളും സ്ഥാനങ്ങളും നൽകിയവരെ ബോധപൂർവ്വം വിസ്മരിക്കുന്നു. ചരിത്രങ്ങൾ സൃഷ്ടിക്കുവാനും പഴമ നിശ്ചയിക്കുവാനും തങ്ങൾക്കാണ് അവകാശമെന്ന് ഇവർ ധരിക്കുന്നു. പള്ളികൾക്ക് ചെറുതും വലുതുമായ പുതിയ പേരുകൾ നൽകുന്നു. അവർ സൃഷ്ടിക്കുന്ന പഴമയും ചരിത്രവും മനുഷ്യമനുസുകളിൽ സ്ഥാപിക്കുവാൻ വിലകുറഞ്ഞ തന്ത്രങ്ങൾ പയറ്റുന്നു. ഈ ചതിക്കുഴികൾ എളുപ്പം മനസിലാക്കുവാൻ സാധിച്ചു എന്നുവരില്ല.

കഴിഞ്ഞദിവസം കേരളത്തിലെ ഏറ്റവും പ്രശസ്തവും പുരാതനവുമായ സി.എം.എസ് കോളേജിലെ പൂർവ്വ വിദ്യാർത്ഥികളുടേതായി മലയാള മനോരമയിൽ വന്ന സപ്ലിമെന്റിൽ ആ കോളേജിൽ പഠിച്ച പ്രശസ്ത വ്യക്തികളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. അതിൽ പ്രധാന സ്ഥാനം നൽകിയിരിക്കുന്നത് ദിദിമോസ് ബാവായ്ക്കാണ്. ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ അടക്കം അനേകം ആത്മീയ നേതാക്കളെ ബോധപൂർവ്വം ഒഴിവാക്കിയിരിക്കുന്നു. ഈ ആത്മീയ നേതാക്കളെ ഒഴിവാക്കികൊണ്ട് ദിദിമോസ് ബാവായ്ക്ക് മാത്രം പ്രശസ്തി നൽകുവാനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമാണ്. ഒരു പക്ഷേ സി.എം.എസ്. കോളേജ് ഭരണകർത്താക്കളോ അധികാരികളോ ഈ ഗൂഢലക്ഷ്യം മനസ്സിലാക്കിയിട്ടുണ്ടാവില്ല. ചില ബുദ്ധിമാന്മാർ ഇതിന്റെ പിന്നിൽ തങ്ങളുടെ ലക്ഷ്യ പ്രാപ്തിക്കായി ഉപയോഗിച്ചു എന്നുമാത്രം. ചരിത്രത്തെ തിരുത്തുക മാത്രമല്ല ചില സാമൂഹിക സംഘടനകളുടെ നേതൃത്വം പിടിച്ചടക്കുവാനുള്ള ഗൂഡാലോചനകൾ നടക്കുന്നുണ്ട്. ഈ സംഘടനകളുടെ തലപ്പത്ത് എല്ലാവരുടെ പിന്തുണയോടെ എത്തിച്ചേർന്ന ശേഷം തങ്ങളുടെ സ്ഥാപിത താൽപര്യങ്ങൾ നേടിയെടുക്കുവാനുള്ള ശ്രമമാണ് പിന്നീട്. തങ്ങളുടെ ആത്മീയ നേതാക്കന്മാരെ മുഖ്യ അതിഥികളാക്കുക, തങ്ങളുടെ സഭാംഗങ്ങൾക്ക് സ്ഥാനങ്ങൾ നേടി കൊടുക്കുക തുടങ്ങിയ തരം താണ ശൈലികൾ ഇവർ പിന്തുടരുന്നു.

ഇതിനെ നോക്കികാണുവാനുള്ള ശ്രദ്ധ നമുക്കുണ്ടാകണം. ഈ ദുഷ്പ്രവണതകളെ പൊതുജനമുമ്പിൽ തുറന്നു കാട്ടണം.

എത്രയെത്ര ചരിത്രങ്ങളാണ് ഇവർ തിരുത്തിയിരിക്കുന്നത് എന്ന് ഇപ്പോൾ മനസിലാവുകയില്ല. കുറച്ച് നാളുകൾക്ക് ശേഷം ഈ തിരുത്തപ്പെട്ട ചരിത്രം ഇവർ പുറത്തെടുക്കും. പിന്നീട് അത് വെച്ചാണ് വ്യാഖ്യാനം. പുരാതന സുറിയാനി സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം നാം ഈ കാര്യങ്ങളിൽ ശ്രദ്ധിക്കാറില്ല. പക്ഷേ ഈ അതിബുദ്ധിമാന്മാരെ ശരിക്കും മനസിലാക്കിയില്ലെങ്കിൽ കൊടുക്കേണ്ട വില വലുതായിരിക്കും.

**ബിബി ഏബ്രഹാം കടവും ഭാഗം**

# കുറിയാക്കോസ് ചാലുപറമ്പിൽ റമ്പാന്റെ മെത്രാഭിഷേകം ഫെബ്രുവരി 2 ന്

ക്നാനായ അതിഭദ്രാസനത്തിന്റെ നിയുക്ത സഹായ മെത്രാപ്പോലീത്ത വന്ദ്യ ചാലുപറമ്പിൽ കുറിയാക്കോസ് റമ്പാനെ ഫെബ്രുവരി 2 ന് ഡമാസ്കസിൽവച്ച് പരി. പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്ത സ്ഥാനം നൽകും. ക്നാനായ അതിഭദ്രാസന ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്, യാക്കോബായ സുറിയാനിസഭ എപ്പിസ്കോപ്പൽ സെക്രട്ടറി അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, ക്നാനായ ഭദ്രാസനത്തിലെ വൈദീകർ അത്മായ നേതാക്കൾ തുടങ്ങിയവർ സ്ഥാനാരോഹണ ശുശ്രൂഷയിൽ പങ്കെടുക്കും.

കഴിഞ്ഞദിവസം തിരുവല്ല കല്ലിശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളിയിൽവച്ച് ഫാ. സി.റ്റി. കുര്യന് റമ്പാൻ സ്ഥാനം നൽകി. ക്നാനായ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് മുഖ്യ കാർമ്മികനായിരുന്നു. നിരണം ഭദ്രാസനാധിപൻ ഡോ. ഗീവറുഗീസ് മോർ കൂറിലോസ് മെത്രാപ്പോലിത്ത സഹകാർമ്മികത്വം വഹിച്ചു. ഫാ. സി.റ്റി. കുര്യന്, കുറിയാക്കോസ് റമ്പാൻ എന്ന നാമമാണ് നൽകിയത്. റമ്പാൻ സ്ഥാനാഭിഷേക ശുശ്രൂഷയിൽ അനേകം വൈദീകരും ആയിരക്കണക്കിന് വിശ്വാസികളും പങ്കെടുത്തു.

മാന്നാർ ചാലുപറമ്പിൽ പരേതനായ സി. എ. തോമസിന്റേയും വെളിയനാട് പുത്തൻകളത്തിൽ അമ്മിണി തോമസിന്റേയും നാലാമത്തെ പുത്രനായി 1964 ജനുവരി 16 ന് ജനിച്ചു. മാന്നാർ എം.ഡി. എൽ.പി. സ്കൂളിൽ നിന്ന് പ്രാഥമീക വിദ്യാഭ്യാസവും തേവേരി സെന്റ് തോമസ് സ്കൂളിൽ നിന്ന് ഹൈസ്കൂൾ വിദ്യാഭ്യാസ വും പൂർത്തീകരിച്ചു. റാന്നി സെന്റ് തോമസ് കോളേജിൽ നിന്ന് പ്രീഡിഗ്രിയും തിരുവല്ല മർത്തോമ്മാ കോളേജിൽ നിന്ന് ധനതത്വ ശാസ്ത്രത്തിൽ ബി.എയും, പ്രശസ്തമായ ഇൻഡോർ ക്രിസ്ത്യൻ കോളേജിൽ നിന്ന് എം.എയും വിജയകരമായി പൂർത്തീകരിച്ചു. തുടർന്ന് Ireland ലെ Dublin ഹോളി ഗോസ്റ്റ് മിഷനറി കോളേജിൽ നിന്ന് B.D യും കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിൽ നിന്ന് M.T.H ഉം പൂർത്തീകരിച്ചു. പെരുമ്പള്ളി സെമിനാരി, മലേക്കുരിശ് ദയറ എന്നിവടങ്ങളിൽ നിന്ന് സെമിനാരി വിദ്യാഭ്യാസം നടത്തി. 1975 ജനുവരി 28ന് കാലം ചെയ്ത പുണ്യശ്ലോകനായ എബ്രഹാം മോർ ക്ലിമീസ് തിരുമേനിയിൽ നിന്ന് വെളിയനാട് സെന്റ് മേരീസ് പള്ളിയിൽ വച്ച് ശെമ്മശുപട്ടം സ്വീകരിച്ചു. 1980 ആഗസ്റ്റ് 28 മാന്നാർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ച് പുണ്യശ്ലോകരായ എബ്രഹാം മോർ ക്ലിമീസ്, യാക്കോബ് മോർ തീമോത്തിയോസ്, തോമസ് മോർ തെയോഫിലോസ് എന്നീ പിതാക്കന്മാർ ചേർന്ന് വൈദീകപട്ടം നൽകി. 82–84 കാലഘട്ടങ്ങളിൽ പരി.പാത്രിയർക്കീസ് ബാവയുടെ സെക്രട്ടറിയായിരുന്നു ഇപ്പോൾ ക്നാനായ അസോസിയേഷൻ പ്രസിഡന്റ് ആണ്.

സി.റ്റി.തോമസ്, സി.റ്റി.എബ്രഹാം (I.S.R.O തിരുവനന്തപുരം), പരേതനായ സി.റ്റി.പുന്നൂസ്, സി.റ്റി. മാത്യു എന്നിവർ സഹോദരങ്ങളാണ്.

# ആലുവായിൽ ഓർമ്മപെരുന്നാൾ ഒരുക്കങ്ങൾ പൂർത്തിയായി

അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തന്മാരായിരുന്ന് മൺമറഞ്ഞ അമ്പാട്ട് ഗീവറുഗീസ് മോർ കൂറിലോസ്, കടവിൽ പൗലോസ് മോർ അത്തനാസ്യോസ്, വയലിപ്പറമ്പിൽ ഗീവറുഗീസ് മോർ ഗ്രിഗോറിയോസ് എന്നീ പിതാക്കന്മാരുടെ ഓർമ്മ, പരിശുദ്ധനായ ആലുവായിലെ വലിയ തിരുമേനി പരി. പൗലോസ് മോർ അത്തനാസ്യോസ് പിതാവിന്റെ 54–ാം ഓർമ്മപെരുന്നാളും, കടവിൽ പൗലോസ് മോർ അത്തനാസ്യോസ് തിരുമേനിയുടെ ചരമശതാബ്ദിയും സംയുക്തമായി ഭദ്രാസനാടിസ്ഥാനത്തിൽ 2007 ജനുവരി 21 മുതൽ 28 വരെയുള്ള തീയതികളിൽ ആലുവ മാസ് ഹാളിൽ വച്ച് ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിലും ഡോ. എബ്രഹാം മോർ സേവേറിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്തനാസ്യോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും ആഘോഷിക്കുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു.

## പ്രോഗ്രാം

### 24–01–2007 ബുധൻ

7.00 am : പ്രഭാതപ്രാർത്ഥന
7.30 am : വി. കുർബ്ബാന
റവ. ഫാ. വറുഗീസ് കല്ലാപ്പാറ
6.00 pm : സന്ധ്യാപ്രാർത്ഥന
ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ട്
6.30 pm : സണ്ടേസ്കൂൾ, യൂത്ത് അസോസിയേഷൻ, മർത്തമറിയം വനിതാ സമാജം എന്നിവയുടെ സംയുക്ത വാർഷികം
അദ്ധ്യക്ഷൻ : നി.വ.ദി.ശ്രീ. ഏലിയാസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

### 25–01–2007 വ്യാഴം

7.30 am : പ്രഭാതപ്രാർത്ഥന
8.00 am : വി. കുർബ്ബാന
നി.വ.ദി.ശ്രീ. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
4.30 pm : അഭിനവ മെത്രാപ്പോലീത്താമാർക്ക് സ്വീകരണം
5.00 pm : കാൽനട തീർത്ഥയാത്രയ്ക്ക് സ്വീകരണം (ആലുവ ബൈപ്പാസ് കവലയിൽ)
5.30 pm : കാൽനട തീർത്ഥയാത്രയ്ക്ക് സ്വീകരണം (ആലുവ നഗരസഭ ഓഫീസ് കവാടത്തിൽ)
6.00 pm : സന്ധ്യാപ്രാർത്ഥന
7.00 pm : പ്രദക്ഷിണം
8.30 pm : സൂത്താറ പ്രാർത്ഥന

### 26–01–2007 വെള്ളി

7.30 am : പ്രഭാതപ്രാർത്ഥന
8.30 am : വി. മൂന്നിന്മേൽകുർബ്ബാന
ശ്രേഷ്ഠ കാതോലിക്കാ ബാവയുടെയും അഭിവന്ദ്യരായ ഡോ. എബ്രഹാം മോർ സേവേറിയോസ്, മാത്യൂസ് മോർ അപ്രേം, ഏലിയാസ് മോർ അത്താനാസ്യോസ് എന്നിവരുടെ കാർമ്മികത്വത്തിൽ. പ്രസംഗം, ധൂപപ്രാർത്ഥന, അഖില മലങ്കര ക്വിസ് മത്സര വിജയികൾക്ക് ട്രോഫി, ക്യാഷ് അവാർഡ് വിതരണം
11.00 am : പ്രദക്ഷിണം
12.30 am : ആശിർവാദം
12.45 am : നേർച്ചസദ്യ, കൊടിയിറക്ക്

# കായംകുളം കാദീശ പള്ളിയിലെ യാക്കോബായ വിഭാഗം പെരുന്നാളിനോടനുബന്ധിച്ച് നടത്തിയ റാസ ആർ.ഡി.ഒ.യുടെ നേതൃത്വത്തിൽ പോലീസ് തടഞ്ഞു

മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹമെന്നറിയപ്പെടുന്ന പുണ്യശ്ലോകനായ മിഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 51–ാം ദുഖ്റോന പെരുന്നാളിനോടനുബന്ധിച്ച് 21–ാം തീയതി നടത്തിയ റാസ, ഇരുകൂട്ടരും പൊതുവായി ഉപയോഗിച്ചുവരുന്ന സെമിത്തേരിയിൽ കയറി ധൂപപ്രാർത്ഥന നടത്തുന്നത് പോലീസ് തടഞ്ഞു. ഇങ്ങനെ തടയുന്നതിനായി എന്തെങ്കിലും കോടതി ഉത്തരവുകളോ മറ്റ് അധികാരികളുടെ ഭാഗത്തുനിന്നും എന്തെങ്കിലും വിലക്കുകളോ നിലവിലില്ല. അതേസമയം ഓർത്തഡോക്സ് പക്ഷത്തിന്റെ കൈവശത്തിലിരിക്കുന്ന കാദീശാ പള്ളി കോമ്പൗണ്ടിൽ പല സ്ഥലങ്ങളിൽനിന്നെത്തിയ മുന്നൂറിലധികം ഗുണ്ടകൾ വടിവാളും മറ്റ് മാരകായുധങ്ങളുമായി നിലയുറപ്പിച്ചിരുന്നു. അവരെ അവിടെനിന്നും നീക്കം ചെയ്യുവാൻ പരാജയപ്പെട്ട അധികാരികൾ അടുത്ത ഒരാഴ്ചക്കകം ഈ പ്രശ്നത്തിന് ഒരു ശാശ്വതപരിഹാരം കാണാമെന്ന ഉറപ്പിന്മേൽ യാക്കോബായവിഭാഗം റാസ പള്ളിയിൽ കയറി സമാധാനപരമായി പിരിഞ്ഞുപോയി.

# ആലുവ തൃക്കുന്നത്ത് സെമിനാരി ചർച്ചകൾ പുരോഗമിക്കുന്നു

ആലുവ തൃക്കുന്നത്ത് സെമിനാരി ആരാധനയ്ക്കായി തുറക്കുന്നത് സംബന്ധിച്ച് ബഹു.ഗവൺമെന്റ് ഇരുവിഭാഗവുമായി ചർച്ച നടത്തി. ബഹു. എറണാകുളം ജില്ലാ കളക്ടർ മുഹമ്മദ് ഹനീഷിന്റെ നേതൃത്വത്തിലായിരുന്നു ചർച്ച. യാക്കോബായ സഭയെ പ്രതിനിധീകരിച്ച് സഭാ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ്, സഭാ ട്രസ്റ്റി ജോർജ് മാത്യു തെക്കേത്തലയ്ക്കൽ, സഭാ സെക്രട്ടറി തമ്പു ജോർജ് തുകലൻ, ഫാ. വർഗീസ് തെക്കേക്കര, ജോയി അലുവ എന്നിവരും മെത്രാൻ കക്ഷികളെ പ്രതിനിധീകരിച്ച് നിയുക്ത കാതോലിക്ക പൗലോസ് മോർ മിലിത്തിയോസ്, അലക്സാണ്ടർ കാരയ്ക്കൽ, ഫാ. ഒ. തോമസ്, ഫാ. എ.ഒ. ജോൺ തുടങ്ങയവരും പങ്കെടുത്തു. വിശുദ്ധമായ ചർച്ചകൾ വരും ദിവസങ്ങളിൽ ഉണ്ടാവും.

# മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ ്ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാൾ



മാന്യ അഭ്യുദയകാംക്ഷികളുടെ ശ്രദ്ധയ്ക്ക്

മഹാപരിശുദ്ധനായ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ ്ബാവാ തിരുമനസ്സിന്റെ 75–ാം ദുക്റോനാ പെരുന്നാളിനോട് അനുബന്ധിച്ച് വിശ്വാസസംരക്ഷകൻ പ്രത്യേക പതിപ്പ് പ്രസിദ്ധീകരിക്കുന്നതാണ്. പരി. ബാവായുടെ അപൂർവ്വ ചിത്രങ്ങൾ, പരി. പിതാവിനെക്കുറിച്ച് പ്രശസ്ത വ്യക്തികൾ എഴുതുന്ന ലേഖനങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. പരി. ബാവായെക്കുറിച്ച് നിങ്ങളുടെ കൈവശം അപൂർവ്വചിത്രങ്ങളോ അനുഭവങ്ങളോ ഉണ്ടെങ്കിൽ ഈ സംരംഭത്തിൽ പങ്കുചേരാവുന്നതാണ്. ഇന്റർനെറ്റ് എഡീഷനോടൊപ്പം ഫോർകളർ ആർട്ടുപേപ്പറിൽ 24 പേജുള്ള പതിനായിരത്തോളം കോപ്പി പ്രിന്റഡ് എഡീഷനിൽ ഇറക്കുന്നുണ്ട്. പള്ളികളായും വ്യക്തികളായും എല്ലാവരുടെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

# മണ്ണൂത്തി മാർ മിലിത്തിയോസിന്റെ മിഷൻ പരാക്രമങ്ങൾ

## സൂക്ഷ്മദൃക്ക്

മണ്ണൂത്തി മോർ മിലിത്തിയോസ് മലങ്കര സഭയിൽ ആമുഖങ്ങൾ ആവശ്യമായിരിക്കുന്ന വ്യക്തിയല്ല. അത്രയ്ക്ക് (കു)പ്രസിദ്ധി ഇരുപക്ഷത്തും നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ള വികടസരസ്വതി നാവിലും കപടനാട്യം രചനകളിലും തീവ്രനിലപാടുകൾ നടപടികളിലും 'അടിപിടി'കളിലും പുലർത്തുകയും പൂർവാപര മനോഭാവം സ്വന്തം അഭിപ്രായങ്ങളിലും വിധേയത്വങ്ങളിലും പുലർത്തുവാൻ യാതൊരു മനസാക്ഷിക്കുത്തുമില്ലാത്ത വ്യക്തിയുമാണിദ്ദേഹം. പാത്രിയർക്കീസ് പക്ഷത്തുനിന്നുകൊണ്ട്1995 ലെ വിധി വരെ കേസ് നടത്തുകയും വിധി വിശകലനം ചെയ്ത് മലങ്കര മുഴുവൻ ഓടിനടന്ന് പാത്രിയർക്കീസ് പക്ഷം ജയിച്ചേ! ജയിച്ചേ! എന്ന് വിജയഭേരി നടത്തുകയും ചെയ്തു നടന്ന ഈ നാട്യക്കാരൻ വിധിയനന്തരം 'അവലോകനം' നടത്തി എഴുതിയത് "പാത്രിയർക്കീസ് വിഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയും അനുകൂലമായൊരു വിധിയാണ് ബഹു. സുപ്രീം കോടതിയിൽ നിന്നും ലഭിച്ചിട്ടുള്ളത്" എന്നാണ്. അദ്ദേഹം എഴുതിയ ഈ അവലോകനത്തിന്റെ ഉപസംഹാരഭാഗം ഞാൻ ഇവിടെ വീണ്ടും അനുസ്മരിപ്പിക്കട്ടെ. വിവാദ പ്രസ്താവനകൾക്ക് മുതിരുംമുമ്പേ മോർ മിലിത്തിയോസ് ഈ പഴയ ലേഖനം ഒരു ആവർത്തി വായിച്ചാൽ അദ്ദേഹത്തിന് സ്വയം വളരെ നിയന്ത്രിക്കുവാൻ കഴിയും എന്നാണെന്റെ പക്ഷം. കാതോലിക്കാ പക്ഷത്തെ സ്വയ പ്രഖ്യാപിത പ്രശംസാ വിദഗ്ധന്മാരായി രംഗത്തു വരുന്ന ICON മോഡറേറ്റർമാർക്കും ജോസ് പുളിയേരിൽ, പി. തോമസ്, ജോർജി ബാംഗ്ളൂർ വരെയുള്ള ICON ഫോറത്തിലെ പ്രശംസാ വിദഗ്ദന്മാരും ഈ ലേഖനം മുഴുവനായും ഒന്നു വായിച്ചുനോക്കുവാൻ അപേക്ഷ. മൂലയിൽ കുര്യാക്കോസ് കോറെപ്പിസ്കോപ്പ സമാഹരിച്ച് പ്രസിദ്ധീകരിച്ച "ഇവർ പറഞ്ഞിരുന്നതിങ്ങനെ എന്നാൽ ഇപ്പോൾ......?" എന്ന ലഘുകൃതി പേജ് 39-45 വരെ കാണുക. ഉപസംഹാരത്തിന്റെ ശേഷഭാഗം വായിക്കുക.

"ഇക്കാര്യം തക്കസമയത്ത് ജനത്തെ അറിയിക്കുവാൻ കഴിഞ്ഞില്ല എന്നുമാത്രമാണ് ഖേദം. പാത്രിയർക്കീസ് വിഭാഗം സഭായോജിപ്പിന്റെ കാലം മുതൽ ആവശ്യപ്പെട്ടിട്ടും അന്നത്തെ സഭാനേതൃത്വം അംഗീകരിക്കാതെ പുച്ഛിച്ചുതള്ളിയ പല കാര്യങ്ങളും ഇപ്പോൾ കോടതി അംഗീകരിച്ചിരിക്കുന്നു. അസോസിയേഷന്റെ ജനപ്രാതിനിധ്യസ്വഭാവം, ഇടവക സ്വത്തുക്കളുടെ സ്വാതന്ത്ര്യം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. മെത്രാപ്പോലീത്ത വാഴിക്കപ്പെട്ടാലും ജനങ്ങളാൽ അംഗീകരിക്കപ്പെടണം എന്ന് ഈ വിധിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പാത്രിയർക്കീസിനോടുള്ള കാതോലിക്കായുടെ തുല്യസ്ഥാനീയത്വം, മലങ്കര സഭയുടെ സ്വയം ശീർഷകത്വവാദം, സ്വതന്ത്ര സഭാവാദം എന്നീ കത്തോലിക്കാ പക്ഷ നിലപാടുകൾ സുപ്രിംകോടതി സംശയലേശമില്ലാതെ നിരസിച്ചിരിക്കുന്നു. ദൈവത്തിന്റെ അളവറ്റ കരുണയെ നമുക്ക് മഹത്വപ്പെടുത്താം. സത്യവിശ്വാസത്തിനുവേണ്ടി പോരാടി മരണം വരിച്ച വി. പിതാക്കന്മാരെ നമുക്ക് പുകഴ്ത്താം. തുടർന്നുള്ള കാര്യങ്ങൾ ഐക്യത്തോടും കൂട്ടായ ആലോചനയോടും സഭാ സമിതികളുടെ തീരുമാനപ്രകാരവും ദൈവാശ്രയബോധത്തിൽ നമുക്ക് നിർവ്വഹിക്കാം".

ഈ ലേഖനം പൂർണ്ണമായി വായിക്കുവാൻ ഇന്റർനെറ്റിൽ ലഭ്യമാണ്. താൽപര്യമുള്ളവർ ഈ ലിങ്ക് നോക്കുക.

**http://www.syrianchurch.org/Books.htm**
**http://www.syrianchurch.org/Articles/Ivar_Paranjirunathu.pdf**

ഇത്രയും ആമുഖമായി ഞാൻ എഴുതിയത് മോർ മിലിത്തിയോസിന്റെ ഏറ്റം പുതിയ എടുത്തുചാട്ടത്തെക്കുറിച്ച് ഒന്ന് പ്രതികരിക്കുവാനാണ്. വട്ടശേരിൽ തിരുമേനിയുടെ നോട്ടം മാത്രമല്ല ചാട്ടവും നല്ല വശമാണെന്ന് തെളിയിച്ച മോർ മിലിത്തിയോസ് ഇത്തവണ എത്തിപ്പിടിച്ചിരിക്കുന്നത് സുറിയാനിക്കാരുടെ അമേരിക്കയിലെ ഒരു പള്ളിയിലെ രണ്ടര ഡസൻ കുടുംബങ്ങളും ചുമതലയിൽ നിന്നും ബഹിഷ്കൃതനായ ഒരു വൈദീകനും അടങ്ങുന്ന ഒരു ചെറു സമൂഹത്തിന്റെ വക്താവായാണ്.

പരി. പാത്രിയർക്കീസ് ബാവായുടെ ആതിഥ്യത്തിലും സംരക്ഷണയിലും വാത്സല്യത്തിലും 'സുറിയാനി'ക്കാരുടെ സ്നേഹവായ്പും 'ഗിഫ്റ്റുവായ്പും' ധാരാളം 'നുണഞ്ഞറിഞ്ഞ്' അവിടെ താമസിച്ച് വശത്താക്കിയുട്ടുള്ള സുറിയാനി ഭാഷയിലെ അറിവും സുറിയാനിഭാഷയിലെ സംസാരനിപുണതയും കൈമുതലാക്കിയിട്ടുള്ള ഇദ്ദേഹം ഇത്തവണ 'കാഷ്' ചെയ്തിരിക്കുന്നത് ഈ സിദ്ധിയാണ്. 'തൂറോയോ' എന്ന സുറിയാനി സംസാര ഭാഷാ പ്രാവിണ്യം 'സുറിയാനിക്കാരനായി' ചമയുവാനും അവയുടെ അംഗീകാരം നേടുവാനും ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഇവിടെ ശ്രദ്ധിക്കേണ്ട അനേകം സഭാ ധാർമ്മിക പ്രശ്നങ്ങളെ അവഗണിച്ചാണ് ഇദ്ദേഹം പ്രവർത്തിച്ചിരിക്കുന്നത്.

### 1. വിമതരുടെ സമാഗമം

കാതോലിക്കാകക്ഷി എന്നത് സുറിയാനി സഭയിലെ വിമതരുടെ ഒരു സമാഗമം ആണല്ലോ. അവിടെ പാത്രിയർക്കീസ് വിഭാഗത്തിൽ നിന്നുള്ള വിമതരുടെ ഒരു കൂട്ടായ്മയും തുടർച്ചയുമാണിന്നും നടക്കുന്നത്. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശിഹ പാത്രിയർക്കീസ്, മുടക്കപ്പെട്ട മോർ ദിവന്നാസ്യോസ്, മോർ ഔഗേൻ തുടങ്ങി മോർ മിലിത്തിയോസ് വരെ എല്ലാവരും ഈ പട്ടികയിൽ പെടുന്നവരാണ്. കാതോലിക്കാ കക്ഷിയെ സംബന്ധിച്ചിടത്തോളം സുറിയാനിസഭയിൽനിന്നും സ്ഥാനഭ്രഷ്ടരാക്കപ്പെട്ടുകഴിഞ്ഞാൽ അവർ സർവ്വത്ര സ്വീകാര്യരും സർവധാപരമയോഗ്യരുമായി രൂപാന്തരം പ്രാപിക്കും. ദേവലോകത്തെ ആസ്ഥാന വിദ്വാന്മാർ ഇവരെ വാഴ്ത്തി സ്തുതിച്ചുകൊണ്ടിരിക്കും! കാലുമാറ്റക്കാർക്ക് വളരെ ആത്മനിർവൃതി ലഭിക്കുന്ന ഈ വ്യാജസ്തുതിയിൽ ആകൃഷ്ടരായി ഇവർ കൂടുതൽ ഉത്സാഹപൂർവ്വം 'മാതൃനിന്ദ' നടത്തുകയും ചെയ്യും. കാലിഫോർണിയായിലെ ബർബാങ്ക് എന്ന സ്ഥലത്തെ സുറിയാനിക്കാരുടെ ദേവാലയം ആയിരത്തിൽപരം കുടുംബങ്ങളും മറ്റുമുള്ള ഒരു സുപ്രധാന കേന്ദ്രമാണ്. അവിടെ വളരെ സമർത്ഥനായ ഒരു വൈദീക ശ്രേഷ്ഠനായിരുന്നു രണ്ടുപതിറ്റാണ്ടോളം വൈദീകനായിരുന്നത്. ഡോ. ജോസഫ് റ്റാർസി എന്ന ഈ പി.എച്ച്.ഡി.ക്കാരനായ വൈദീകൻ പണ്ഡിതനാണ് എന്നതോടൊപ്പം തന്റെ പാണ്ഡിത്യത്തെക്കുറിച്ച് എപ്പോഴും 'ബോധ'വാനും ആയിരുന്നു എന്നതാണ് അവിടെ തകർച്ച ആരംഭിച്ചതിന് കാരണം. അവിടെ പള്ളിയുടെ ഭരണസമിതിയുമായുള്ള തർക്കം പിന്നീട് അവിടെ മെത്രാപ്പോലീത്ത വന്നതു തന്നെ അദ്ദേഹത്തെ 'ചെറുതാക്കുവാനാണെന്ന' ഔന്നത്യ ഭാവത്തിലേയ്ക്കാണ് അദ്ദേഹത്തെ എത്തിച്ചത്. എല്ലാ സുറിയാനിക്കാർക്കുമായി അദ്ദേഹം എഴുതിയിട്ടുള്ള അദ്ദേഹത്തിന്റെ ദീർഘലേഖനം ഇന്റർനെറ്റിൽ വായിക്കുന്ന ആർക്കും ഇത് ബോധ്യമാകും (ജോർജി തോമസ് എന്ന സമാധാനസ്നേഹിക്ക് ഇത് അൽപാലം മനസ്സിലാകുന്നുണ്ടെങ്കിലും തോമസ് പി. എന്ന നിർ'വ്യാജ' കക്ഷി തീവ്രവാദിക്ക് മനസ്സിലായാലും അതംഗീകരിക്കില്ല. ഇതൊന്നും ആരും വായിക്കരുതെന്നും ശക്തമായി ഉപദേശിക്കും. ഈ എഴുത്തുകാർ ICON എന്ന ഇന്ത്യൻ ഓർത്തഡോക്സ് ഇന്റർനെറ്റ് ഫോറത്തിലെ ചിരംജീവികളാണ്). ചുരുക്കിപറഞ്ഞാൽ ഈ ആയിരങ്ങളുടെ ഇടയനായിരുന്ന ഫാ. റ്റാർഡി 2004 ൽ സ്വർഗ്ഗീയ സേനകളുടെ വിഴ്ചയ്ക്ക് കാരണമായ നിഗളവും ധിക്കാരവും മൂലം സ്വയം വീണുപോയി. ഇടവകയേയും മെത്രാപ്പോലീത്തായെയും സർവോപരി പരി. പാത്രിയർക്കീസ് ബാവായെയും ധിക്കരിച്ച ഇദ്ദേഹം സഭയിൽ നിന്നും ബഹിഷ്കൃതനായി. ആദ്യകാലഘട്ടങ്ങളിൽ 200 ൽപരം കുടുംബങ്ങൾ ഇദ്ദേഹത്തോടുള്ള സ്നേഹബന്ധം നിലനിർത്തി എങ്കിലും 2006 അവസാനമായപ്പോഴെയ്ക്കും രണ്ട് ഡസൻ കുടുംബങ്ങളും ഏതാനും ചില സുഹൃത്തുക്കളും മാത്രം കൂടെയുള്ള അവസ്ഥ വരെയെത്തി. സഭയിൽനിന്നും ബഹിഷ്കൃതനായ ഈ മുൻ വൈദീകൻ 'ഇൻഡിപ്പെൻഡന്റ് സിറിയക് ഓർത്തഡോക്സ് ചർച്ച് ഇൻ അമേരിക്ക' എന്ന 'സ്വതന്ത്രസഭ' ഇദ്ദേഹം സ്ഥാപിച്ചു. വിശ്വാസഐക്യമുള്ള കോപ്റ്റിക്-അർമ്മീനിയൻ തുടങ്ങിയ ഓറിയന്റൽ സഭകളുമായി ചങ്ങാത്തവും സംസർഗവും സ്ഥാപിക്കുവാനുള്ള എല്ലാ പരിശ്രമങ്ങളും പൂർണ്ണ പരാജയമായിത്തീർന്നു. പരി. പാത്രിയർക്കീസ് ബാവയുടെ കീഴിൽ ഡമാസ്കസിലെ സെമിനാരിയിൽ അദ്ധ്യാപകനായിരുന്ന ഒരു റമ്പാച്ചൻ ഗവേഷണപഠനത്തിനായി ചിക്കാഗോയിൽ ഒരു പതിറ്റാണ്ടിന് മുൻപ് വന്നുചേർന്നിരുന്നു. ഗവേഷണപഠനത്തോടൊപ്പം അമേരിക്കൻ ജീവിതത്തിന്റെ സ്വാതന്ത്ര്യം അനുഭവിച്ച അദ്ദേഹം 'ദയറാ' ജീവിതത്തിന്റെ അസ്വാതന്ത്ര്യം തിരിച്ചറിഞ്ഞ് സന്യാസത്വം ഉപേക്ഷിച്ച് ശിക്ഷണവിധേയനായി കഴിയുമ്പോഴാണ് മിലിത്തിയോസ് എന്ന രാജനച്ചൻ അതേ കോളേജിൽ വിദ്യാർത്ഥിയായിരുന്നതും. ഡമാസ്കസിലെ താമസകാലത്തെ ശിഷ്യത്വവും ചിക്കാഗോയിലെ സഹവാസവും പാത്രിയർക്കീസ് ബാവയുടെ ശിക്ഷണനടപടിക്ക് വിധേയരായവർ എന്ന പൊതു അവസ്ഥയും ഇവരെ കൂടുതൽ അടുപ്പിച്ചു. ഇതേ അവസ്ഥയിലായിത്തീർന്ന ഡോ.ജോസഫ് റ്റാർസി അച്ചനും ഇതേ കൂട്ടായ്മയിലെ അംഗത്വം സ്വീകരിച്ചു എന്നതു മാത്രമാണ് 'ബർബാങ്ക് ശീശ്മ'യുടെ ആകെത്തുക. ഈ വിമത സമാഗമത്തെയാണ് കാതോലിക്കാകക്ഷി ഇപ്പോൾ ഉയർത്തിഘോഷിക്കുന്ന 'മഹാസംഭവം' എന്ന ഈ ചായക്കോപ്പയിലെ കൊടുങ്കാറ്റ്!

### 2. തൃശൂരിന്റെ ആധുനിക 'മിഷൻ' മോഡൽ

പഴയനിയമവും ദൈവശാസ്ത്രവുമൊക്കെ നന്നായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിട്ടുള്ള മുറിമാക്കിലച്ചന് 'ഓർത്തഡോക്സ് മിഷൻ' എന്തൊക്കെയാണെന്ന് സാമാന്യത്തിലധികം അറിവുള്ള ആലായിരുന്നു. മെത്രാനായിക്കഴിഞ്ഞപ്പോൾ ഈ ധാരണയിൽ ചില 'ആധിപത്യ' കോംപ്ലക്സുകളൊക്കെ ഉണ്ടായിരുന്നു എന്നുമാത്രമാണ് ധരിച്ചിരുന്നത്. മെത്രാൻ സ്ഥാനത്തിന് സ്ഥാനന്യായേന ഉണ്ടാകേണ്ട സ്നേഹം, വാത്സല്യം, സൗമ്യത, പക്വത എന്നിവയൊക്കെ സ്വതസിദ്ധമായി ധാരാളം ലഭിച്ചിട്ടുള്ള 'ധിക്കാരം, ധാർഷ്ട്യം, താൻപോരിമ' എന്നിവയുടെ ധാരാളിത്വത്തിൽ ഒലിച്ചുപോയി എന്നും മനസ്സിലാക്കിയിരുന്നു. പക്ഷേ ഈ പ്രവർത്തനത്തിലൂടെ തന്റെ 'മിഷൻ കൺസപ്റ്റും' ഓർത്തഡോക്സ് പ്രവർത്തനശൈലിയും കാര്യമായി കൈമോശം വന്നിരിക്കുന്നു എന്നദ്ദേഹം തെളിയിച്ചിരിക്കുന്നു. മാതൃസഭയിൽനിന്നും ബഹിഷ്കൃതരാകുന്നവരെ കൂട്ടിച്ചേർത്ത് ഇടവക രൂപികരിക്കുവാൻ സഹായിക്കുന്നതാണോ മിഷൻ? 'അമേരിക്കയിലെ സ്വതന്ത്രസുറിയാനിസഭ' എന്ന് സാങ്കൽപികമായി പേരുമാത്രം ഉള്ള ഒരു 'സഭ'യുടെ 'ഇടവക'യായി രൂപീകരിച്ചിരിക്കുന്ന 'സെന്റ് ജെയിംസ്' ഇടവക തൃശൂർ ഭദ്രാസനത്തിന്റെ 'മിഷൻ സെന്റർ' എന്ന ഇരു സ്വഭാവം എങ്ങനെ പൊരുത്തപ്പെടുന്നു. മാത്രവുമല്ല, അവർ സുറിയാനി ഓർത്തഡോക്സ സഭയുടെ വിശ്വാസ പൈതൃകം സംരക്ഷിക്കുന്നു എന്ന് അവകാശപ്പെടുമ്പോൾ 'ഓർത്തഡോക്സ് സുറിയാനി സഭ' എന്ന തലതിരിഞ്ഞ 'സഭയുടെ' ജനപിന്തുണയില്ലാത്ത തൃശൂർ ഭദ്രാസനത്തിന്റെ 'മിഷൻ കേന്ദ്ര'മാകുന്ന സൂത്രവിദ്യ ഒന്നുവിശദീകരിക്കാമോ? ഓർത്തഡോക്സ് സഭയുടെ മാനേജിംഗ് കമ്മറ്റിയംഗം കഴിഞ്ഞലക്കം 'മലങ്കര സഭാദീപ'ത്തിൽ എഴുതിയിരിക്കുന്നത് വിശ്വസിക്കാമെങ്കിൽ മോർ മിലിത്തിയോസിന്റെ ഭദ്രാസനത്തിൽ ആയിരത്തിൽ താഴെ മാത്രം അംഗങ്ങളാണുള്ളത്. അത് തന്നെ പെരുപ്പിച്ചതാകാനാണ് സാധ്യത. ആ ഭദ്രാസനത്തിലെ ബഹുഭൂരിപക്ഷം വൈദീകരും വിശ്വാസികളും ഇദ്ദേഹത്തെ ഉപേക്ഷിച്ചിട്ട് വർഷങ്ങളായി. അവരുടെ വിയർപ്പും കാണിക്കയും ഉപയോഗിച്ച് പണിത അരമന കൈയ്യടക്കി വച്ചിരിക്കുന്ന 'മിഷൻ' ആണ് അദ്ദേഹം തൃശൂർ ഭദ്രാസനത്തിൽ നടത്തുന്നത്. ലോഡാഞ്ചലസിലെ 'മിഷൻ' പ്രവർത്തനം എന്നത് സഭയും പള്ളിയും പൈതൃകവും നഷ്ടപ്പെട്ട ഒരു വൈദീകന്റെയും പാർശ്വവർത്തികളുടെയും വിട്ടുവീഴ്ചയില്ലാത്ത അഹങ്കാര മനസ്ഥിതി മൂലം സ്ഥാപിതമായ ഒരു സാങ്കൽപിക 'സഭ'യുടെ 'കൂട്ട'ത്തെ ആശിർവദിക്കുക എന്ന 'മിഷൻ' മാത്രമാണ്. സമ്പന്നന്മാരായ സുറിയാനിക്കാരുടെ മെത്രാൻ ബഹുമാനത്തിന്റെ സൂചകമായി അവർ നൽകുന്ന 'കനത്ത' കവറിന്റെ ആകർഷണമാകുന്ന 'മിഷൻ' ലാഭം ലോപം കൂടാതെ കിട്ടും എന്നും അദ്ദേഹത്തിനറിയാം. രണ്ടു ഡസൻ കവറിലൂടെ ലഭിക്കുന്ന 'കവറിന്റെ' ഇൻഡ്യയിലെ മൂല്യം ഈ 'മിഷൻ' 'വേല'ക്ക് പ്രചോദനം ലഭിച്ചു എന്നും മനസ്സിലാക്കാം.

### 3. "Your Properly Shall be yours alone"

മോർ മിലിത്തിയോസ് അവർക്ക് നൽകിയിരിക്കുന്ന ഒരു വാഗ്ദത്തമാണ് മോൽകാണുന്നത്. 'താൻ അവരുടെമേൽ അധികാരിയോ അധിപനോ ആയിരിക്കുകയില്ലെന്നും ആ ഇടവക ഭരിക്കേണ്ടത് അവർ തന്നെ ആയിരിക്കണമെന്നും' അദ്ദേഹം അവരോട് പറയുന്നുണ്ട്. അവർക്കാവശ്യമുള്ളപ്പോൾ മാത്രം തന്റെ സഹായങ്ങൾ നൽകാമെന്നുമാണ് വാഗ്ദത്തം. തുടർന്ന് പറയുന്നത് അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ ശ്രദ്ധിക്കുക "We shall be one people in the syric orthodox faith". താൻ ഇപ്പോൾ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 'മെത്രാൻ' ആണെന്ന് ആണയിടുന്ന ഈ മെത്രാൻ പറയുന്നു തന്റേത് 'സുറിയാനി ഓർത്തഡോക്സ്' വിശ്വാസമാണെന്ന്! സുറിയാനി ഓർത്തഡോക്സ് സഭയിലെ അംഗമല്ല, പക്ഷേ എന്റെ വിശ്വാസം അതാണ്. അമേരിക്കയിലെ സമ്പന്നന്മാരായ സുറിയാനിക്കാരെ കൈയ്യിൽ കിട്ടിയാൽ 'സ്വത്തും പള്ളിയും ഭരണവും എല്ലാം നിങ്ങൾക്കാകാം' ആവശ്യപ്പെട്ടാൽ മാത്രം ഞാൻ വന്ന് സഹായിക്കാം. ഹാ! എന്തൊരു വിനയം! എന്തൊരു താഴ്മ!! പക്ഷേ ഈ 'സുറിയാനി ഓർത്തഡോക്സ്'കാരൻ മെത്രാനും കൂട്ടാളികളും കേരളത്തിലെ സാധാരണക്കാരായ സഭാഭ്രഷ്ടരല്ലാത്ത സുറിയാനിക്കാരെ കാണുമ്പോൾ പറയുന്നു നിങ്ങളുടെ പള്ളിയും സ്വത്തും എല്ലാം ഞാൻ (ഞങ്ങൾ) ഭരിച്ചുകൊള്ളാം! നിങ്ങളുടേതെല്ലാം എന്റേതാണ് ! പള്ളിയിൽ ഞാൻ ഭരിക്കും നിനക്കെന്താ കാര്യം? പള്ളിക്ക് പണം നൽകി പണിയിച്ച ഇടവകക്കാരൻ മരിച്ചാൽ ശവം പെട്ടിയിൽനിന്നും തള്ളിയിട്ട് അവമാനിക്കും! എന്താ മിലിത്തോസേ! സർവ്വശക്തനായ ഡോളറിനുമുന്നിൽ കണ്ണ് മങ്ങിപ്പോകുന്നോ? മണ്ണൂത്തി അരമന ആരുടെ 'Property' ആണെന്ന് ഒന്ന് ചിന്തിക്കുമോ? അതിന് ധനം വ്യയം ചെയ്തവരോടും ഇതൊന്ന് പറയാമോ? സെന്റ് ജയിംസ് ഇടവകയിലെ വികാരിയെ ആര് നിയമിച്ചു? അദ്ദേഹത്തിന്റെ ഇടവകയാണോ 'മിഷൻ' ആണോ ആദ്യം ഉണ്ടായത്. മെത്രാപ്പോലീത്തയും ഭദ്രാസനവും സഭയും ഇല്ലാത്ത 'ഇടവക'യുണ്ടോ? തൃശൂർ മെത്രാച്ചന് ലോഡാഞ്ചലസിൽ മിഷനും ഇടവകയും കൂട്ടികുഴച്ച് സംരക്ഷിക്കുവാൻ പ്രചോദനം നൽകിയതിന്റെ മോട്ടിവേഷൻ പച്ചപ്പാവമാണെങ്കിലും കക്ഷിബലത്തിലും വൈരാഗ്യത്തിലും കാന്താരി തന്നെയാണെന്ന് സ്വയം തെളിയിച്ച ബർണബാസ് തിരുമേനിയുടെ സാക്ഷ്യം ധാരാളം മതിയല്ലോ!

'This will be a blow to the Patriarch' അതേ! പാത്രിയർക്കീസിനെ 'ഇടിക്കാൻ' കിട്ടുന്ന ഒരവസരവും സാത്വികനായ ബർണബാസ് തിരുമേനിക്ക് പോലും വിലപ്പെട്ടതുതന്നെ. മോർ മിലിത്തിയോസ് മുതൽ റ്റാർസി അച്ചൻ വരെ ഹൃദയം തുറന്ന് മനസ്സിലാക്കേണ്ട ഒരു സത്യമാണിത്. നിങ്ങൾ ഉൾപ്പെടെ എല്ലാവരും മെത്രാൻകക്ഷികൾക്ക് കേവലം 'ഇടികട്ട'കളാണ്. അവർ നിങ്ങളെ സഹിക്കുന്നതു തന്നെ പാത്രിയർക്കീസിനെ ഇടിക്കാൻ നിങ്ങളെ ഉപയോഗിക്കുവാൻ വേണ്ടി മാത്രമാണ്. ഇത് തിരിച്ചറിയാത്തവർ നിങ്ങൾ മാത്രം! വൈരാഗ്യം ജയിക്കട്ടെ!

### 4. മലർപൊടിക്കാരന്റെ സ്വപ്നം

മക്കാറിയോസ് തിരുമേനി കാണുകയും പ്രസ്താവിക്കുകയും ചെയ്തിരുന്ന ഒരു സ്വപ്നമായിരുന്നു മെത്രാൻകക്ഷിക്കാരുടെ വകയായി വാഴിക്കപ്പെടുന്ന ഒരു പാത്രിയർക്കീസ് ബാവ അന്ത്യോഖ്യാ പാത്രിയർക്കീസ് എന്ന പേരിലുണ്ടാവുക എന്നത്! അബ്ദുൾ മ്ശിഹ മുതൽ കാത്തിരുന്നിട്ട് കൈയ്യിൽ കിട്ടിയ ഒരു വിലപ്പെട്ട കനിയാണ് 'ഫാദർ റ്റാർസിയും' ഏതാനും കാലാൾപടയും! അവിടെ ശെമ്മാശന്മാരെയും ശുശ്രൂഷിമാരെയും 'വാഴിച്ചാക്കി' എന്ന് കേട്ടപ്പോൾ തന്നെ ചില 'അല്പ'ത്വങ്ങളും പുറത്ത് വന്നിട്ടുണ്ട്. ഇവരിൽനിന്നും 'മെത്രാന്മാരും പാത്രിയർക്കീസ് തന്നെയും ഉണ്ടായിക്കൂടെന്നില്ല' എന്നാണ് ഈ വക കാരണം! പാവം മക്കാറിയോസ് തിരുമേനി ദിവാസ്വപ്നം കണ്ടുകണ്ട് മിണ്ടാട്ടമില്ലാത്ത അവസ്ഥയായി. ഇപ്പോഴിതാ വിണ്ടുമൊരു സ്വപ്നാടകൻ രംഗത്ത് വന്നിരിക്കുന്നു. ആഗ്രഹവും സ്വപ്നവും കാത്ത് സൂക്ഷിക്കുക! മലർപൊ

ശേഷം ആറാം പേജിൽ

## മണ്ണൂത്തി മാർ മിലിത്തിയോസിന്റെ മിഷൻ പരാക്രമങ്ങൾ അഞ്ചാം പേജിൽ നിന്ന് തുടർച്ച

ടിക്കാരന് പറ്റിയ അബദ്ധം വരാതെ സ്വയം കാക്കുക.

### 5. ആസ്ഥാന വിദ്വാന്മാരുടെ ആഹ്ലാദം

കേരളത്തിലെ ഒരു സദാ ഓർത്തഡോക്സ്-യാക്കോബായ ഇടവകയിൽനിന്നും അടുത്ത കാലത്ത് പെന്തക്കോസ്ത്-റിവൈവൽ കൂട്ടായ്മകളിലേയ്ക്ക് കുടിയേറിയവരുടെ സംഖ്യയേക്കാൾ (ഉദാ- കോട്ടയം ഏലിയാ കത്തീഡ്രൽ) വളരെ കുറച്ചുമാത്രം കുടുംബങ്ങൾ 20 വർഷത്തിലധികം വികാരിയായിരുന്ന ഒരച്ചന്റെ സഭാഭ്രഷ്ടിനോടൊപ്പം പങ്കുചേർന്ന സംഭവത്തെയാണ് ICON എന്ന ഫോറത്തിലെ ആസ്ഥാന വിദ്വാന്മാരായ ഏതോ ഒകരു തോമസും ജോർജ്ജും ചേർന്ന് ഒരു വിശ്വസ്പർശിയായ സംഭവമാക്കി പെരുപ്പിച്ച് കാണിച്ചിരിക്കുന്നത്. തികച്ചും അവഗണിക്കേണ്ട ഈ നിസാരസംഭവം വിശദീകരിക്കാൻ 'വിശ്വാസസംരക്ഷകനും' ഈ സ്ഥലവും അധ്വാനവും ചെലവഴിക്കേണ്ടി വന്നതിന്റെ കാരണക്കാരും അവരും മോർ മിലിത്തിയോസുമാണ്. 'തുത്തുകുണുക്കിപക്ഷി' എന്നു പേരുള്ള ഒരു കൊച്ചുകിളിയുടെ മനോഭാവം അതിന്റെ തൂവൽ ഇളകുന്നതോടൊപ്പം ഭൂലോകം മുഴുവൻ കുലുങ്ങുന്നു എന്നാണ് സങ്കൽപം. മോർ മിലിത്തിയോസിന്റെ ഭാവം അദ്ദേഹത്തിന്റെ ജീവിതത്തിലെ 'അവിസ്മരണീയമായ ചരിത്രദിനം' ആണ് ഈ 'മൂടക്കപ്പെട്ടവരുടെ കൂട്ടായ്മ' നടന്ന 2007 ജനുവരി 7 എന്നാണ്! കോലഞ്ചേരികോളേജിൽ മലയാളം ബി.എ.യ്ക്ക് പഠിക്കുവാൻ ചെന്ന മുറിമാക്കിൽ രാജനെ കൂടെ താമസിപ്പിച്ച് പ്രോത്സാഹിപ്പിച്ച് ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായെക്കൊണ്ട് ശെമ്മാശനാക്കിയതും കാജാ ബീഡിയുടെ വലിപ്പം ഇല്ലാതിരുന്ന ഈ മുറിമാക്കി ശെമ്മാശനെ ബാംഗ്ളൂരിൽ അയച്ച് സഭാ ചെലവിൽ ബി.ഡി.എം.റ്റി.എച്ചുകാരനാക്കി പാത്രിയർക്കാ അരമനയിലയച്ച് സുറിയാനിയും പഠിപ്പിച്ച തോമസ് പ്രഥമൻ ബാവായോ എല്ലാ സ്ഥാനങ്ങളും നൽകിയ പൗലോസ ദ്വിതീയൻ ബാവായോ ചിക്കാഗോയിലെ സാഖാ പ്രഥമൻ ബാവായോ മെത്രാൻ സ്ഥാനത്തേയ്ക്ക് വിളിച്ചാക്കിയവരോ ഒന്നും അദ്ദേഹത്തിന് സ്മരണീയരോ ആ ദിവസങ്ങളൊന്നും അദ്ദേഹത്തിന് ചരിത്രമുഹൂർത്തങ്ങളോ അല്ലാതായതിന്റെ കാരണങ്ങൾ ഏവർക്കും അറിയാം. എന്നാൽ കയറിപ്പോയ ഏണിപ്പടികൾ ചവുട്ടി ഒടിക്കുവാനും പാത്രിയർക്കീസിനെ ഇടിക്കുവാൻ 'ഇടികട്ട' ആയ ദിവസവും 'അവിസ്മരണീയ'മാകുന്ന മനസ്ഥിതി മാനുഷികവും മൃഗീയവുമല്ല എന്നു പറയുന്നതുപോലും മനുഷ്യർക്കും മൃഗങ്ങൾക്കും മാനഹാനിക്കിടയാകും എന്നതുകൊണ്ട് 'പൈശാചികം' എന്നുമാത്രം പറയട്ടെ! (പിശാച് മാനനഷ്ടത്തിന് കേസുകൊടുക്കുമോ എന്ന് സംശയിക്കുന്നു).

പകയും വിദ്വേഷവും മാത്രം വമിപ്പിക്കുന്ന തോമസ് പി.ക്ക് കാലുമാറ്റത്തോടെ ഫാദർ റ്റാർസി പണ്ഡിതാഗ്രേസരനും സുറിയാനിപൈതൃകത്തിന്റെ നട്ടെല്ലുമായിരിക്കുന്നു. ഇദ്ദേഹം 2002 മുതൽ വിഘടനവാദത്തിന് നേതൃത്വം നൽകികൊണ്ടിരുന്നപ്പോഴൊക്കെ സുറിയാനിസഭയിലെ പ്രശ്നങ്ങൾ പെരുപ്പിച്ച് കാണിക്കുവാനുപയോഗിച്ചിരുന്ന ഒരു വടി മാത്രമായിരുന്നു. തോമസ് കാണുന്ന സ്വപ്നത്തിൽ മലങ്കര മെത്രാൻ കക്ഷിയുമായി ഐക്യം കാംക്ഷിക്കുന്ന മെത്രാന്മാരും ഉണ്ട്. തോമസും മിലിത്തോസും ഐക്കണും മുൻകൈ എടുത്ത് റ്റാർസി വഴി ഈ ഐക്യം ഉണ്ടാക്കിയിരുന്നെങ്കിൽ അതോടെ തീരുമായിരുന്ന അനേകം വിതാണ്ഡവാദങ്ങൾക്കറുതി വരുമായിരുന്നു. വംശീയ-ദേശീയ-സ്വയം ശീർഷക വാദങ്ങൾക്ക് പിൻബലമായി പറഞ്ഞിരുന്ന എത്രയോ വാദമുഖങ്ങൾക്കാണ് ഈ മിലിത്തോസ്-തോമസ് മാർ ഉത്തരം പറഞ്ഞിരിക്കുന്നത്. മിലിത്തോസിന്റെ ഈമെയിൽ പറയുന്ന 'hate mail' എന്ന വിശേഷണം വിശദീകരിക്കുന്ന 'ഇടി' അദ്ദേഹത്തിന്റെ നടപടികളിലും മെയിലിലും ചേർത്താൽ കിട്ടുന്നത് 'ഇടിമെയിലും' 'ഇടിനടപടി'യുമായിരിക്കില്ലേ? മോർ ബർണബാസിന്റെ ഈ 'blow' വിദ്വേഷസാഹിത്യത്തിനുള്ള ഏറ്റം പുതിയ സംഭാവനയാണ്. അത് വെളിവാക്കിയ മിലിത്തോസിന് നന്ദി!

ജോർജി എന്ന 'സമാധാനസ്നേഹിക്ക്' കുറേക്കൂടി യാഥാർത്ഥ്യബോധമുണ്ടെന്ന് അദ്ദേഹത്തിന്റെ തന്നെ 'ഇടിമെയിൽ' വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം വാദിച്ച് വാദിച്ച് വാദിയെ പ്രതിയാക്കിയിരിക്കുകയാണ്. 1772 ൽ മോർ ഗ്രിഗോറിയോസ് യൂഹാനോൻ കാട്ടുമങ്ങാട്ട് മോർ കൂറിലോസിനെ വാഴിച്ചതും 1842 ൽ ഏലിയാസ് രണ്ടാമൻ പാത്രിയർക്കീസ് പാലക്കുന്നത്തെ മെത്രാച്ചനെ വാഴിച്ചതും വട്ടശേരിൽ തിരുമേനിയെ മുടക്കിയതുമൊക്കെ മഹാപാതകമാണ് എന്നാണ്. ജോസഫ് മോർ ദിവന്നാസ്യോസ് അഞ്ചാമനെ വാഴിച്ചതോ പരുമല തിരുമേനിയെ വാഴിച്ചതോ അബ്ദുൾ ജലീൽ ബാവ ഭരണക്രമീകരണം നിർവ്വഹിച്ചതോ ഒന്നും കുറ്റമായി കാണുന്നില്ല, ഭാഗ്യം? എന്താണ് ഈ വാദങ്ങളുടെ ചുരുക്കം? മോർ മിലിത്തോസ് ഇവിടെ ഇടപെട്ടത് ശരിയായില്ല എന്നു തന്നെയല്ലേ? ഈ പത്രഭാഷയുടെ പൊരുൾ തിരിച്ചറിയാൻ പ്രത്യേക സിദ്ധി വേണം. എന്നാൽ ഫാദർ റ്റാർസി ഇതാ ഇദ്ദേഹത്തിനും സർവാരാധ്യനായിരിക്കുന്നു! സെമിനാരിയും ഗവേഷണകേന്ദ്രവും എല്ലാം എല്ലാം ഇദ്ദേഹം വഴി മാത്രം! മ.ഒ. സഭയ്ക്ക് പാത്രിയർക്കീസ് ബാവ ചെയ്തുകൊടുത്ത ഈ സുകൃതത്തിനുവേണ്ടി എങ്കിലും ബാവായെ ബർണബാസിന്റെ 'ഇടി'യിൽനിന്നും ഒഴിവാക്കരുതോ? പരി. ബാവ മുടക്കിയതുകൊണ്ടാണല്ലോ ഈ 'മഹാമൽപാനെ' അമേരിക്കൻ ഭദ്രാസനത്തിന് കിട്ടുന്നത്? കിട്ടുമോ? കിട്ടിയാൽ പറ്റുമോ? ഈ ഇടവകയും വികാരിയും സ്വതന്ത്രരല്ലേ? ഈ ഭദ്രാസന മെത്രാന്മാർക്ക് അവരുടെ മേൽ തെല്ലധികാരമതും! എന്തു ചെയ്യാം. ഇതെല്ലാം ഒരു വൈരുദ്ധ്യ കൂട്ടായ്മയാണ്. ജോർജിക്ക് ചിലതൊക്കെ മനസിലായിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ 'unsolicited advice' ഇവരെ ഒരു വില പേശലിനുമാത്രം ഉപയോഗിക്കാം എന്നാണ്. ഔഗേൻ തിരുമേനിയെ സ്ഥലം മാറ്റിയാൽ ഇവരെ വിട്ടുകൊടുക്കാൻ വില പേശാം എന്നൊക്കെയാണ് സൗജന്യമായ ഉപദേശം! സൂത്രത്തിൽ ഒരു അബ്ദുൾ മ്ശിഹ ഫൗണ്ടേഷൻ ഉണ്ടാക്കാനുള്ള തന്ത്രവും ഇദ്ദേഹം ഉപദേശിക്കുന്നുണ്ട് ! ജിവിച്ചിരുന്നപ്പോഴും മരിച്ചശേഷവും ഒരു അനുയായിയെ പോലും കിട്ടാതിരുന്ന ഈ ഹതഭാഗ്യനുവേണ്ടി പത്ത് സുറിയാനിക്കാരെ 'വെടക്കാക്കി' എടുക്കുവാനുള്ള കൗശലത്തിനുള്ള പേരാണോ 'സമാധാനസ്നേഹി' എന്നത്! തോമസ് പി.എന്ന മഹാത്മാവ് നൽകുന്ന മറ്റൊരു ഉപദേശം അതിശ്രദ്ധാർഹമാണ്. 'വിശ്വാസസംരക്ഷകൻ' വായിക്കുന്നവർക്ക് സംശയമുണ്ടാകും. അതുകൊണ്ട് അദ്ദേഹം പറയാതെ പറയുന്നു നിങ്ങൾ മറ്റൊന്നും വായിക്കരുത്! കുഞ്ഞുണ്ണി മാഷ് പറഞ്ഞത് മറക്കരുത്! വായിച്ചില്ലെങ്കിൽ വളയും! ഈ വളയലാണ് തോമസ് മാഷിന് കൗതുകം! അദ്ദേഹത്തിന്റെ തന്റെ മറ്റൊരു ഉപദേശം കേൾക്കുക, 'Our responsibility is not follow allegations, but what H.H. Catholicose and our Metropolitans accepted' ഈ ഒരു ഉപദേശം വട്ടശേരിൽ തിരുമേനിക്കും ഈ മിലിത്തോസ് തിരുമേനിക്കും അതതു സമയത്ത് കൊടുക്കുവാൻ ഈ തോമസ് മാഷ് അവരൊത്ത് ഉണ്ടായിരുന്നെങ്കിൽ ഈ സഭയുടെ ഗതി എത്ര വ്യത്യസ്തമായിരുന്നേനെ! പക്ഷേ എന്തു ചെയ്യാം ഈ തോമസ് മാഷ് കഠിനാദ്ധ്വാനം ചെയ്തുകൊണ്ടിരിക്കുന്നത് പാത്രിയർക്കീസിന് തരം കിട്ടുമ്പോഴൊക്കെ 'ഇടിമെയിൽ' കൊടുത്ത് സംതൃപ്തി അടയുവാനാണ്. ഈശ്വരോ രക്ഷതു!

### 6. സാമ്പത്തിക വിഷയം

മോർ മിലിത്തോസിന്റെ സ്വയന്യായീകരണ 'ഇടിമെയിലിൽ' ഒരു അനുബന്ധക്കുറിപ്പുകൂടി ഉണ്ട്. നമ്മുടെ ഫോറത്തിന്റെ പേരുപറയാതെ ഒരു 'വിദ്വേഷമെയിൽ' എന്ന പേരിൽ ആക്ഷേപിക്കുന്നുമുണ്ട്. അദ്ദേഹം എഴുതി തള്ളപ്പെട്ട കേസാണെന്ന ബോധ്യവും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തെ വെറുതെ വിടാൻപാടില്ലേ? എന്നും ചോദിച്ച് ഒരു ചോദ്യവർഷമാണ് നടത്തിയിരിക്കുന്നത്. ഔഗേൻ തിരുമേനി ശേഖരിച്ച 6 ദശലക്ഷം ഡോളർ എവിടെ? ഏഴുമാസം അദ്ദേഹം ഭദ്രാസനത്തിൽ നിന്നും മാറിനിന്നതെന്തുകൊണ്ട്? ബർബാങ്ക് പള്ളി എന്ന വലിയപള്ളി മാത്രമല്ലേ ഈ ഭദ്രാസനം? നൈജീരിയായിലേയ്ക്ക് 28 ദശലക്ഷം ഡോളർ കടത്തിയില്ലേ? ശീശക് തിരുമേനി 82000 യൂറോ കടപ്പെടുത്തിയതെന്തിന്? പാത്രിയർക്കീസ് ശീശക് തിരുമേനിയുടെ ശരീരം പോസ്റ്റ്മോർട്ടം നടത്താൻ അനുവദിക്കാഞ്ഞത് എന്തുകൊണ്ട്? തുടങ്ങി വാളൂരി നാലുപാടും വെട്ടിവീശി വീരനായി നിൽക്കുന്ന ഈ മിലിത്തോസ് പക്ഷേ ഒരു കാര്യം മറന്നുപോയി. അദ്ദേഹം തന്നെ തുറന്നു തുടർന്ന് പറയുന്നത് ഇപ്പോൾ ഞാൻ മലങ്കര ഓർത്തഡോക്സ് സിറിയൻ സഭയിലെ മെത്രാപ്പോലീത്ത ആണ്.... ഞാൻ അവരോടുമാത്രം മറുപടി പറയുവാൻ ബാധ്യസ്ഥനാണ് എന്ന്? എന്താ തിരുമേനി ഈ ചോദ്യങ്ങൾ ഒക്കെ മ.ഒ. സഭാ കാര്യങ്ങളാണോ? ഈ സഭയെ വഞ്ചിച്ച് കാലുവാരി പുറത്തു പോയിട്ട് – ഈ സഭാംഗങ്ങൾ നൽകിയ സംഭാവനകളും സമ്പാദ്യങ്ങളും തട്ടിമാറ്റിയിട്ട് – സ്വന്തക്കാരെയും സ്നേഹിതരെയും ആവേശത്തോടെ പഠിപ്പിച്ച മൂല്യങ്ങളെയും ത്യജിച്ച് മാറിനിന്ന് 'ഞാൻ മ.ഒ. സഭയിലെ മെത്രാനാണ്' നിങ്ങൾക്കെന്തുകാര്യം എന്ന് ചോദിക്കുന്ന 'തിണ്ണമിടുക്ക്' അപഹാസ്യമാണ്. അങ്ങ് ചോദിക്കുന്ന ഈ ചോദ്യങ്ങൾ മ.ഒ. സഭാ സംബന്ധമായാണോ? തിരുമേനി പറയുന്ന ദശലക്ഷങ്ങളുടെ ഡോളർ സമ്പാദ്യങ്ങൾ കബളിപ്പിക്കപ്പെട്ടു എന്ന് വാദത്തിന് പറഞ്ഞാൽപോലും അവയെല്ലാം അതിജീവിക്കുവാൻ അവർക്ക് കഴിഞ്ഞല്ലോ? ആ ജനങ്ങളിൽ ഒരച്ചനും രണ്ട് ഡസൻ കുടുംബങ്ങളും ഒഴിച്ചുള്ളവർക്കും ഇപ്പോൾ അങ്ങേയ്ക്കും ഒഴിച്ച് മറ്റുള്ളവർക്കും അതൊരു പ്രശ്നമല്ലെങ്കിൽ ഈ ചോദ്യവഴിയുടെ ഉദ്ദേശം മറ്റൊരു 'അടി' കൊടുക്കൽ മാത്രമല്ലേ? പാലു തന്ന കൈയ്ക്ക് കടിക്കുന്ന പേയ് പിടിച്ച നായുടെ കുര പോലുള്ള ഈ ചോദ്യങ്ങൾ പേയ് വിഷത്തേക്കാൾ കഠിനവും വേദനാജനകവുമാണ്. പേവിഷബാധയ്ക്ക് മരുന്നില്ലല്ലോ തിരുമേനി! ശീശക് തിരുമേനിയുടെ മരണം അസ്വഭാവികമായിരുന്നു എന്നും 'ഒട്ടോപ്സി'ക്ക് പാത്രിയർക്കീസ് സമ്മതിച്ചില്ല എന്നും പറയുന്ന മിലിത്തോസ് തലങ്ങും വിലങ്ങും 'കടി'ക്കുവാനും 'അടി'ക്കുവാനുമാണിവിടെ ശ്രമിക്കുന്നത്. അസ്വഭാവിക മരണം ഹോട്ടൽ മുറിയിൽ നടന്നാൽ പാത്രിയർക്കീസ് പറഞ്ഞാൽ ജർമ്മൻ പോലീസ് ഓട്ടോപ്സി ഉപേക്ഷിക്കും എന്നു പറഞ്ഞതുകൊണ്ട് അൽപം ആശ്വാസം തോന്നുന്നു. ഒന്നുകിൽ ഈ പാത്രിയർക്കീസിന് ജർമ്മൻ പോലീസിനെപോലും സ്വാധീനിക്കുവാൻ സാധിക്കുന്ന മഹത്വം ഉണ്ട്. അല്ലെങ്കിൽ ജർമ്മൻ പോലീസ് സ്വാധീന വിധേയരാണ്. അതുമല്ലെങ്കിൽ മോർ മിലിത്തിയോസിന്റെ ഈ 'കടി' കേവലം ഒരു 'അടി' മാത്രമാണ്. യാഥാർത്ഥ്യം എന്തെന്ന് പാകതയും വിവേകവും ഉള്ളവർ സ്വയം തീരുമാനിക്കട്ടെ! മാത്രവുമല്ല, സഭയിൽ നിന്നും സ്വയം പുറത്തുപോയ മിലിത്തോസിന് ഇതേക്കുറിച്ച് പറയുവാൻ സ്വന്തം വാദമുഖപ്രകാരം തന്നെ എന്ത് കാര്യം?

### 7. വികലമായ ചരിത്രാവലോകനം

മോർ മിലിത്തോസിന്റെ 'അടിമെയിലി'ന് ഒരു ചരിത്രാമുഖം കൊടുത്തിട്ടുണ്ട്. "മാർ തോമാശ്ലീഹാ സ്ഥാപിച്ച മലങ്കരസഭ തജേശിയ സഭയും പൗരസ്ത്യസഭകളിൽനിന്നും പലപ്പോഴായി സഹായം സ്വീകരിച്ചിരുന്നു. പേർഷ്യൻ അന്ത്യോഖ്യൻ സഭകളും ഇതിൽപെടും. പൗരസ്ത്യരീതികളിൽ പരിചയിച്ചിരുന്ന നമ്മുടെ പിതാക്കന്മാർ കത്തോലിക്കാധിപത്യത്തെ ചെറുക്കുവാൻ പൗരസ്ത്യസഭകളോടപേക്ഷിച്ചു. അന്ത്യോഖ്യൻ സഭ സഹായിച്ചു. സന്തോഷത്തോടെ നാം അവരെ സ്വീകരിച്ച് അവരുടെ ദൈവശാസ്ത്രം, ആരാധനാക്രമം മറ്റ് ആചാരരീതികൾ സ്വായത്തമാക്കി. പിന്നീട് അന്ത്യോഖ്യായിൽ അധികാരത്തിൽ വന്നവർ ഭരണനിയന്ത്രണങ്ങൾ നമ്മുടെ മേൽ ചുമത്തി. നൂറുവർഷത്തിലധികമായി തുടരുന്ന കേസുകൾ ഈ പരിശ്രമത്തോടുള്ള നമ്മുടെ എതിർപ്പാണ്. നമുക്ക് സമയോചിതമായ അവരുടെ സഹായത്തിന് നന്ദി ഉണ്ടെങ്കിലും നമ്മുടെ ദേശീയ, വംശീയ, സാംസ്കാരിക പ്രത്യേകതകൾ ഒന്നും തന്നെ അടിയറവയ്ക്കുവാനും സാധ്യമല്ല". ആരും സംശയിക്കരുത് ഇത് മണ്ണൂത്തി മോർ മിലിത്തോസ് 2007 ജനുവരി മാസാദ്യം എഴുതിയ 'ചരിത്ര' സൂചനയാണ്. ഇതിലെ ചരിത്ര വികലതകൾ ചൂണ്ടികാണിക്കുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. എന്നാൽ 1998 വരെ അച്ചനായും വൈദീധ്യാപകനായും മെത്രാനായും സുറിയാനിസഭയിൽ നിന്ന കാലത്ത് ഈ ചരിത്രബോധം എവിടെയായിരുന്നു? അതോ പെന്തിക്കോസ്തുകാരൻ വെളിപാടുണ്ടായി മുങ്ങിപൊങ്ങുന്നതുപോലെ ചില വ്യക്തികളോടുള്ള വൈരാഗ്യം മൂത്ത് കാതോലിക്കാകക്ഷിയിൽ മുങ്ങിപൊങ്ങിയപ്പോഴുണ്ടായ വെളിപാടാണോ ഈ ചരിത്രാഭാസം? തദ്ദേശീയ സഭയാണ്, കിഴക്കൻ സഭകളുമായി ബന്ധമുണ്ടായിരുന്നു, അന്തയോഖ്യൻ സഭയുമായും പേർഷ്യൻ സഭയുമായും (പേർഷ്യയിലെ ഏത് സഭ എന്ന് വ്യക്തമാക്കിയിട്ടില്ല) ബന്ധമുണ്ടായിരുന്നു, പൗരസ്ത്യ സഭകളിലേക്കെഴുതി, അന്ത്യോഖ്യർ വന്നു, എല്ലാം സ്വീകരിച്ചു, നന്ദിയുണ്ട്, അതിക്രമങ്ങളെ ചെറുത്തു, നൂറുകൊല്ലത്തെ ചെറുത്തുനിൽപ് എന്നൊക്കെ താളത്തിൽ പറയുന്ന ഈ നാണംകെട്ട ചരിത്രവിവരണക്കാരൻ 1998 വരെ വിശ്വസിച്ചതും പഠിപ്പിച്ചതും ഒക്കെ ഒറ്റ ഉറക്കത്തിൽ തന്നെ തള്ളിപ്പറഞ്ഞതിന് എന്ത് വിശദീകരണമാണുള്ളതെന്ന് വ്യക്തമാക്കാമോ? ഒന്നുകിൽ 1998 വരെ മനസാക്ഷിയെ വഞ്ചിച്ച് വേഷം കെട്ടി ജീവിച്ചു. അല്ലെങ്കിൽ 1998 ന് ശേഷം മ.ഒ.സു.കാരെ വഞ്ചിച്ച് വേഷം കെട്ടി അവരെ ചൂഷണം ചെയ്യുന്നു. ഇതിൽ രണ്ടിൽ ഏതായാലും അങ്ങയുടെ തൊലിക്കട്ടി അപാരം തന്നെ! ഒരു പ്രാർത്ഥനാഗീതത്തിന്റെ ഒരു വരി ചൊല്ലട്ടെ,

"മനസ്സിൽ ഗുണമില്ലാത്തവനേ
നിന്നോടാരുഗുണം ചെയ്യും?!"



പരിശുദ്ധ ബാവ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

# പൗരസ്ത്യ ദൈവശാസ്ത്രം നമ്മുടെ നിലനിൽപിന്റെ പ്രശ്നം

Dn. Davis P. Thankachan, Student, M.S.O.T. Seminary



## 1. ദൈവശാസ്ത്രം – തിയോളജി

തിയോളോഗിയ എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് തിയോളജി/ദൈവശാസ്ത്രം എന്ന പദത്തിന്റെ ഉൽഭവം. 'തെയോസ്' എന്നാൽ 'ദൈവം', 'ലോഗോസ്' എന്നാൽ 'വാക്ക്'. അതിനാൽ തിയോളജി എന്നാൽ ദൈവത്തെക്കുറിച്ചുള്ള ശാസ്ത്രം, ദൈവത്തെക്കുറിച്ചുള്ള അറിവ് എന്നിങ്ങനെ അർത്ഥമാക്കാം. ഒരിക്കലും ദൈവം മനുഷ്യന്റെ ഒരു പഠനവസ്തുവല്ല. എന്തെന്നാൽ താൻ സ്ഥലകാല ജ്ഞാനങ്ങൾക്ക് അതീതനും സത്തയിൽ പൂർണ്ണനുമാണ്. എന്നാൽ ദൈവത്തിന്റെ പ്രവർത്തന മാധ്യമങ്ങളിലൂടെയുള്ള ഭാഗീകമായ ഒരു അറിവ് സാധ്യവുമാണ്. അതിനാൽ എല്ലാ ക്രിസ്തീയ സഭകൾക്കും അവരുടേതായ ദൈവശാസ്ത്ര ദർശനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ വിശ്വാസാചാരങ്ങളുമുണ്ട്. ഇത്തരം വ്യത്യസ്ത ദൈവശാസത്ര ദർശനങ്ങൾ (കാഴ്ചപ്പാടുകൾ) ആണ് പ്രധാനമായും സഭകളുടെ വ്യത്യസ്ത വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്.

## 2. പാശ്ചാത്യ–പൗരസ്ത്യ ദൈവശാസ്ത്രങ്ങൾ

പാശ്ചാത്യ ദൈവശാസ്ത്രം പ്രധാനമായും സ്വയം നിർവചിക്കുന്നത് വിശ്വാസത്തിന്റെ യുക്തിപരവും ബൗദ്ധീകവുമായ വിശകലനമാണ്.പൗരസ്ത്യ ഓർത്തഡോക്സ് ദൈവശാസ്ത്രം; മനസിലാക്കുന്നത്– ഒരുവന്റെ ദൈവാനുഭവത്തിന്റെ സൈദ്ധാന്തികമായ പ്രതിഫലനമാണ്. വിശ്വാസത്തിന്റെ മഹത്വവും അതിന്റെ ബഹുർസ്ഫുരണവുമാണ് ഇതിന്റെ കാതൽ. ബുദ്ധിയേക്കാളും ധ്യാനാത്മക ആന്തരിക ദർശനവും, ബാഹ്യ കാഴ്ചയേക്കാൾ ആന്തരിക ദർശനവും, ദൈവത്തെപ്പറ്റി എന്നതിനെക്കാൾ ദൈവത്തെ അറിയുന്നതിനും ശ്രമിക്കുന്നതിലൂടെ പൗരസ്ത്യസഭയും ദൈവശാസ്ത്രവും പാശ്ചാത്യരോട് വേർപെട്ടിരിക്കുന്നു. പൗരസ്ത്യ ദൈവശാസ്ത്രത്തിന് ഊടും പാവും നൽകിയ കപ്പഡോഷിയൻ പിതാക്കന്മാർ ദൈവീക രഹസ്യങ്ങളെപ്പറ്റിയുള്ള അതിന്ദ്രീയ ധ്യാനമായാണ് ദൈവശാസ്ത്രം അവതരിപ്പിക്കുന്നത്. സുറിയാനി സഭയുടെ ദൈവശാസ്ത്ര സമീപനങ്ങൾ പലതും പൗരസ്ത്യ സഭകളുടെ ദൈവശാസ്ത്ര നിലപാടുകളോട് ചേർന്ന് പോകുന്നവയാണ്.

## 3. പാശ്ചാത്യ–പൗരസ്ത്യ സഭാ ദൈവശാസത്രത്തിന്റെ വളർച്ച

പാശ്ചാത്യ ദൈവശാസ്ത്രമൊന്ന് പൗരസ്ത്യ സഭകളുടേത് മറ്റൊന്ന്. കൽക്കദോന്യ സുന്നഹദോസ് (എ.ഡി. 451) ലൂടെ സഭകൾ തമ്മിൽ പിളർന്നശേഷം പാശ്ചാത്യ ലോകത്ത് ഒരു വേദശാസ്ത്രം വികസിച്ചു. ഈ പാശ്ചാത്യ ആത്മീകതയുടെ കേന്ദ്രം ജന്മപാപവും ബദൽ പരിഹാര മാർഗ്ഗവുമാണെങ്കിൽ പൗരസ്ത്യ ആത്മീയതയുടെ കാമ്പ് ശരീരത്തെയും ഭൗതീക സൃഷ്ടിയേയും ദൈവനാമമഹത്വത്തിനായി രൂപാന്തരപ്പെടുത്തുന്നതിനും അവയിലൂടെ ദൈവമഹത്വത്തെ പ്രകടമാക്കുന്നതിനുമുള്ള സ്വർഗ്ഗീയ വിളിയാണ്. പാശ്ചാത്യ ദൈവശാസ്ത്രം വി.അഗസ്റ്റിന്റെ ചിന്തകളെ അടിസ്ഥാനമാക്കിയിരിക്കുന്നു. അദ്ദേഹം ആകമാനസഭയുടെ ഒരു എപ്പിസ്കോപ്പ ആയിരുന്നുവെങ്കിലും ആകമാനസഭയുടെ മൽപാനായി പൗരസ്ത്യസഭ അംഗീകരിക്കുന്നില്ല.

## 4. ഇന്നിന്റെ അപകടം

പൗരസ്ത്യ സഭകൾ എല്ലാം തന്നെ (യാക്കോബായ, ഓർത്തഡോക്സ്, മലങ്കര റീത്ത്, മർത്തോമ്മ) അന്ത്യോഖ്യൻ ആരാധനാക്രമം ശ്രദ്ധയോടെ അനുഷ്ടിക്കുകയും ക്ലാസ്സ് മുറികളിലും, ചർച്ചകളിലും പാശ്ചാത്യ ദൈവശാസ്ത്രം പഠിപ്പിക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നതിലൂടെ ആരാധനയിലും വിശ്വാസത്തിലും വരുന്ന വൈരുദ്ധ്യത നാം തിരിച്ചറിയണം. പൗരസ്ത്യ ദൈവശാസ്ത്രത്തിൽ വിശ്വാസവും സ്നേഹവും ശരണവും മുൻതൂക്കത്തോടെ കാണുകയും ബുദ്ധിയും അതിൽനിന്ന് ഉത്ഭവിക്കുന്ന യുക്തിയും രണ്ടാം സ്ഥാനത്തേയ്ക്ക് തള്ളുകയും ചെയ്യുന്നു. പാശ്ചാത്യ ദൈവശാസ്ത്രത്തിൽ ഇതിന് തീർത്തും വിപരീതമായി സംഭവിക്കുന്നു. ഇതിന് ഒരു പരിഹാരം പൗരസ്ത്യ ദൈവശാസ്ത്രം കാലാനുസൃതമായി പരിപോഷിപ്പിക്കുകയും വിശദീകരിക്കുകയുമാണ്.

## 5. സഭയ്ക്ക് തനതായ ദൈവശാസ്ത്ര ദർശനം അനിവാര്യമോ?

ആരാധനാക്രമപരമായി ഒരു തനിമ കാത്ത് സൂക്ഷിക്കുന്ന സമൂഹമാണ് സിറിയൻ ഓർത്തഡോക്സ് സഭ. അതിനാൽ ദൈവശാസ്ത്രപരമായ തനിമയും അതിന്റെ വളർച്ചയും അത്യന്താപേക്ഷിതമാണ്. പൗരസ്ത്യ ദൈവശാസ്ത്രം പൊതുവെ ആരാധനാ ക്രമത്തിൽനിന്നും ഉരുത്തിരിയുന്നതാണ്. കാലികമായ ദൈവശാസ്ത്ര പിൻബലമില്ലാത്ത ആരാധനാക്രമം നിർജ്ജീവമാകും. ഓരോ കാലഘട്ടത്തിലും വിശ്വാസവും, വിശ്വാസികളുടെ അനുദിന ജീവിതസാഹചര്യവും തമ്മിൽ ബന്ധിക്കുമ്പോഴാണ് ദൈവശാസ്ത്രം യാഥാർത്ഥ്യമാകുന്നത്. അങ്ങനെ വിശ്വാസത്തിന്റെ തലത്തിൽ നിന്നുകൊണ്ട് അനുദിന യാഥാർത്ഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതാണ് ദൈവശാസ്ത്രാവിഷ്കരണം. ഇത് എല്ലാ വിശ്വാസ സമുഹത്തിലും ശാസോച്ഛ്വാസം പോലെ തുടരേണ്ടതാണ്. മൂന്നും നാലും നൂറ്റാണ്ടുകളിൽ ഉണ്ടായ വിശ്വാസസംബന്ധമായ വിഷയങ്ങളോടുള്ള പ്രതികരണമായിട്ടാണ്. നമ്മുടെ അലസന്ത്രിയന ദൈവശാസ്ത്രം വികസിച്ചത്. ഇതിൽനിന്ന് ശക്തി സംഭരിച്ചുകൊണ്ട് കാലിക പ്രസക്തമായി ദൈവശാസ്ത്രത്തെ വളർത്തുവാൻ ഇന്ന് സാധിക്കണം.

## 6. പാശ്ചാത്യ ദൈവശാസ്ത്രം സ്വീകരിക്കുന്നതിലുള്ള നമ്മുടെ പരിമിതം ഛണ വിശ്വാസ സിദ്ധാന്തങ്ങളിലുള്ള വൈരുദ്ധത

### i. വിശകലനങ്ങളിലുള്ള വ്യത്യാസം

മനുഷ്യബുദ്ധിക്കും യുക്തിക്കും അതീതമായ ദൈവത്തിന്റെ സ്വതവും, സത്തയുമൊക്കെ ശാസ്ത്രീയമായി അപഗ്രഥിച്ച് തത്വശാസ്ത്രങ്ങളിലൂടെ സകല ജ്ഞാനത്തേക്കാളും ഉപരിയായ ദൈവീക രഹസ്യങ്ങളെ യുക്തിക്കധീനമാക്കി വാക്കുകളിലേയ്ക്കും നിർവചനങ്ങളിലേയ്ക്കും മാത്രം ഒതുക്കിനിർത്തുവാൻ പാശ്ചാത്യ ദൈവശാസ്ത്രം ശ്രമിക്കുന്നു.

Eg:- St. Augustine (354–430 എ.ഡി.) ആണ് സംവാദാത്മകമായ പാശ്ചാത്യ ദൈവശാസ്ത്രത്തിന് അടിത്തറ പാകിയത്. അദ്ദേഹം വികസിപ്പിച്ചെടുത്ത ഈ ജ്ഞാനപരമായ മാതൃക ദൈവത്തെക്കുറിച്ചുള്ള ചിന്തകൾ ശാസ്ത്രീയമായും സൈദ്ധാന്തികമായും രൂപം പ്രാപിച്ചപ്പോൾ ദൈവം യുക്തിക്കും ബുദ്ധിക്കും ഉള്ളിൽ പരിമിതപ്പെടുന്ന ഒരു സത്വം ആയിമാറി. എന്നാൽ പൗരസ്ത്യ ദൈവശാസ്ത്രം ബുദ്ധിയേക്കാളും ധ്യാനാത്മക ആന്തരീക ദർശനവും ബാഹ്യകാഴ്ചയേക്കാൾ ആന്തരിക ദർശനത്തിനും ദൈവത്തെക്കുറിച്ച് എന്നതിനെക്കാൾ ദൈവത്തെ അറിയുന്നതിനും ശ്രമിച്ചു. അവർ ഒരു അതീന്ദ്രിയധ്യാനമായി ദൈവശാസ്ത്രത്തെ കണ്ടു.

### ii. സംസ്കാരങ്ങളിലെ വ്യത്യാസം

സംസ്കാരങ്ങളിലെ വ്യത്യാസം ആത്മീയ തലത്തിലും വിശകലന രീതിയിലും കാഴ്ചപ്പാടുകളിലും എല്ലാം വ്യത്യസ്തകൾ ഉണ്ടാക്കുന്നു. അതിനാൽ ദൈവശാസ്ത്ര നിലപാടുകളും വ്യത്യസ്തമാണ്. പാശ്ചാത്യ സംസ്കാരം എന്നാൽ റോമാ പട്ടണം കേന്ദ്രീകരിച്ചുള്ള യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക മുതലായ ഭൂപ്രദേശങ്ങളിലെ സംസ്കാരമാണ്. പൗരസ്ത്യ സംസ്കാരം എന്നത് കോൺസ്റ്റാന്റിനോപ്പിള് മുതൽ കിഴക്കോട്ടുള്ള രാജ്യങ്ങളുടെ സംസ്കാരമാണ്. ആത്മീയതലത്തിൽ ഈ വ്യത്യാസം പ്രകടമാക്കുന്നതിന് ഒരു ഉദാഹരണം പൗരസ്ത്യ സന്യാസികൾ കഠിന വൃതനിഷ്ഠരും സസ്യഭുക്കുകളുമാണ്. എന്നാൽ പാശ്ചാത്യ സന്യാസികൾ പൊതുവെ മാംസഭുക്കുകളും അവരുടെ വൃതകാഠിന്യം പൗരസ്ത്യരിൽനിന്ന് വ്യത്യസ്തവുമാണ്.

### iii. പരിശുദ്ധാത്മാവിനെ സംബന്ധിച്ച നിലപാട്

പൗരസ്ത്യസഭയും (ബെസൻന്റിയൽ സഭകൾ) അവരുടെ ദൈവശാസ്ത്രവും, റോമാ കേന്ദ്രമായ പാശ്ചാത്യ സഭയിൽനിന്നും പിരിയുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന്, പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള നിഖ്യാ; കുസ്തൻതീനോസ് വിശ്വാസപ്രമാണത്തിൽ പാശ്ചാത്യ സഭയുടെ കൂട്ടിച്ചേർക്കലുകളാണ് (പാശ്ചാത്യ ദൈവശാസ്ത്രപ്രകാരം പരിശുദ്ധാത്മാവ് പിതാവിൽനിന്നും, പുത്രനിൽനിന്നും പുറപ്പെടുന്നു. പൗരസ്ത്യ ദൈവശാസ്ത്രം അനുസരിച്ച് പരിശുദ്ധാത്മാവ് പിതാവിൽനിന്ന് പുറപ്പെടുകയും പുത്രനിൽനിന്ന് എടുക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ പൗരസ്ത്യസഭകൾ ചൊല്ലുന്നു..... 'പിതാവിൽനിന്ന് പുറപ്പെട്ട്, പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്ന ജീവനുള്ള വിശുദ്ധ റൂഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു').

### iv. ദൈവശാസ്ത്രങ്ങളിൽ വിശുദ്ധ മറിയത്തിനുള്ള സ്ഥാനം

പൗരസ്ത്യ ദൈവശാസ്ത്രങ്ങളിൽ വി. മറിയം, ദൈവമാതാവും രണ്ടാമത്തെ ആകാശവുമാണ്. അവൾ പിതാവായ ദൈവത്തിന്റെ ദൈവത്തിന്റെ പുത്രിയും, പുത്രനാം ദൈവത്തിന്റെ മാതാവും, പരിശുദ്ധ റൂഹായായ ദൈവത്തിന്റെ മണവാട്ടിയുമാണ്. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണം പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ അതിപുരാതനമായ പ്രമേയമാണ്. മനുഷ്യാവതാരം, കന്യാമാതാവ്, ദൈവപുത്രന്റെ മാതൃത്വം എന്നിവയെല്ലാം വിവിധ സുന്നഹദോസ്–വേദശാസ്ത്ര ഡിക്രികളാണ്. എന്നാൽ പാശ്ചാത്യ സഭകളോ, ദൈവശാസ്ത്രങ്ങളോ ഇവയെ കാര്യമായി പരിഗണിക്കുന്നുപോലുമില്ല.

### v. പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ വ്യതിരിക്ത സ്വഭാവം

അഭി. പൗലോസ് മോർ ഗ്രിഗോറിയോസ് തിരുമേനിയുടെ അഭിപ്രായത്തിൽ ദൈവവും മനുഷ്യനും തമ്മിൽ നികത്താനാവാത്ത അകൽച്ചയുണ്ടെന്നും അത് മ്ശിഹായുടെ അവതാരശേഷവും തുടർന്നുപോകുന്നു എന്നുമുള്ള ചിന്താഗതിക്ക് പാശ്ചാത്യ ദൈവശാസ്ത്രത്തിൽ പ്രാബല്യമുണ്ട്. എന്നാൽ പൗരസ്ത്യ ദൈവശാസ്ത്രത്തിൽ ദൈവം മനുഷ്യനായി ജീവിച്ചതുകൊണ്ട് നമുക്ക് ദൈവ–മനുഷ്യനുമായി ഏകത്വത്തിൽ ജീവിക്കുവാൻ കഴിയും എന്ന് ചിന്തിക്കുന്നു. അതായത് ക്രിസ്തുവുമായി ഐക്യം എന്ന് പൗരസത്യ ദൈവശാസ്ത്രം പഠിപ്പിക്കുന്നു. 'അഭിമുഖം' ക്രിസ്തുവുമായി എന്ന് പാശ്ചാത്യ ദൈവശാസ്ത്രം പഠിപ്പിക്കുന്നു. ചില പാശ്ചാത്യ സഭകൾ 'രക്ഷ' എന്ന അനുഭവം വ്യക്തി അധിഷ്ഠിതയിൽ ചുക്കി, സൃഷ്ടി മുഴുവന്റേയും നന്മയെ ഊന്നി പറയുവാൻ പര്യാപ്തമല്ല എന്ന് വാദിക്കുന്നു. എന്നാൽ പൗരസ്ത്യ ഓർത്തഡോക്സ് ദൈവശാസ്ത്രത്തിൽ സഭ മുഴുവനായി പരിശുദ്ധാത്മാവിൽ ക്രിസ്തുവുമായി ഏകീഭവിച്ച് പിതാവാം ദൈവത്തെ ദർശിക്കുന്നു.

### vi. കൂദാശകളുടെ രഹസ്യാത്മകത നിഷേധം

പൗരസ്ത്യ ദൈവശാസ്ത്രവും സഭകളും കൂദാശകൾക്ക് ഉന്നതമായ സ്ഥാനം നൽകുന്നു. എന്തെന്നാൽ കാലദേശ പരിമിതികൾക്കുള്ളിൽ ജീവിക്കുന്ന മനുഷ്യന് പ്രതീകങ്ങളും മാധ്യമങ്ങളും, സങ്കേതങ്ങളും കൂടാതെ ഒന്നും ചെയ്യുവാൻ കഴികയില്ല. അവൻ ജീവിക്കുന്നതും ചിന്തിക്കുന്നതും സംസാരിക്കുന്നതും പല പ്രാപഞ്ചിക സങ്കേതങ്ങളും പ്രപഞ്ചവും ഉപയോഗിച്ചുകൊണ്ടും അവയുടെ ഭാഗമായുമാണ്. ഇങ്ങനെയുള്ള സാഹചര്യത്തിൽ കൂദാശകളിലെ രഹസ്യാത്മകതയെ നിഷേധിക്കുന്ന ഒരു ദൈവശാസ്ത്രത്തെ ഓർത്തഡോക്സ് സഭകൾക്ക് ഉൾകൊള്ളാൻ ബുദ്ധിമുട്ടാണ്.

### vii. നിയമങ്ങളോടുള്ള സമീപനം

പൗരസ്ത്യ ദൈവശാസ്ത്രത്തിൽ നിയമത്തിന്റെ കാർക്കശ്യത്തിന് വലിയ പ്രസക്തിയില്ല. എന്നാൽ പാശ്ചാത്യ ദൈവശാസ്ത്രത്തിൽ ശരിയും നിയമത്തിനും യുക്തിക്കും വിധേയമാണ്. പൗരസ്ത്യരെ സ്വാധീനിച്ചത് ദൈവസന്ദേശവും യഹൂദ കാഴ്ചപ്പാടുമാണ്.

### viii. വി. വേദപുസ്തകത്തോടുള്ള സമീപനം

പാശ്ചാത്യദൈവശാസ്ത്രം വി. വേദപുസ്തകത്തിന് മാത്രം അമിത പ്രാധാന്യം നൽകുമ്പോൾ പൗരസ്ത്യ വേദശാസ്ത്രം വി. വേദപുസ്തകത്തോടൊപ്പം എഴുതപ്പെട്ടതും എഴുതപ്പെടാത്തതുമായ അനേക പാരമ്പര്യ ഘടകങ്ങൾ കൂടി പരിഗണിക്കുന്നു. സഭാ പിതാക്കന്മാർ രൂപപ്പെടുത്തിയ പ്രാർത്ഥനകൾ, ഗ്രന്ഥങ്ങൾ, ആരാധനാക്രമങ്ങൾ, വിശ്വാസപ്രമാണങ്ങൾ, സുന്നഹദോസ് പ്രഖ്യാപനങ്ങൾ, കാലാനുസൃത വേദപുസ്തക വ്യാഖ്യാനങ്ങൾ ഇവയെല്ലാം പൗരസ്ത്യ വേദശാസ്ത്ര ഉറവിടങ്ങളാണ്.

## 7. ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ ഇന്നത്തെ പ്രസക്തി

പൗരസ്ത്യ ഓർത്തഡോക്സ് ദൈവശാസ്ത്രം ഒരു ജീവിതവീക്ഷണവും, ജീവിതശൈലിയും ദൈവത്തോടൊപ്പമുള്ള ജീവിതവുമാണ്. അത് രൂപം കൊണ്ടത് യൂണിവേഴ്സിറ്റികളിലല്ല, 'കപ്പഡോഷ്യൻ' പിതാക്കന്മാർ പോലെയുള്ള അനേകരുടെ സന്യാസഭവനങ്ങളിലാണ്. ഇതിനുമാത്രമെ ഒരു സാധാരണ സഭാ വിശ്വാസിയുടെ കൗദാശിക ജീവിതത്തെയും വിശ്വാസജീവിതത്തെയും വളർത്തുവാനും നിലനിർത്തുവാനും സാധിക്കൂ. സാധാരണ വിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവത്തെപ്പറ്റിയുള്ള ശാസ്ത്രീയ കാഴ്ചപ്പാടേ ബൗദ്ധീകവും യുക്തിപരവുമായ ചിന്തക്കോ വലിയ പ്രസക്തിയില്ല. കൗദാശിക ജീവിതവും ദൈവാരധനയുമാണ് അവന്റെ ധാർമ്മീക ജീവിതത്തിന്റെ പിൻബലം.

## 8. ഓർത്തഡോക്സ് ദൈവശാസ്ത്രത്തിന്റെ സാമൂഹ്യമാനം

പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ സാമൂഹ്യ പ്രതിബദ്ധത അതുല്യമാണ്. ഉദാഹരണമായി വി. കുർബ്ബാനയിൽ ദൈവത്തോട് സംസർഗ്ഗം ചെയ്യുന്നയാൾ കേവലം ഒരു വ്യക്തിയല്ല; ഒരു സമൂഹമാണ് അടുത്തുവരുന്നത്. കുർബ്ബാനയിലൂടെ ദൈവവും സമസ്ത സമൂഹവും പ്രപഞ്ചവും യേശുമ്ശിഹായിൽ ഒന്നായിത്തീരുന്നു. വസ്തുവും പ്രപഞ്ചവും ഈ ഐക്യത്തിൽ ഏർപ്പെടുന്നു. അപ്പവും വിഞ്ഞും പ്രകൃതിയുടെ ഭാഗവും വലിയ ഒരു ജനതയുടെ അദ്ധ്വാനത്തിന്റെ ദലവുമാകയാൽ ആ സമർപ്പണത്തിലൂടെ സകലസൃഷ്ടിയും ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടുന്നു. അതിനാൽ ഏകാന്തവാസിയായ ഒരു സന്യാസിപോലും വി. കുർബ്ബാനയിലൂടെയും അതിന്റെ ദൈവശാസ്ത്രത്തിലൂടെയും ഒരു സാമൂഹ്യ മാനത്തിലേയ്ക്ക് ഉൾചേരുന്നു. അങ്ങനെ എല്ലാ തലത്തിലും പൗരസ്ത്യ ദൈവശാസ്ത്രം രക്ഷയുടെ സാമൂഹ്യമാനത്തിന് പ്രാധാന്യം നൽകുന്നു.

## 9. പൗരസ്ത്യ ദൈവശാസ്ത്രത്തിന്റെ കാലിക ലക്ഷ്യം

ദൈവമഹത്വം ദർശിച്ച് വിശുദ്ധിയിൽ വളർന്ന് ആരാധനയിലും പ്രാർത്ഥനയിലും സൽകർമ്മങ്ങളിലും എല്ലാം ഉറ്റിരുന്ന്, എല്ലാവരെയും അവർ ആഘോഷിക്കുന്ന ദിവ്യരഹസ്യങ്ങളുടെ ഭാഗഭാക്കുകളാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. അങ്ങനെ കൗദാശിക ജീവിതത്തെ അനുദിനജീവിതത്തിൽ അർത്ഥപൂർണ്ണമാക്കണം. ദൈവശാസ്ത്ര മണ്ഡലത്തിൽ സിദ്ധാന്തവും പ്രയോഗവും ഫലപ്രദമായി സംയോജിക്കണം. ഏതുശാസ്ത്രവും വിലയുണ്ടാക്കുന്നത് അതുകൊണ്ട് പ്രയോഗം ഉണ്ടാക്കുമ്പോഴാണ്. അതിനാൽ ദൈവശാസ്ത്രം ഇന്ന് കേവലം താത്വീകമാക്കാതെ ആരാധനയിലും നിത്യജീവിതത്തിലും പ്രായോഗികമാക്കണം.

## 10. ഉപസംഹാരം

### പൗരസ്ത്യ ദൈവശാസ്ത്രം കാലഘട്ടത്തിന്റെ ആവശ്യം

ഒരു വ്യക്തിയുടെ അനുദിന ആരാധനയെയും ധാർമ്മീക ജീവിതത്തെയും തമ്മിൽ ബന്ധപ്പെടുത്തുന്ന ദൈവശാസ്ത്രവിഷ്കാരം സംഭവിച്ചില്ല എങ്കിൽ നമ്മുടെ സഭകൾ വെറും സാമൂഹ്യസംവിധാനവും, സംഘടനയുമായി ചിത്രീകരിക്കപ്പെടും. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എവ്ഗരിയൂസ് പൊന്തിക്കൂസ് എന്ന സന്യാസവര്യൻ പൗരസ്ത്യ ദൈവശാസ്ത്രത്തെപ്പറ്റി എഴുതി 'നീ ഒരു ദൈവശാസ്ത്രജ്ഞനാണ് എങ്കിൽ നീ പ്രാർത്ഥിക്കുന്നവനാണ്. നീ പ്രാർത്ഥിക്കുന്നവനാണ് എങ്കിൽ നീ ഒരു ദൈവശാസ്ത്രജ്ഞനാണ്'. പൗരസ്ത്യ സഭകളുടെ പ്രാർത്ഥനാക്രമവും ദൈവശാസ്ത്ര ചിന്തകളും തമ്മിലുള്ള ഗാഢബന്ധമാണ് നമുക്ക് ഇവിടെ കാണുവാൻ സാധിക്കുന്നത് .

പൗരസ്ത്യ സഭകളുടെ സമ്പത്ത് കുഴിച്ചുമൂടപ്പെടുകയും, ആരാധനാ വൈകാരിക തലത്തിൽ മാത്രമായി പരിമിതപ്പെടാനും നാം അനുവദിച്ചുകൂടാ. കൂദാശകൾ കാഴ്ചയിലൂടെയുള്ള വെറും തൃപ്തിപ്പെടൽ മാത്രമല്ല, വികാരത്തിനും സംതൃപ്തിക്കും അപ്പുറമായ ആത്മീയ തലമാണ് പൗരസ്ത്യ ക്രിസ്തീയതയും, ആരാധനയും. സെദ്റായിൽ നാം കാണുന്നതുപോലെ 'മനുഷ്യാ നിന്നെ ദൈവമാക്കാൻ........'

# മലങ്കരയുടെ യാക്കോബ് ബുർദോനോ വിശ്വാസസംരക്ഷകന്റെ പ്രണാമങ്ങൾ



## മലങ്കരയുടെ യാക്കോബ് ബുർദോനോ : ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ ബാവ

കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ



ആകമാനി സുറിയനി സഭയുടെ പരമാധ്യക്ഷനായ അന്ത്യോഖ്യാ പാത്രിയർക്കീസ് മോറാൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ മലങ്കര സഭയുടെ പ്രാദേശികാദ്ധ്യക്ഷൻ ശ്രേഷ്ഠ തോമസ് പ്രഥമൻ കാതോലിക്കാ ബാവയെ 'മലങ്കരയുടെ യാക്കൂബ് ബുർദോനോ' എന്ന ബഹുമതി നൽകി സമാദരിച്ചിരിക്കുന്നു എന്ന വാർത്ത വായിച്ചപ്പോൾ അത്യധികമായ സന്തോഷം തോന്നിയതോടൊപ്പം ഇതൊരു 'ബഹുമതി' യായല്ല, ഒരു കേവല യാഥാർത്ഥ്യത്തിന്റെ ദൈവിക പ്രചോദനത്താലുള്ള അംഗീകാരമായാണ് തോന്നിയത്.

### ആ വലിയ വ്യക്തിത്വം

ജനകീയനായ ഇടയൻ, ആയിരങ്ങളെ പേരുചൊല്ലി വിളിക്കുന്ന സ്നേഹനിധിയായ പിതാവ്, സഭാ ശുശ്രൂഷയിൽ സഹകരിക്കുന്ന ഏവരെയും ആദരപൂർവ്വം കരുതുന്ന നായകൻ, വ്യക്തിപരമായി ലളിത ജീവിതം കൊണ്ട് മാതൃകയായ മഹാപുരുഷൻ, അതിസമർത്ഥനായ വേദവ്യാഖ്യാതാവ്, അനുതാപ നിർഭരമായി ആരാധന അർപ്പിക്കുന്ന മഹാപുരോഹിതൻ, എളിമയും ആദരവും കൈമുതലായി പ്രവർത്തിക്കുന്ന മഹാ പ്രധാനാചാര്യൻ. അംഗുലീ ചലനത്താൽ ആയിരങ്ങളെ ചൊൽപ്പടിക്ക് നിർത്തുവാൻ കഴിവുള്ള മാസ്മരിക സിദ്ധിയുടെ ഉടമയായ നേതാവ്, എതിരാളികളെ നിഷ്പ്രഭരാക്കുന്ന സിദ്ധികളും ശൈലികളും കൊണ്ട് സഭയെ അത്ഭുതകരമായി നയിക്കുന്ന ദൈവത്തിന്റെ അഭിഷിക്തനും മലങ്കരയിലെ സുറിയാനിസഭയുടെ ആധുനിക യുഗശിൽപി എന്നിങ്ങനെ ഈ മഹാ പ്രധാനാചാര്യന്റെ നായക ശ്രേഷ്ഠതയും നേതൃത്വവൈഭവവും വിവരണാതീതമാണ്. ആ പ്രാഭവ വ്യക്തിത്വത്തെ അനാവരണം ചെയ്യുവാൻ അനേക വാല്യങ്ങൾ അടങ്ങുന്ന ഗ്രന്ഥപരമ്പര ആവശ്യമായിരിക്കുമ്പോഴാണ് ഏതാനും ഖണ്ഡികകളിലൂടെ ആ തേജോ ഗോളത്തെ ഒരു കണ്ണാടിയിലൂടെ കേവല പ്രതിബിംബമായി ഇവിടെ അവതരിപ്പിക്കുന്നത്. ആ മഹാ തേജസിന്റെ ഒന്നുരണ്ട് കിരണങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കട്ടെ.

### മലങ്കര സഭയുടെ അടിസ്ഥാനശിലയും ശിൽപിയും

33 വർഷമായി മലങ്കരസഭയുടെ നേതൃനിരയിൽ വിശ്വാസസംരക്ഷകനായി നിലനിൽക്കുകയും 1995 ലെ സുപ്രിംകോടതി വിധി അനന്തര കാലഘട്ടത്തിൽ സഭാ സംരക്ഷണ രംഗത്ത് ഏകനായക പ്രതിഭയായി സഭയെ നിലനിർത്തുകയും ചെയ്ത ഈ അതുല്യ പ്രതിഭാശാലി പ്രതിസന്ധികളിൽ തളരാത്ത ഉറപ്പേറിയ പാറയും വ്യക്തമായ ദിശാബോധവുമുള്ള വിദഗ്ദനായ ശിൽപിയുമാണ്. സുപ്രിംകോടതിവിധി സഭക്കനുകൂലമാണെന്നും അതനുസരിച്ച് സഭാ ഭരണം നിർവ്വഹിക്കുമ്പോൾ 'സമാധാനം' കൈവരും എന്നും പുസ്തകം എഴുതിയും പ്രഭാഷണങ്ങൾ നടത്തിയും 'വിശ്വാസത്തിന്റെ കാര്യം' പറഞ്ഞുനടന്ന സഭയുടെ 'ഇളയ തലമുറയിലെ' 'വൈജ്ഞാനിക ഭണ്ഡാരങ്ങൾ' എന്ന് സ്വയം മേനി നടിച്ചു നടക്കുകയും ചെയ്തവർ മെത്രാൻ കക്ഷി കാതോലിക്കായെ എല്ലാ അനുരഞ്ജന സാധ്യതകളും നശിപ്പിച്ച് ഏകപക്ഷീയമായി 'മലങ്കര മെത്രാനും' കൂടിയായി അംഗീകരിച്ച് പ്രമാണവും എഴുതികൊടുത്ത് ആത്മവഞ്ചനയും സഭാദ്രോഹവും ചെയ്തവർ സൃഷ്ടിച്ച അങ്കലാപ്പിൽ പകച്ചുനിൽക്കാതെ നിശ്ചയദാർഢ്യത്തോടെ സഭയെ പൈതൃകത്തിൽ പിടിച്ചുനിർത്തിയ ഈ മഹാപ്രധാനാചാര്യൻ സഭാടിത്തറയുടെ ഉറച്ച പാറയും ശിൽപിയുമായ 'മലങ്കരയുടെ യാക്കൂബ് ബുർദോനോ' തന്നെ യാതൊരു സംശയവുമില്ല.

### സഭാപുരോഗതിയുടെ പാതയിലെ നെടുംതൂൺ

മലങ്കര സഭയുടെ ആധുനിക ഘട്ടത്തിന്റെ പുരോഗതി ശൈശവമില്ലാത്ത യൗവനം പോലെ പ്രകടവും പ്രചുരവുമാണ്. സഭയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പുത്തൻകുരിശിലെ സഭാകേന്ദ്രമായ പാത്രിയർക്കാസെന്റർ, വിപുലമായ സഭാനേതൃത്വ ഘടന, രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിലെ ചടുലമായ സഭാ സാന്നിധ്യം, ദേവലോക-മാധ്യമ-സാമ്പത്തിക സിൻഡിക്കേറ്റിന്റെ പ്രചാരണ-സ്വാധീന മേഖലകളെ അതിജീവിച്ച് മലങ്കര സഭയുടെ സ്വാധീനവും വ്യക്തിത്വവും സമൂഹത്തിൽ ഉയർത്തിയ വൈഭവം, സഭയിലെ സംഘടനകളെയും പ്രസിദ്ധീകരണങ്ങളെയും ശക്തമാക്കുവാൻ സ്വീകരിച്ച നടപടികൾ, ആത്മിക വളർച്ചയ്ക്കുവേണ്ടി സഭയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സുവിശേഷീകരണ പ്രവർത്തനങ്ങൾ, സഭയ്ക്കാവശ്യമായ ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണങ്ങൾക്ക് നൽകുന്ന പ്രോത്സാഹനങ്ങൾ എന്നിവയൊക്കെ വിലയിരുത്തിയാൽ കഴിഞ്ഞ പത്ത് വർഷത്തെ സഭയുടെ പുരോഗതി അതിന് മുമ്പുള്ള നൂറു വർഷം കൊണ്ട് നേടിയതിലും ഉപരിയാണെന്ന് ആർക്കും തൽക്ഷണം മനസ്സിലാക്കാം.

### വിശ്വാസസംരക്ഷകന്റെയും മോർ ആദായി സ്റ്റഡി സെന്ററിന്റെയും പ്രണാമങ്ങൾ

അഭിവന്ദ്യനായ ഡോ. ഗീവർഗീസ് മോർ കൂറിലോസ് തിരുമേനിയും ഞാനും ചേർന്ന് വളരെ എളിയ രീതിയിൽ ആരംഭിച്ച മോർ ആദായി സ്റ്റഡി സെന്റർ ഇപ്പോൾ ഇരുപതോളം വിലപ്പെട്ട കൃതികൾ ചുരുങ്ങിയ കാലം കൊണ്ട് പ്രസിദ്ധീകരിച്ചു. ഞങ്ങളുടെ പ്രഥമകൃതിയായ 'സത്യ വിശ്വാസപഠനങ്ങൾ' പ്രസദ്ധീകരിച്ചത് ഞങ്ങൾ ബാവായ്ക്ക് അയച്ചുകൊടുക്കുന്നതിന് മുമ്പു തന്നെ വായിച്ച് പ്രോത്സാഹിപ്പിച്ച് അയച്ചുതന്ന അനുഗ്രഹ കൽപന ഏറ്റം വലിയ സംതൃപ്തി നൽകുന്നതായിരുന്നു. പുതിയ പതിപ്പുകളിൽ അവ ആമുഖമായി ചേർത്തിരിക്കുന്നത് വായനക്കാർ ശ്രദ്ധിക്കുക. ഇത് ഞാൻ ഇവിടെ എഴുതിയത്, സാധാരണഗതിയിൽ തിരുമേനിമാരുടെ ഒരു ആശിർവാദ കൽപനയ്ക്ക് സമീപിച്ചാൽ പലരും വച്ച് താമസിപ്പിക്കുകയും ഒഴിയാബാധ പോലെ പിറകെ നടന്നാൽ മാത്രം എഴുതികിട്ടുകയും ചെയ്യുന്ന അനുഭവങ്ങൾക്ക് വിരുദ്ധമായി ആവശ്യപ്പെടാതെപോലും അനുഗ്രഹവും പ്രോത്സാഹനവും നൽകിയ ഈ സംഭവത്തിൽ ഒരു വലിയ സഭാ സ്നേഹത്തേയും പ്രോത്സാഹനത്തെയുമാണ് ഞാൻ കാണുന്നത്. എന്റെ വിനീതമായ പ്രണാമം. 'വിശ്വാസസംരക്ഷകൻ' ഇന്റർനെറ്റിൽ പ്രസിദ്ധീകരിക്കുവാൻ ബിബി ഏബ്രഹാം കടവുംഭാഗവും ഞാനും കൂടി ആലോചന നടത്തിയപ്പോൾ ഈ വിവരം ആദ്യമായി അറിയിച്ചത് ശ്രേഷ്ഠ ബാവായേയാണ്. പ്രഥമ ശ്രവണത്തിൽ തന്നെ പ്രതികരിച്ച ആ സന്തോഷത്തിന്റെ പൊട്ടിച്ചിരിയും പ്രോത്സാഹനവും ഇന്നും എന്റെ മനസ്സിൽ സജീവമായുണ്ട്. പ്രഥമലക്കം പ്രാർത്ഥിച്ച് സമർപ്പിച്ചത് ശ്രേഷ്ഠ ബാവായാണ്. ആ പ്രാർത്ഥനയും പ്രോത്സാഹനവും ആണ് ഇന്നും ഈ പ്രസ്ഥാനത്തിന്റെ അനുഗ്രഹവും അടിത്തറയും. ഈ രണ്ട് പ്രസ്ഥാനങ്ങളുടെയും പേരിൽ ആദരവും കടപ്പാടും രേഖപ്പെടുത്തുന്നു. മലങ്കരയുടെ യാക്കൂബ് ബുർദോനോ 'സഭയുടെ ഭിത്തിയെ ബലവത്താക്കുന്ന' ശിൽപിയും കപ്പിത്താനുമായി ആയുരാരോഗ്യത്തോടെ നയിക്കുവാൻ ദൈവം അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുന്നു.

# കാലം ചെയ്താൽ പിന്നെ നമുക്ക് സ്വന്തം: എം.ഒ.ജോണച്ചന്റെ പുതിയ ഗവേഷണ പ്രബന്ധം

**തങ്കച്ചൻ ആലുവ**

കടവിൽ പൗലോസ് മോർ അത്താനാസ്യോസ് ഒന്നാമൻ, വയലിപ്പറമ്പിൽ മോർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാർ മെത്രാൻകക്ഷിക്കാരായിരുന്നു എന്ന് ഫാ. എം.ഒ. ജോൺ തന്റെ സ്വന്തം പത്രത്തിലടിച്ചുവിട്ടത്, മെത്രാൻപക്ഷത്തെ ആളുകൾ ആഹ്ലാദത്തോടെ വായിച്ചു. പരി. പരുമല തിരുമേനിയെ കോട്ടയം കാതോലിക്കേറ്റിന്റെ കാവൽഭടനായി ആണ് ഇപ്പോൾ മെത്രാൻപക്ഷം അവതരിപ്പിക്കുന്നത്. പരി. അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ പരി. പാത്രിയർക്കീസ് ബാവായുടെ കൽപനക്കൾക്കനുസരണമായി നിരണം ഭദ്രാസന ഭരണം നിർവ്വഹിച്ച പുണ്യപിതാവായിരുന്നല്ലോ പരി. പരുമല തിരുമേനി. ആ പരിശുദ്ധന്റെ ചരമശതാബ്ദി പാത്രിയർക്കീസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ വിപുലമായി നടത്തിയപ്പോൾ അഴിഞ്ഞുവീണത് മെത്രാൻപക്ഷത്തിന്റെ മുഖംമൂടിയാണ്. പരി. പരുമല തിരുമേനിയെ മാനത്തുനിന്ന് പൊട്ടിവീണ ഒരു പരിശുദ്ധനായി ആണ് മെത്രാൻപക്ഷ ചരിത്രകാരൻമാർ വിശേഷിപ്പിക്കുന്നത്. പരി. പരുമല തിരുമേനിയുടെ ജീവചരിത്രത്തിൽ, ആ പിതാവിന് പൗരോഹിത്യസ്ഥാനം നൽകിയ യൂയാക്കിം മോർ കൂറിലോസ് ബാവ, മേൽപ്പട്ട സ്ഥാനം നൽകിയ പരി. പത്രോസ് പാത്രിയർക്കീസ് ബാവ തുടങ്ങിയവരെ മനപൂർവ്വം ഒഴിവാക്കി, പരി. അന്ത്യോഖ്യാ സിംഹാസന പേരിലുള്ള പരുമല സെമിനാരിയും പള്ളിയും കൈവശം വച്ചുകൊണ്ടിരിക്കുന്ന കോട്ടയം സഭാ നേതൃത്വം 'ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുന്ന' രീതിയിലാണ് പലപ്പോഴും ചരിത്ര (?) രചനകൾ നടത്തുന്നത്. പരി. പരുമല തിരുമേനിയെ മെത്രാൻ കക്ഷിയാക്കിയതുപോലെ കടവിൽ-വയലിപ്പറമ്പിൽ പിതാക്കന്മാരെ സ്വന്ത കക്ഷിക്കാരാക്കാനുള്ള ഒരു പരിശ്രമമാണ് ജോണച്ചൻ നടത്തിയിരിക്കുന്നത്. മാത്യൂസ് രണ്ടാമൻ ബാവയുടെ കാലത്ത് ആലുവായിലെ വലിയ തിരുമേനിയെ മെത്രാൻപക്ഷക്കാരുടെ ഒരു വിശുദ്ധനാക്കാൻ ശ്രമം നടത്തിയിരുന്നു. ആലുവ സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന ഈ മൂന്ന് പിതാക്കന്മാരെയും തങ്ങളുടേതാക്കിയാൽ പിന്നെ 'മനസാക്ഷിക്കുത്ത്' ഇല്ലാതെ കബറിങ്കലെ പണം വിഴുങ്ങാമല്ലോ.

ജോണച്ചൻ തന്റെ പ്രബന്ധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ ഈ പിതാക്കന്മാർ ജീവിച്ചിരുന്ന ചരിത്രപശ്ചാത്തലത്തിൽ നിന്ന് തന്നെ പുണ്യസ്മരണമാർഹരായ കടവിൽ-വയലിപറമ്പിൽ പിതാക്കന്മാരെക്കുറിച്ച് വിശകലനം നടത്താം.

## കടവിൽ പൗലോസ് മോർ അത്തനാസ്യോസ് ഒന്നാമൻ

വടക്കൻപറവൂർ സെന്റ് തോമസ് പള്ളി ഇടവകയിൽ കടവിൽ (കൂരൻ) അവിരായുടെയും അന്നയുടെയും പുത്രനായി 1833 ഡിസംബർ 7ന് ജനിച്ച പൗലോസിന് 1846 ൽ ചേപ്പാട് മോർ ദിവന്നാസ്യോസ് കോറൂയോ പട്ടം നൽകി. 1854 ൽ യുയാക്കിം മോർ കൂറിലോസ് ബാവ കശീശ്ശാ സ്ഥാനം നൽകിയതുകൂടാതെ സുറിയാനിയിൽ പാണ്ഡിത്യം നേടുവാനും സഹായിച്ചു. 1870 ൽ പാലക്കുന്നത്ത് മോർ അത്തനാസ്യോസ് കോട്ടയം പഴയ സെമിനാരിയിൽ മൽപ്പാനായി നിയമിച്ചു. നവീകരണ ആശയക്കാരുടെ അധീനതയിൽ നിന്ന് മലങ്കരയിലെ വിശ്വാസികളെ രക്ഷിക്കാൻ 1875 ൽ എത്തിയ പരി. പത്രോസ് മൂന്നാമൻ ബാവ മുളന്തുരുത്തിൽ വച്ച് സുന്നഹദോസ് വിളിച്ചുകൂട്ടി പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്നാസ്യോസിനെ മലങ്കര മെത്രാനായി നിയമിച്ചു. മലങ്കരയിലെ പ്രശ്നങ്ങൾക്ക് പ്രധാനകാരണം ഒരു മെത്രാപ്പോലീത്ത മാത്രമുള്ള അവസ്ഥയാണെന്ന് മനസ്സിലാക്കിയ പാത്രിയർക്കീസ് ബാവ മലങ്കരയിൽ ഏഴ് ഭദ്രാസനങ്ങൾ രൂപികരിച്ച് 6 മെത്രാപ്പോലീത്തിന്മാരെ വാഴിച്ചു. സുറിയാനി മൽപ്പാനായ കടവിൽ പൗലേസ് കശീശ്സായുടെ സുറിയാനി പാണ്ഡിത്യത്തിലും, കഴിവിലും സന്തോഷവാനായ പാത്രിയർക്കീസ് ബാവ 1876 ൽ ജൂലൈ മാസത്തിൽ റമ്പാൻ സ്ഥാനവും, നവംബറിൽ മെത്രാപ്പോലീത്ത സ്ഥാനവും നൽകി. ഇപ്രകാരം പാത്രോസ് പാത്രിയർക്കീസ് ബാവയാൽ മെത്രാപ്പോലീത്ത സ്ഥാനവും കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത സ്ഥാനവും നേടിയ പിതാവാണ് കടവിൽ പൗലോസ് മോർ അത്തനാസ്യോസ്. അമ്പാട്ട് മോർ കൂറിലോസ് തിരുമേനിയുടെ കാലശേഷം അങ്കമാലി ഭദ്രാസന ഭരണവും കടവിൽ തിരുമേനിയിൽ നിക്ഷിപ്തമായി. തിരുമേനിയുടെ ശ്രമഫലമായി ആലുവ തൃക്കുന്നത്ത് സെമിനാരിയുടെ പണികൾ പൂർത്തിയാക്കി 1907 നവംബർ 2 ന് കാലം ചെയ്ത് ആലുവ സെന്റ് മേരീസ് പള്ളിയിൽ കബറടങ്ങി.

കടവിൽ തിരുമേനിയുടെ ജീവിതകാലത്താണ് നവീകരണക്കാരുമായുള്ള കേസ്സുകൾ നടന്നിരുന്നത്. പരി. പാത്രിയർക്കീസ് ബാവയിൽ നിന്ന് മെത്രാൻ സ്ഥാനം ഏറ്റ പാലക്കുന്നത്ത് മാത്യൂസ് മോർ അത്തനാസ്യോസ് മലങ്കരയിൽ എത്തി മലങ്കര മെത്രാൻ സ്ഥാനം നേടിയെടുത്തു. തിരുമേനി നവീകരണ ആശയക്കാരോട് അനുഭാവം പുലർത്തിയിരുന്നതിനാൽ ഭൂരിപക്ഷം വരുന്ന വിശ്വാസിസമൂഹം അദ്ദേഹത്തിന് എതിരായി. പുലിക്കോട്ടിൽ ജോസഫ് കശീശ്ശയെ പാത്രിയർക്കാ സന്നിധിയിലയച്ച് മെത്രാനാക്കുക എന്നതായിരുന്നു സഭാ നേതൃത്വം കണ്ട പ്രതിവിധി. പുലിക്കോട്ടിൽ ജോസഫ് മോർ ദിവന്നാസ്യോസ് തിരുമേനി മലങ്കരയിലെത്തിയെങ്കിലും പ്രശ്നങ്ങൾക്ക് പരിഹാരമായില്ല. മലങ്കരയിലേയ്ക്ക് പരി. പത്രോസ് പാത്രിയർക്കീസ് ബാവ എഴുന്നള്ളിയാണ് സഭാപ്രശ്നങ്ങൾക്ക് പരിഹരമുണ്ടാക്കിയത്. ഇന്നത്തെ പാത്രിയർക്കീസ്, കാതോലിക്ക കക്ഷിക്കാരെല്ലാം അന്ന് പാത്രിയർക്കീസ് ബാവയെ തലവനായി സ്വീകരിച്ച ഒരു സഭയുടെ ഭാഗം മാത്രമായിരുന്നു. പാത്രിയർക്കീസ് ബാവയിൽനിന്ന് മെത്രാപ്പോലീത്ത സ്ഥാനവും മലങ്കര മെത്രാപ്പോലീത്ത പദവിയും സ്വീകരിച്ച പുലിക്കോട്ടിൽ തിരുമേനിയായിരുന്നു മലങ്കര യാക്കോബായ കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. പുലിക്കോട്ടിൽ തിരുമേനിക്ക് തന്നിൽ നിക്ഷിപ്തമായ ഭദ്രാസനത്തിന്റെയും മലങ്കരയിലെ പൊതു സ്വത്തുക്കളുടെ ഭരണവും മാത്രമായിരുന്നു ഉണ്ടായത്. റോയൽ കോടി വിധിപ്രകാരം പരി.അന്ത്യോഖ്യാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസ് ബാവയാലോ അദ്ദേഹത്തിന്റെ പ്രതിനിധിയാലോ ഉള്ള മെത്രാൻ വാഴ്ചയും ജനങ്ങളുടെ അംഗീകാരവും ഉണ്ടെങ്കിലെ നിയമാനുസൃത മലങ്കര മെത്രാനാകൂ. പാത്രിയർക്കീസ് ബാവയെ അംഗീകരിക്കാത്തവർ മലങ്കര മെത്രാൻ എന്ന പദവിക്ക് അർഹനല്ല എന്ന റോയൽ കോടതി വിധി മലങ്കരയിലെ ബാവ മെത്രാൻ പക്ഷക്കാർ ഒരുപോലെ സ്വീകരിച്ചിരുന്നതാണ്. പുലിക്കോട്ടിൽ തിരുമേനിയുടെ കാലം വരെ എല്ലാവരും പരി. അന്ത്യോഖ്യാ സിംഹാസനത്തിലെ ചൊല്ലുവിളിക്ക് കീഴ്പെട്ട് ഏകയോഗക്ഷേമമായി ആണ് നടന്നുവന്നത്. പരി. പാത്രിയർക്കീസ് ബാവാമാരുടെ കൽപനകൾക്ക് വിധേയപ്പെട്ട മലങ്കര മെത്രാപ്പോലീത്തയെ കടവിൽ തിരുമേനി അംഗീകരിച്ചിരുന്നത് തെറ്റാണന്നോ ഇതുമൂലം തിരുമേനി മെത്രാൻപക്ഷക്കാരനാണെന്നോ പറയുവാൻ ആർക്ക് സാധിക്കും? കത്തോലിക്ക സഭയിൽ നിന്ന് വന്ന ഫാ. അൽവാറീസിനെ കോട്ടയത്തുവച്ചും, ഫാ. റെനിവിലാത്തിയെ കൊളച്ചിൽ വച്ചും, പാത്രിയർക്കീസ് ബാവയുടെ കൽപന പ്രകാരം വാഴിച്ചതിൽ സഹകാർമ്മികത്വം വഹിച്ചത് കടവിൽ തിരുമേനിയാണ്.

കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി ദീർഘകാലം ഭരണം നടത്തിയിരുന്നതിനാൽ കോട്ടയത്ത് തിരുമേനിയുടെ ശിഷ്യന്മാർ കൂടുതൽ ഉണ്ടാവുക സ്വഭാവികം മാത്രമാണ്. ആ ശിഷ്യന്മാരിൽ ചിലർ അധികാരഭ്രമത്താലോ മേൽപട്ടസ്ഥാനം ലഭ്യമാകുവാനോ മെത്രാൻപക്ഷത്ത് ആയതിന് കടവിൽ തിരുമേനി കുറ്റക്കാരനല്ല. ശിഷ്യർക്ക് വഴി തെറ്റിയതിനാൽ ഗുരു മെത്രാൻ പക്ഷക്കാരനാവുകയില്ല. കാരണം തിരുമേനി സ്വപ്നത്തിൽപോലും വിചാരിക്കാത്ത സംഭവ വികാസങ്ങൾ ആണല്ലോ 1912 ൽ നടന്നത്. 1909 ൽ കാലം ചെയ്ത പുലിക്കോട്ടിൽ തിരുമേനി വരെയുള്ള പൂർവ്വിക മേൽപട്ടക്കാരാരും ഇന്നത്തെ കക്ഷി വഴക്കുകളുടെ വക്താക്കളല്ല. വട്ടശേരിൽ തിരുമേനി മാത്രമാണ് ഇന്നത്തെ വഴക്കുകൾക്ക് ഉത്തരവാദി.

ചുരുക്കത്തിൽ കടവിൽ തിരുമേനിപരി. അന്ത്യോഖ്യാ പാത്രിയർക്കീസന്മാരെ അനുസരിച്ച് നടന്ന മലങ്കര മെത്രാപ്പോലീത്തായുടെ കൂടെനിന്ന് ഭദ്രാസനഭരണം നടത്തിയ അവിഭക്ത മലങ്കര സഭാ ബിഷപ്പായിരുന്നു. കടവിൽ തിരുമേനിയുടെ പിൻഗാമിത്വം ഇന്നത്തെ കോട്ടയം, അങ്കമാലി ഭദ്രാസനങ്ങളിലെ ഇരുപക്ഷവും അവകാശപ്പെടുന്നു. പാത്രിയർക്കീസ് ബാവയെ തലവനായി അംഗീകരിച്ചിരുന്ന കടവിൽ തിരുമേനിയുടെ യഥാർത്ഥ പിൻഗാമിത്വം അദ്ദേഹത്തിന്റെ വിശ്വാസം അഭംഗുരം തുടരുന്ന ഇപ്പോഴത്തെ പാത്രിയർക്കീസ് വിഭാഗത്തിനാണോ അതോ പാത്രിയർക്കീസ് ബാവയെ തള്ളിപ്പറഞ്ഞ് സ്വതന്ത്ര സഭയുണ്ടാക്കിയ മെത്രാൻപക്ഷത്തിനാണോ എന്ന് വായനക്കാർ ചിന്തിക്കുക.

## വയലിപ്പറമ്പിൽ ഗീവറുഗീസ് മോർ ഗ്രീഗോറിയോസ്

അകപ്പറമ്പ് പള്ളി ഇടവകയിൽ വയലിപ്പറമ്പിൽ കുര്യൻ തോമാ-ശോശാമ്മ ദമ്പതികളുടെ പുത്രനായി 1899 ജൂലൈ 17 ന് തോമസ് വറുഗീസ് ജനിച്ചു. വിദ്യാഭ്യാസനന്തരം അധ്യാപകനായി ജോലി നോക്കി. 1937 ൽ ശെമ്മാശ് പട്ടവും 1939 ൽ കശീശ്ശ പട്ടവും ആലുവായിലെ വലിയ തിരുമേനിയിൽനിന്ന് സ്വീകരിച്ചു. 1946ൽ പരി. അപ്രേം പ്രഥമൻ ബാവ അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലീത്ത ആയി വാഴിച്ചു. ഗീവറുഗീസ് മേർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമത്തിൽ വാഴിക്കപ്പെട്ട തിരുമേനി 1953 ൽ ആലുവായിലെ വലിയ തിരുമേനി കാലം ചെയ്യുന്നതുവരെ സഹായ മെത്രാനായും തുടർന്ന് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയായും ഭരണം നടത്തി. 1966 നവംബർ 6 ന് കാലം ചെയ്ത് അലുവ സെന്റ് മേരീസ് പള്ളിയിൽ കബറടങ്ങി.

കടവിൽ തിരുമേനിയുടെയും പുലിക്കോട്ടിൽ തിരുമേനിയുടെയും കാലത്തിന് ശേഷം വട്ടശേരിൽ തിരുമേനിയെ മലങ്കര മെത്രാൻ സ്ഥാനത്തയ്ക്ക് തെരഞ്ഞെടുത്തു. തിരുമേനി വൈദീക-അൽമായ ട്രസ്റ്റികളെ അവഗണിച്ച് നടത്തിയ സഭാ ഭരണം മൂലം മറ്റൊരു ഭിന്നതയ്ക്ക് കൂടി മലങ്കര സാക്ഷ്യം വഹിക്കേണ്ടി വന്നു. വട്ടശേരിൽ തിരുമേനിയെ പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവ മുടക്കി. തുടർന്ന് ദീർഘകാലം സഭാംഗങ്ങൾ ബാവ-മെത്രാൻ കക്ഷികളായി പിരിഞ്ഞ് കേസുകൾ നടത്തി. 1958 ൽ മലങ്കരയിലെ ഇരുപക്ഷവും യോജിച്ച് പ്രവർത്തിക്കുവാൻ തുടങ്ങി. എന്നാൽ പാത്രിയർക്കീസ് പക്ഷക്കാരെ 'ഒതുക്കാൻ' മെത്രാൻകക്ഷിക്കാർ പല വിദ്യകളും പ്രവർത്തിച്ചിരുന്നു. പരി. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന യാക്കോബ് മൂന്നാമൻ ബാവയെ അംഗീകരിക്കുന്നു എന്നുപറയുകയും സഭാ സമാധാനത്തിന് തുരംഗം വയ്ക്കുന്ന നടപടികൾ എടുക്കുകയുമാണ് കാതോലിക്കാ ബാവയും മറ്റും നടത്തിയത്. ഇക്കാലഘട്ടത്തിൽ നടന്ന ഒരു സുന്നഹദോസ് മീറ്റിംഗിൽ വച്ച് മുൻ പാത്രിയർക്കീസ് വിഭാഗക്കാരെ ആക്ഷേപിക്കാൻ കാതോലിക്ക ബാവ നടത്തിയ ഒരു പരാമർശം വയലിപറമ്പിൽ തിരുമേനിയെ ക്ഷുഭിതനാക്കി. "ഒരുതരം ചന്ത സംസാര ഭാഷ, ബാവ സുന്നഹദോസ് മീറ്റിംഗിൽ എടുക്കരുത്" എന്ന് വയലിപ്പറമ്പിൽ തിരുമേനി പറഞ്ഞതായി കേട്ടിട്ടുണ്ട്. ഇതുപോലെ അഭിപ്രായങ്ങൾ വെട്ടിത്തുറന്ന് പറയുന്ന സ്വഭാവം തിരുമേനിക്കുണ്ടായിരുന്നു. പരി. പാത്രിയർക്കീസ് ബാവയാൽ സ്വീകരിക്കപ്പെട്ട കാതോലിക്ക ബാവയാണ് 1958-64 കാലത്ത് സഭ ഭരിച്ചത്. 1964 പാത്രിയർക്കീസ് ബാവ വാഴിച്ച കാതോലിക്കയാണ് ഔഗേൻ ബാവ. ഇവരുടെ കൂടെ തിരുമേനി നിന്നു എന്നതിൽ ആശ്ചര്യപ്പെടാനില്ല. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയാൽ സ്വീകരിക്കപ്പെട്ട, പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയെ അംഗീകരിക്കുന്ന സഭാ ഘടനയിലെ ഒരു കണ്ണിയായിരുന്നു വയലിപ്പറമ്പിൽ തിരുമേനി. യോജിച്ച സഭയിലും വയലിപ്പറമ്പിൽ തിരുമേനിയുടെ പാത്രിയർക്കാ ഭക്തി വെളിവാക്കാൻ ഫിലക്സിനോസ് തിരുമേനി (പിന്നീട് ശ്രേഷ്ഠ ബാവ) ക്കെതിരെ നടപടി അരുത് എന്ന മോർ ഗ്രിഗോറിയോസ്-മോർ ക്ലിമീസ് തിരുമേനിമാരുടെ റിപ്പോർട്ട് മാത്രം മതി (പെരുമ്പള്ളി തിരുമേനി മലങ്കരയുടെ കാൽ നൂറ്റാണ് പേജ് 160). പാത്രിയർക്കീസ് ബാവയെ അംഗീകരിക്കാത്ത മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിലിരിക്കുന്ന സ്വതന്ത്ര സഭാ തലവനായി ചമയുന്ന കാതോലിക്ക ബാവയുടെ നേതൃത്വത്തിലുള്ള സഭയാണോ വയലിപ്പറമ്പിൽ തിരുമേനിയുടെ കാലത്തും 1970 വരെയും ഉണ്ടായിരുന്നത്? 1966 ലെ മെത്രാൻ വാഴ്ച കോലഞ്ചേരിൽ വച്ച് യോജിച്ച സഭയിലെ ഔഗേൻ ബാവ നടത്തിയപ്പോൾ പരി.യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ അയച്ച അംഗീകരണ കൽപനയിൽ ശ്ലൈഹീക വാഴ്വുകളും അനുഗ്രഹങ്ങളും നൽകുകയും ചെയ്യുന്ന യോജിച്ച സഭയല്ലേ വയലിപ്പറമ്പിൽ തിരുമേനി വിഭാവനം ചെയ്ത മലങ്കര സഭ? ഇപ്രാകരമുള്ള മലങ്കരസഭ ഇന്നുണ്ടോ? പാത്രിയർകകീസ് ബാവയാൽ വാഴിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്തയുടെ ആസ്ഥാനമായ ആലുവ സെമിനാരിയിൽ അവകാശം ഉറപ്പിക്കാനുള്ള ഗൂഢ തന്ത്രത്തിന്റെ ഭാഗമല്ലേ ജോണച്ചൻ വയലിപ്പറമ്പിൽ തിരുമേനിയെ മെത്രാൻകക്ഷിക്കാരനാക്കിയത്. തിരുമേനി ജീവിച്ചിരുന്നുവെങ്കിൽ കാതോലിക്കയേ മറ്റാരെങ്കിലുമോ മാർത്തോമാ സിംഹാസന-സ്വതന്ത്രസഭാ വാദങ്ങൾ നടത്താൻ ധൈര്യപ്പെടില്ലായിരുന്നു. കാരണം മലങ്കരയുടെ 'ഉരുക്കുമനഷ്യനായിരുന്നു' വയലിപ്പറമ്പിൽ തിരുമേനി.

ചരിത്ര വസ്തുതകൾ വളച്ചൊടിക്കുന്നത് 'കാതോലിക്കാ കക്ഷി' എന്ന സഭയുടെ സ്ഥിരം സ്വഭാവമാണെങ്കിലും ജോണച്ചനെപ്പോലെ പാണ്ഡിത്യമുള്ളവർക്ക് യോജിച്ചതാണോ? ആലുവാ സെമിനായിലുള്ള ഉടമസ്ഥത ഉറപ്പിക്കാൻ ഇനി വലിയ തിരുമേനിയെക്കൂടെ മാത്രമെ മെത്രാൻ കക്ഷിക്കാരനാക്കാൻ ബാക്കിയുള്ളൂ. അമ്പാട്ടെ തിരുമേനി മെത്രാൻകക്ഷിക്കാരനായിരുന്നു എന്ന് അങ്ങയുടെ മുൻഗാമി പറഞ്ഞിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ മാനേജർസ്ഥാനം തെറിച്ചു. വയലിപ്പറമ്പിൽ തിരുമേനി മെത്രാൻകക്ഷിക്കാരനാണെന്ന് പറഞ്ഞ് പത്രസമ്മേളനം നടത്തിയ അങ്കമാലി സഹായമെത്രാൻ മണ്ണൂത്തി മോർ മിലിത്തിയോസും പുറത്തായി. അച്ചൻ എന്തായാലും ഒരു പിടികൂടി കടന്ന് കടവിൽ തിരുമേനിയേയും മെത്രാൻകക്ഷിക്കാരനാക്കാൻ ശ്രമിക്കുന്നു. കാലം ചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ പെരുമ്പള്ളി തിരുമേനി, കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനി എന്നീ പിതാക്കന്മാരേയും അധികം വൈകാതെ എ.ഒ. ജോണച്ചനും കൂട്ടരും മെത്രാൻകക്ഷിയാക്കിയേക്കും. അതിനാൽ യാക്കോബായ സഭയേ 'ജാഗ്രതൈ!'.

**Editorial Board**

Very. Rev. Kuriakose Corepiscopa Moolayil (Chairman)
Rev. Fr. Kuriakose T. Abraham
Thomas Daniel (Reji), Cheppaud
Chev. K.O. Mathew, Konkara
Dr. Thomas Joseph
Prof. A.P. Eltho, Appackal
Prof. T.C. Thomas Thandasseril
Nibu M. John Chennithala
John Philip Kottapparampil
Biju Kurian Mathew
Manoj Mathew, Aryadanpakkal
C.K. Joy

Aju Mathew Mundackal (Circulation)

Chev.P.V. John, Punnamattom (Manager)

Bibby Abraham Kadavumbhagom (Chief Editor)

Internet Edition Owned and supported by http://www. moradaistudycentre.cjb.net Cheeranchira, Changanacherry 686106 India

**Advisory Board**

Chairman: Thampu George Thukalan (Sabha Secretary)
Cammander George Mathew Thekkethalackal (Sabha Trusty)
Prof. Chev. M.A. Paulose
Chev. K.V. Paulose
Dr.K.C. Rajan
Chev. P.K. Paulose Kooran
Ommachen Venkadathu
Chev. Moncy Vavachen
Rev.Dn. Dr. Paul Samuel
Dr. Sinu P. John
Baby Gleeson Zacharia
Chev. Thomas Abraham
Babu Maracheril
Babu Jacob Nadayil

# നമുക്കുവേണ്ടി രക്തസാക്ഷിയായ അഹത്തുള്ളാ ബാവ

(ഷെവ. കെ.ഒ. മാത്യു, ക്യാപ്റ്റൻ അന്ത്യോഖ്യാ വിശ്വാസസംരക്ഷണസമിതി)



## പാത്രിയർക്കീസിന്റെ തിരോധാനവും കൂനൻ കുരിശു സത്യവും

മൈലാപ്പൂരുനിന്നും ഗോവയിലെ ദണ്ഡനസ്ഥലത്തേയ്ക്ക് പാത്രിയർക്കീസിനെ കൊണ്ടുപോകുന്ന കപ്പൽ കൊച്ചിയിലെത്തി. അദ്ദേഹത്തിന്റെ വരവിന് കാത്തിരുന്ന സുറിയാനിക്കാർ വിവരമറിഞ്ഞത് അർക്കദിയാക്കോനെ അറിയിച്ചു. അർക്കദിയാക്കോനും ജനങ്ങളും പട്ടക്കാരും കൂടെ ഏകദേശം 25000 പേർ തങ്ങളുടെ പരി. പിതാവിനെ രക്ഷിച്ചെടുപ്പാൻ കൊച്ചിക്കോട്ടയിലെത്തി. അപ്പോൾ അവിടെ 300 ഓളം പറങ്കി പടയാളികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. ഇത്രവളരെ ജനങ്ങലെ കണ്ടാറെ അവർ ഭയപ്പെട്ട് കോട്ടവാതിലുകൾക്കുള്ള പാലം മടക്കി എടുത്ത് ബീരങ്കികളും കയറ്റി. അതിനാൽ കൊച്ചിരാജാവ് അവർകളെ ചെന്നുകണ്ട് സങ്കടം അറിയിച്ചാറെ കോട്ടയിലെ അധികാരിയെ വരുത്തി മലയാളത്തെ സുറിയാനിക്കാരായ ക്രിസ്ത്യാനികളുടെ യജമാനനായി നിങ്ങൾ തടഞ്ഞു പാർപ്പിച്ചിട്ടുള്ള ആ മഹർഷിയെ അവർക്ക് വിട്ടുകൊടുത്തെ മതിയാവൂ എന്നു കൽപിച്ചു. പിന്നെ പറങ്കികൾ എങ്ങനെയോ രാജാവിനെ സ്വാധീനപ്പെടുത്തിയും കൊണ്ട് ആ രാത്രിയിൽ തന്നെ ഈ ശുദ്ധമാകപ്പെട്ട പാത്രിയർക്കീസിന്റെ ഒരു വലിയ കല്ലുകെട്ടി താഴ്ത്തികൊന്നു എന്ന് സുറിയാനി പുരാണങ്ങളിലും മറ്റു ചില ചരിത്രങ്ങളിൽ പാത്രിയർക്കീസിനെ പറങ്കികൾ ഗോവായ്ക്കയച്ച് ദണ്ഡനസ്ഥലത്ത് കുറെനാൾ അപായം വരുത്തി എന്ന പ്രകാരമത്രെ സുറിയാനിക്കാരുടെ ഇടയിൽ ഇന്നുവരെ വിശ്വസിച്ചിരിക്കുന്നത് (ഇട്ടൂപ്പ് 115). ജാറി, പയോളി മുതലായവർ പറയുന്നത് ഗോവയിൽവച്ച് ദഹിപ്പിച്ചുവെന്നത്രെ.

ഇത്തരുണത്തിൽ കൊച്ചിയിൽ കൂടിയ ഇരുപത്തയ്യായിരത്തിന്റെ മനസ്ഥിതി ഏകദേശം നമുക്കൂഹിക്കാം. 1599 വരെയുള്ള സ്ഥിതിയിൽ നിന്നും ഭയം മൂലം വ്യത്യാസപ്പെട്ട് റോമ്മാസഭയിലായി. അന്നുമുതൽ പറങ്കികൾ തങ്ങളെ അടിമകളാക്കി വിചാരിച്ചു തുടങ്ങി. അർക്കദിയാക്കോൻ പോലും പീഡിതനായി. അവർ സുറിയാനി പിതാക്കന്മാർക്കായി എഴുത്തുകൽ അയച്ചു. പാത്രിയർക്കീസും വന്നു. അവരുടെ മുമ്പിൽ വച്ചുതന്നെ പാത്രിയർക്കീസിനെ കഥാവശേഷനാക്കി. ഇത് ചെയ്തവരുമായുള്ള സർവ്വ ബന്ധവും എന്നേയ്ക്കുമായി വിഛേദിക്കാൻ അവർ തീരുമാനിച്ചു. സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സ്വരുമിച്ചുകൂടി ശുദ്ധ പാത്രിയർക്കീസിനെ ഒട്ടും സംശയവും ദൈവഭയവും കൂടാതെ അറുകൊല ചെയ്തുവെന്ന ഈ പറങ്കികളോട് ഇനി നാം ചേരരുതെന്നും നമ്മുടെ അനന്തരവ കാലത്തും ഇവരുമായി ഇനിയും ഉപവിയും വേണ്ടാ എന്നും, അപ്പോൾ റോമ്മാ വഴക്കം ഫ്രാൻസീസു മെത്രാനെ ഒരുനാളും യജമാനൻ എന്ന് വിചാരിക്കുന്നതല്ലെന്നും മേലിൽ ഇവരുടെ മേൽപട്ടക്കാരെ ആരെയും അനുസരിക്കുന്നതല്ലെന്നും മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവായുടെ സ്താത്തിക്കോൻ പ്രകാരം തോമ്മാ അർക്കദിയാക്കോനെ എപ്പിസ്കോപ്പായായി വാഴിച്ച് നടക്കണമെന്നും നിശ്ചയിച്ച് ആ വിവരത്തിന് ഒരു പടിയോലയും എഴുതി, എല്ലാവരും കൂടെ ഏകമനസ്സോടും ദൈവത്തിൽ ശരണപ്പെട്ടുകൊണ്ട് മേലെഴുതിയ ആണ്ട് (1653) മകരമാസം മൂന്നാം തീയതി വെള്ളിയാഴ്ച നാൾ മട്ടാഞ്ചേരിയിൽ കൂനൻ കുരിശിങ്കൽ വല്യതിൽ ഒരാലത്തുകെട്ടി കമ്പോളത്തിൽ ഇരുപുറത്തോട്ടും നീട്ടി കൂടപ്പെട്ട ജനങ്ങൾ അത്രപേരും ഈ കയറ്റം മേൽ പിടിച്ചുകൊണ്ട് ഒന്നായിട്ടും ഏകസ്വരത്തിലും മേൽപ്രകാരം വാചകം പറഞ്ഞ് സത്യം ചെയ്ത് പിരിഞ്ഞു. (ഇട്ടൂപ്പ് 116) ഇതാണ് 'കൂനൻ' കുരിശുസത്യം.

## കേരളത്തിലെ ക്രൈസ്തവസഭയെ ലത്തീൻസഭയാക്കാനുള്ള ശ്രമം

കേരളത്തിലെ ക്രൈസ്തവ സഭയോടും അതിന്റെ അനുയായികളോടും ഉദാരമായ ഒരു സഹിഷ്ണതാനയമാണ് പോർട്ടുഗീസുകാർക്കുണ്ടായതെന്ന് ധരിക്കരുത്. നേരെ മറിച്ച് കേരളത്തിലെ ക്രിസ്ത്യാനികളോടുള്ള പെരുമാറ്റത്തിൽപോലും അവർ കൈകൊണ്ടത് മതാന്ധ്യത്തിന്റെ സങ്കുചിത മനോഭാവമായിരുന്നു. കേരളത്തിലെ സെന്റ് തോമസ് ക്രിസ്ത്യാനികൾ സുറിയാനിഭാഷയിലെ പ്രാർത്ഥനാക്രമമാണ് സ്വീകരിച്ചിരുന്നത്. സുറിയാനിഭാഷ ഏതാണ്ടൊരഭിശാപം പോലെയായിരുന്നു പോർട്ടുഗീസുകാർക്ക്. കേരള ക്രൈസ്തവ സഭയിൽ ബാബിലോണിലെ പാത്രിയർക്കീസിനുണ്ടായിരുന്ന അധികാരത്തിനുപകരം റോമിലെ പോപ്പിന്റെ ആധിപത്യം സ്ഥാപിക്കുകയും സുറിയാനിപ്രാർത്ഥനയുടെ സ്ഥാനത്ത് റോമൻ കത്തോലിക്കാ മതത്തിന്റെ ലത്തീൻപ്രാർത്ഥന ഏർപ്പെടുത്തുകയും ചെയ്യുക തങ്ങലുടെ കർത്തവ്യമാണെന്ന് അവർ വിശ്വസിച്ചു. ലത്തീൻ പ്രാർത്ഥനാക്രമം പ്രചരിപ്പിക്കാനുള്ള സജീവപ്രവർത്തനത്തിൽ അവർ മുഴുകി. അവർ ലത്തീൻ പൂജാവിധിയനുസരിച്ചാണ് ദൗത്യം പ്രചരിപ്പിച്ചതും ജ്ഞാനസ്നാനാദി വിശുദ്ധകർമ്മങ്ങൾ അനുഷ്ടിച്ചതും. പള്ളികളും സന്ന്യാസാശ്രമങ്ങളും സെമിനാരികളും സ്ഥാപിക്കുപ്പെട്ടു. 1541 ൽ കെടുങ്ങല്ലൂർ സ്ഥാപിച്ച സെമിനാരിയിൽ സുറിയാനി യുവാക്കന്മാർക്ക് ലത്തീൻ പൗരോഹിത്യത്തിൽ പരിശീലനം നൽകി. കൊച്ചിയിൽ സ്ഥാപിതമായ ജസ്യൂട്ട് കലാശാല ഏറെ നാളുകൾ കഴിയുന്നതിന് മുമ്പ് പ്രസിദ്ധമായ ഒരു ലത്തീൻ കേന്ദ്രമായി വികസിച്ചു. ക്രിസ്ത്യൻ യുവാക്കന്മാർക്ക് സുറിയാനിഭാഷയിൽ അഭ്യസനം നൽകാൻ ചേന്നമംഗലത്തിനടുത്ത് വൈപ്പിൻ കോട്ടയിൽ പ്രസിദ്ധമായ ഒരു സെമിനാരി നിർമ്മിക്കപ്പെട്ടു. പ്രാദേശിക ക്രൈസ്തവ സമൂദായത്തിന്റെ മതവികാരങ്ങലോട് കാട്ടിയ ഒരു സൗജന്യബുദ്ധിയായിരുന്നു ഇതി. നേരത്തെ സുറിയാനിസഭയിലായിരുന്ന ലത്തീൻ ക്രിസ്ത്യാനികൾക്കും, ഹിന്ദുക്കളിൽ നിന്നും മതംമാറി വന്നവർക്കുംവേണ്ടി 1557 ൽ കൊച്ചി രൂപത സ്ഥാപിക്കപ്പെട്ടു. ഇക്കാലത്ത് കീർത്തിപ്പെട്ട ജസ്യൂട്ട് പുരോഹിതനായ സെന്റ് ഫ്രാൻസീസ് സേവ്യർ തെക്കൻതിരുവിതാംകൂറിൽ ക്രിസ്തുവിന്റെ സന്ദേശം പ്രചരിപ്പിക്കുമ്മുണ്ടായിരുന്നു. ചേർത്തല പോലുള്ള കേരളത്തിന്റെ തീരദേശങ്ങളിൽ മറ്റ ജസ്യൂട്ട് പുരോഹിതന്മാരും ഇതേ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഈ പുരോഹിതന്മാരുടെ പരിശ്രമത്തിന്റെ ഫലമായി പുതുതായി ലത്തീൻ സഭയിലേയ്ക്ക് വന്നവരും കൊച്ചിരൂപതയുടെ ഭരണത്തിൻ കീഴിലായിരുന്നു.

## ഉദയംപേരൂർ സുന്നഹദോസ് (1599)

പോർട്ടുഗീസ് കാലത്ത് കേരള ക്രൈസ്തവസഭയുടെ ചരിത്രത്തിലുണ്ടായിരുന്ന ഏറ്റവും പ്രധാനപ്പെട്ട സംഭവമാണ് 1599 ജൂൺ മാസത്തിൽ സമ്മേളിച്ച ഉദയംപേരൂർ സുന്നഹദോസ്. 'നെസ്തോറിയൻമിഥ്യാവാദ'ത്തെ ഉന്മൂലനം ചെയ്യുകയും കേരളത്തിലെ ക്രൈസ്തവ സമുദായത്തെ റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരികയായിരുന്നു സുന്നഹദോസിന്റെ ലക്ഷ്യങ്ങൾ. ഗോവയിലെ ആർച്ചുബിഷപ്പായ അലെക്സിസ് ഡി മെനസെസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സുന്നഹദോസിൽ 813 പ്രതിനിധികൾ പങ്കെടുത്തു. അവരിൽ 133 പേർ കത്തനാർമാരും 20 പേർ ഡീക്കന്മാരും 660 പേർ ഓരോ ഇടവകയേയും പ്രതിനിധീകരിച്ചു വന്ന സാധാരണക്കാരും ആയിരുന്നു. സുന്നഹദോസ് സുറിയാനിഗ്രന്ഥങ്ങൾ പരിശോദിച്ച് അനാശാസ്യമായ ഭാഗങ്ങൾ എടുത്തുമാറ്റി. ദൈവവിരുദ്ധഗ്രന്ഥങ്ങൾ കത്തിച്ചുകളഞ്ഞു. സുറിയാനിഗ്രന്ഥങ്ങൾ പരിശോദിച്ച് അനാശാസ്യമായ ഭാഗങ്ങൾ എടുത്തുമാറ്റി. ദൈവവിരുദ്ധഗ്രന്ഥങ്ങൾ കത്തിച്ചുകളഞ്ഞു. സുറിയാനികുർബ്ബാന ലത്തീൻകുർബ്ബാനയ്ക്കനുസൃതമായി ഭേദപ്പെടുത്തപ്പെട്ടു. സുന്നഹദോസ് കേരള ക്രൈസ്തവസഭയ്ക്ക് ബാബിലോണിലെ പാത്രിയാർക്കുമായയുണ്ടായിരുന്ന സുദീർഘമായ ബന്ധം വിച്ഛേദിച്ച് പകരം റോം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന പോപ്പിന്റെ ആധിപത്യം സ്ഥാപിച്ചു. ലത്തീൻമാർഗ്ഗം സ്വീകരിച്ചവർ കൊച്ചിരൂപതയിലും സുറിയാനിമാർഗ്ഗത്തിൽത്തന്നെ ഉറച്ചുനിന്നവർ അങ്കമാലിയിലെ പഴയ സുറിയാനി രൂപതയിലും ഉൾപ്പെട്ടു. സുന്നഹദോസിന് ശേഷം ആർച്ച് ബിഷപ്പ് മെനെസെസ്സ് അഞ്ച് ജസ്യൂട്ട് പുരോഹിതന്മാരോടുകൂടി കൊല്ലം വരെയുള്ള പ്രധാനപ്പെട്ട പള്ളികൾ സന്ദർശിച്ചശേഷം 1599 നവംബറിൽ ഗോവയിലേയ്ക്ക് തിരിച്ചുപോയി.

## കൂനൻകുരിശുകലാപം (1653)

ഉദയംപേരൂർ സുന്നഹദോസിന്റെ വിജയം നീണ്ടുനിന്നില്ല. ഏറെനാൾ കഴിയും മുമ്പ് സുറിയാനി ക്രിസ്ത്യനികളും പോർട്ടുഗീസ് അധികൃതരും തമ്മിൽ രൂക്ഷമായ ഒരു വഴക്കാരംഭിച്ചു. പോപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പോർട്ടുഗീസ് രാജാവ് അങ്കമാലി രൂപതയിലേയ്ക്ക് യൂറോപ്യന്മാരായ ലത്തീൻബിഷപ്പുമാരെ നിയമിക്കുന്നതിൽ സുറിയാനി ക്രിസ്ത്യാനികൾക്ക് എതിർപ്പുണ്ടായി. ഉദയംപേരൂർ സുന്നഹദോസിന്റെ സമ്മർദ്ദത്താൽ അവർ പോപ്പിന്റെ ആധിപത്യം അംഗീകരിക്കാൻ നേരത്തെ നിർബ്ബന്ധിതരാവുകയുണ്ടായെങ്കിലും ഈ എതിർപ്പിന്റെ ശക്തി കുറഞ്ഞില്ല. അവർക്ക് സ്വന്തം മാർഗ്ഗത്തിലുള്ള ഒറു ബിഷപ്പുണ്ടായിരിക്കണമെന്ന് നിർബന്ധമായി. കേരളത്തിലെ സുറിയാനിക്രിസ്ത്യാനികളുടെ അഭ്യർത്ഥനയനുസരിച്ച് ബാബിലോണിലെ യാക്കോബായ പാത്രിയാർക്ക് കേരളത്തിലേയ്ക്ക് അഹറ്റല്ല എന്ന ഒരു സുറിയാനി ബിഷപ്പിനെ അയച്ചുകൊടുത്തു. അദ്ദേഹത്തെ പോർട്ടുഗീസുകാർ മൈലാപ്പൂരിൽ തടഞ്ഞുവച്ചു. ഈ വാർത്ത സുറിയാനികേന്ദ്രങ്ങളെ ക്ഷുബ്ദരാക്കി. സുറിയാനി ക്രിസ്ത്യാനികൾ സംഘം ചേർന്ന് പോർട്ടുഗീസ് അധികൃതർ അഹറ്റല്ലയെ മുക്കികൊല്ലുകയുണ്ടായെന്ന് ഒരു ശ്രുതിയും പരന്നു.

പ്രക്ഷുബ്ധരായ സുറിയാനിക്രിസ്ത്യാനികൾ ആയിരക്കണക്കിന് മട്ടഞ്ചേരിയിലെ പഴയ കുരിശിന്റെ മുമ്പിൽ തടിച്ചുകൂടി. അവർ ആ കുരിശിൽ ഒരു നീണ്ട വടം കെട്ടി അതിൽ പിടിച്ചുകൊണ്ട് ലത്തീൻ അർച്ച് ബിഷപ്പുമാരെയും ജസ്യൂട്ട് പുരോഹിതന്മാരേയും ഒരിക്കലും അനുസരിക്കുകയില്ലെന്ന് ശപഥം ചെയ്തു. ഈ സംഭവം കൂനൻകുരിശിലെ പ്രതിജ്ഞ എന്ന പേരിലാണ് ചരിത്രത്തിൽ അറിയപ്പെട്ടിരുന്നത്. സുറിയാനിക്രിസ്ത്യാനികൾ അവിടെനിന്ന് അലങ്ങാട്ടേക്ക് പോയി.

ആവരുടെ ആർച്ച് ഡീക്കനായ തോമസിനെ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്തു. ഈ സംഭവം കേരള ക്രൈസ്തവ സഭയുടെ ചരിത്രത്തിലെ ഒരു പരിവർത്തനബിന്ദുവാണ്. ഇതിന്റെ ഫലമായി റോമാ സുറിയാനികളെന്നും യാക്കോബായ സുറിയാനികളെന്നും വ്യക്തമായ രണ്ടുവിഭാഗങ്ങൾ ക്രിസ്ത്യാനികൾക്കിടയിലുണ്ടായി. ആദ്യത്തെ വിഭാഗം റോമാസഭയെ ആദരിക്കുന്നവരും രണ്ടാമത്തേത് പോപ്പിന്റെ അധികാരത്തെ പരിത്യജിക്കുന്നവരുമാണ്. ഇവർ യഥാക്രമം പഴയകൂറ്റുകാരെന്നും പുത്തൻകൂറ്റുകാരെന്നും അറിയപ്പെടുന്നു. കേരളത്തിലെങ്ങുമുള്ള സുറിയാനിക്രിസ്ത്യാനികളുടെ സഭാഘടനയെ സംബന്ധിച്ചിടത്തോളം കൂനൻ കുരിശുകലാപത്തിനു വമ്പിച്ച പ്രത്യാഘാതമുണ്ടാക്കാൻ കഴിഞ്ഞു. രണ്ടു ലക്ഷത്തോളം വളരുന്ന സുറിയാനി ക്രിസ്ത്യാനികളിൽ 400 പേർ മാത്രമെ ലത്തീൻ ആർച്ച് ബിഷപ്പിന്റെ വൈദീകാധിപത്യം അംഗീകരിക്കുന്നവരായുള്ളൂ. സുറിയാനികൾ ആർച്ച് ഡീക്കനെ തങ്ങളുടെ ഒരേയൊരു ആർച്ച് ബിഷപ്പായി പരിഗണിക്കുകയും അദ്ദേഹത്തിന്റെ കീഴിൽ സുറിയാനിമാർഗ്ഗത്തിലുള്ള ആരാധനകളിൽ ഏർപ്പെടുകയും ചെയ്തു. ഇങ്ങനെ കേരളത്തിലെ ക്രൈസ്തവസഭയെ ലത്തീൻസഭയാക്കാനുള്ള പോർട്ടുഗീസുകാരുടെ ശ്രമം ഭാഗീകമായി മാത്രമെ വിജയിച്ചിട്ടുള്ളൂ.



പരിശുദ്ധ വലിയ തിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

ചീഫ് എഡിറ്റർ: ബിബി എബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി.ഒ.,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com